# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്)
SUCI [C]
സംസ്ഥാന കമ്മിറ്റി മുഖപത്രം

2019 മാർച്ച് | വാല്യം 45 ലക്കം 11 | ചീഫ് എഡിറ്റർ : വി.വേണുഗോപാൽ | പേജ് 16 വില 10.00 രൂപ



### എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പൊളിറ്റ് ബ്യൂറോ മെമ്പർ

# സഖാവ് സി.കെ.ലൂക്കോസിന് ലാൽസലാം


പേജ് 3 ബിജെപി സർക്കാരിന്റെ ഇടക്കാല ബജറ്റ്

പേജ് 7 തിരുവനന്തപുരത്ത് സി.കെ.ലൂക്കോസ് അനുസ്മരണയോഗം

പേജ് 9 കേന്ദ്ര കമ്മിറ്റിയുടെ അനുസ്മരണയോഗം കൽക്കത്തയിൽ

പേജ് 10 സഖാവ് സി.കെ.ലൂക്കോസ്: സ്വാംശീകരിക്കേണ്ട ഒരു വിപ്ലവ പാഠം

പേജ് 13 ഇന്നത്തെ ചൈന: സാമ്രാജ്യത്വ മേധാവിത്വത്തിന്റെ ലക്ഷണമൊത്ത ഉദാഹരണം

പേജ് 14 സമരസന്ദേശവുമായി ജില്ലാ കേന്ദ്രങ്ങളിൽ പ്രതിഷേധ മാർച്ച്

# സഖാവ് സി.കെ. ലൂക്കോസിന് വിപ്ലവപ്രണാമം



പാർട്ടി പൊളിറ്റ് ബ്യൂറോ അംഗങ്ങളായ സഖാക്കൾ സൗമൻ ബസു, കെ.രാധാകൃഷ്ണ, സംസ്ഥാന സെക്രട്ടറി സഖാവ് വി.വേണുഗോപാൽ, തമിഴ്നാട് സംസ്ഥാന സംഘാടക കമ്മിറ്റി സെക്രട്ടറി സഖാവ് എ.രംഗസ്വാമി, സംസ്ഥാന കമ്മിറ്റി അംഗങ്ങൾ എന്നിവർ സഖാവ് സി.കെ.ലൂക്കോസിന് അന്തിമാഭിവാദ്യം അർപ്പിക്കുന്നു

**എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പൊളിറ്റ് ബ്യൂറോ മെമ്പറും മുൻ കേരള സംസ്ഥാന സെക്രട്ടറിയുമായ സഖാവ് സി.കെ.ലൂക്കോസ്(71) 2019 ഫെബ്രുവരി 13ന് രാവിലെ 6.30ന് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ അന്തരിച്ചു. ദീർഘകാലമായി പാർക്കിൻസൺസ് രോഗം ബാധിച്ച് ചികിത്സയിലായിരുന്നു. 14ന് രാവിലെ 10 മണി മുതൽ 2 മണി വരെ പാർട്ടി സംസ്ഥാന കമ്മിറ്റി ഓഫീസിൽ ഭൗതിക ശരീരം പൊതുദർശനത്തിനുവച്ചു. 2 മണിക്ക് കേന്ദ്ര-സംസ്ഥാന നേതാക്കളുടെയും അനേകം പ്രവർത്തകരുടെയും അനുഭാവികളുടെയും സുഹൃത്തുക്കളുടെയും ബന്ധുക്കളുടെയും അകമ്പടിയോടെ ഭൗതിക ശരീരം തൈക്കാട് ശാന്തികവാടത്തിലെത്തിച്ച് സംസ്കരിച്ചു.**

പ്രിയ നേതാവിന് അവസാനമായി പ്രണാമങ്ങളർപ്പിക്കാനും അന്ത്യയാത്രയിൽ പങ്കുകൊള്ളാനുമായി, മങ്ങാത്ത ഓർമ്മകളും വിങ്ങുന്ന ഹൃദയവുമായി വിദൂര ജില്ലകളിൽനിന്നും സമീപ സംസ്ഥാനങ്ങളിൽനിന്നും സഖാക്കൾ ഫെബ്രുവരി 14ന് അതിരാവിലെ മുതൽതന്നെ എത്തിക്കൊണ്ടിരുന്നു. 71 വർഷത്തെ സാർത്ഥകമായ ജീവിതത്തോടൊപ്പം, അതിലെ അര നൂറ്റാണ്ട് കാലത്തെ ഇരവുപകലില്ലാത്ത വിപ്ലവ ജീവിതത്തോടൊപ്പം സഞ്ചരിച്ച സഖാക്കളും സഹപ്രവർത്തകരും സഹപാഠികളും ബന്ധുജനങ്ങളും അവരിലുണ്ട്. സംസ്ഥാന സെക്രട്ടറിയെന്ന നിലയിൽ മൂന്ന് പതിറ്റാണ്ട് തന്റെ പ്രവർത്തന കേന്ദ്രമായിരുന്ന സംസ്ഥാന കമ്മിറ്റി ഓഫീസും പരിസരവും ദുഃഖസാന്ദ്രവും വിപ്ലവദാർഢ്യവുമാർന്ന അന്തരീക്ഷം കൈക്കൊണ്ടു.

ഇടറിയ ഒരായിരം കണ്ഠങ്ങളിൽനിന്ന് 'സഖാവ് സി.കെ.ലൂക്കോസിന് ലാൽസലാം' മുഴങ്ങവെ രാവിലെ 10.30ന് സഖാവിന്റെ ഭൗതികശരീരം എത്തിക്കപ്പെട്ടു. അതുവരെ അമർത്തിയ തേങ്ങലുകൾ അണപൊട്ടി. ഓഫീസ് അങ്കണത്തിൽ ഒരുക്കിയ പീഠത്തിൻമേൽ ഭൗതിക ശരീരമടങ്ങിയ പേടകംവച്ചു. അപ്പോഴേക്കും പാർട്ടി ഓഫീസും പരിസരവും ജനസാന്ദ്രമായിക്കഴിഞ്ഞിരുന്നു. അവസാന ശ്വാസംവരെ ചെങ്കൊടി മഹത്വത്തോടെ ഉയർത്തിപ്പിടിച്ച സഖാവ്തന്നെ, നേതൃത്വംനൽകി വാർത്തെടുത്ത, യുവകമ്മ്യൂണിസ്റ്റുകാരായ കോംസമോൾ ദളത്തിലെ യൂണിഫോമണിഞ്ഞ വോളന്റിയർമാർ ചടങ്ങുകൾ ചിട്ടയോടെയും ഗാംഭീര്യത്തോടെയും നിയന്ത്രിച്ചു.

പാർട്ടി ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷിനെയും പൊളിറ്റ്ബ്യൂറോയെയും കേന്ദ്രക്കമ്മിറ്റിയെയും പ്രതിനിധീകരിച്ച് പൊളിറ്റ്ബ്യൂറോ അംഗങ്ങളായ സഖാക്കൾ കെ.രാധാകൃഷ്ണയും സൗമൻ ബസുവും പുഷ്പചക്രം സമർപ്പിച്ചു. തമിഴ്നാട് സംസ്ഥാന കമ്മിറ്റിയെ പ്രതിനിധീകരിച്ച് സെക്രട്ടറി സഖാവ് രംഗസ്വാമിയും കർണാടക, ആന്ധ്ര, തെലുങ്കാന, പോണ്ടിച്ചേരി എന്നീ സംസ്ഥാനങ്ങളിലെ നേതാക്കളും പുഷ്പചക്രങ്ങൾ സമർപ്പിച്ചു. തുടർന്ന് അവസാനമായി ഒരുനോക്ക് കാണാനും ആദരാഞ്ജലികൾ അർപ്പിക്കാനുമായി നൂറുകണക്കിന് പാർട്ടിപ്രവർത്തകരും സുഹൃത്തുക്കളും ബന്ധുക്കളും അണമുറിയാതെ സഖാവിനെ വലംവച്ച് കടന്നുപോയി. സിപിഐ(എം) സംസ്ഥാന സെക്രട്ടേറിയറ്റ് അംഗവും സിഐടിയു സംസ്ഥാന പ്രസിഡന്റുമായ സഖാവ് ആനത്തലവട്ടം ആനന്ദൻ, മുഖ്യമന്ത്രിയുടെ പൊളിറ്റിക്കൽ സെക്രട്ടറിയായ സഖാവ് എം.വി.ജയരാജൻ, റവന്യൂ വകുപ്പ് മന്ത്രി സഖാവ് ഇ.ചന്ദ്രശേഖരൻ, എഐടിയുസി സംസ്ഥാന പ്രസിഡന്റ് സഖാവ് ജെ.ഉദയഭാനു, എംഎൽഎമാരായ സഖാവ് സി.ദിവാകരൻ, കെ.മുരളീധരൻ, സഖാവ് ഐ.ബി.സതീഷ്, ഡെപ്യൂട്ടി സ്പീക്കർ സഖാവ് വി.ശശി തുടങ്ങിയവർ ആദരാഞ്ജലികൾ അർപ്പിക്കാനെത്തി.

വളരെ ഉയർന്ന പ്രത്യയശാസ്ത്ര ധാരണകളും സംഘടനാ ബോധവും നൽകി ദൃഢതയാർന്ന ഒരു പാർട്ടി സംഘടനയും അതിനെ നയിക്കാൻ കരുത്താർജ്ജിച്ച ഒരു സംസ്ഥാന കമ്മിറ്റിയും വളർത്തിയെടുത്തതിന് ശേഷമാണ് സഖാവ് സി.കെ.ലൂക്കോസ് നമ്മെ വിട്ടു പിരിയുന്നത്. സഖാവിന്റെ അഭാവത്തിലും ആ ഉജ്ജ്വലമായ മാർഗ്ഗദർശനങ്ങൾ മുറുകെപ്പിടിച്ചുകൊണ്ട് മുന്നോട്ടുപോകുമെന്ന പ്രതിജ്ഞയോടെ സംസ്ഥാന സെക്രട്ടറി സഖാവ് വി.വേണുഗോപാലും സംസ്ഥാന സെക്രട്ടേറിയറ്റ് അംഗങ്ങളായ സഖാക്കൾ ജയ്സൺ ജോസഫ്, ടി.കെ.സുധീർകുമാർ, ആർ.കുമാർ, കൂടാതെ ഇതര സംസ്ഥാന കമ്മിറ്റി അംഗങ്ങളും റെഡ് സല്യൂട്ട് നൽകിക്കൊണ്ട് പുഷ്പചക്രങ്ങൾ അർപ്പിച്ചു. എഐയുടിയുസി, എഐഡിവൈഒ, എഐഡിഎസ്ഒ, എഐഎംഎസ്എസ്, മെഡിക്കൽ സർവ്വീസ് സെന്റർ, പാർട്ടി നേതൃത്വം നൽകുന്ന വിവിധ ജനകീയ സംഘടനകൾ, വിളപ്പിൽശാല ജനകീയ സമിതി എന്നിവയ്ക്കുവേണ്ടിയും പുഷ്പചക്രങ്ങൾ സമർപ്പിക്കപ്പെട്ടു. ഉച്ചയ്ക്ക് ഒരു മണിയോടെ കോംസമോൾ വോളന്റിയർമാർ ആ മഹത്വമാർന്ന വിപ്ലവകാരിക്ക് നൽകിയ സമുചിതമായ ഗാർഡ് ഓഫ് ഓണറോടെ സഖാവ് സി.കെ.ലൂക്കോസിന്റെ അന്ത്യയാത്രയ്ക്കുള്ള ഒരുക്കങ്ങൾ തുടങ്ങി. മുന്നിലായി കോംസമോൾ വോളന്റിയർമാർ അണിനിരന്നു. തുടർന്ന് സഖാവിന്റെ ഭൗതികശരീരം വഹിച്ചുകൊണ്ടുള്ള വാഹനവും പിന്നാലെ കേന്ദ്ര-സംസ്ഥാന നേതാക്കളും തുടർന്ന് നൂറുകണക്കിന് സഖാക്കളും ജനങ്ങളും അനുഗമിച്ചു.

തൈക്കാട് ശാന്തികവാടത്തിൽ അത്യന്തം വികാരതീവ്രമായ അന്തരീക്ഷത്തിലാണ് ശവസംസ്ക്കാരചടങ്ങുകൾ നടന്നത്. സംസ്ഥാന സെക്രട്ടറി സഖാവ് വി.വേണുഗോപാൽ തന്റെ ചെറുതെങ്കിലും വികാരനിർഭരമായ പ്രസംഗത്തിൽ സഖാവ് സി.കെ.ലൂക്കോസ് തന്റെ മഹത്തായ ജീവിതംകൊണ്ട് കെട്ടിപ്പടുത്ത ഈ പ്രസ്ഥാനത്തെ അദ്ദേഹത്തിന്റെ അഭിലാഷങ്ങൾക്കൊത്ത വണ്ണം വിട്ടുവീഴ്ചയില്ലാതെ മുന്നോട്ടു നയിക്കാനായി പ്രവർത്തിക്കുമെന്ന് ഓരോ സഖാവിന്റെയും ദൃഢനിശ്ചയം പ്രഖ്യാപിച്ചു.

'മൂലധനത്തിൻ കോട്ടകളൊന്നായി തകരും പുതിയൊരു യുഗം വരും, ആ യുഗദർശനമേകിയ സഖാവ് ശിബ്ദാസ്ഘോഷിന് ലാൽസലാം, നമ്മുടെ ചെങ്കൊടി ഉയരട്ടെ, നമ്മുടെ പടയണി ഇളകട്ടെ, നമ്മളൊത്ത് വിളിക്കട്ടെ, ഈങ്ക്വിലാബ് സിന്ദാബാദ്, സഖാവ് സി.കെ.ലൂക്കോസിന് ലാൽസലാം എന്ന് സഖാവ് വി.വേണുഗോപാൽ വിളിച്ച മുദ്രാവാക്യങ്ങൾ നൂറുനൂറുപേർ നിരുദ്ധ കണ്ഠങ്ങളോടെ ഏറ്റുവിളിക്കവേ സഖാവ് സി.കെ.ലൂക്കോസ് എന്ന മഹത്തായ ജീവിതം ഉജ്ജ്വലമായ ഓർമ്മയായി മാറി. ■




കോംസമോൾ വോളന്റിയർമാരുടെ അകമ്പടിയോടെ അന്ത്യയാത്ര

## ബിജെപി സർക്കാരിന്റെ ഇടക്കാല ബജറ്റ്

# വാഗ്ദാനപ്പെരുമഴയാൽ സാമ്പത്തിക അതിക്രമങ്ങൾ മൂടിവെയ്ക്കുന്നു

**ഒരു ബജറ്റിന് അടിക്കുറിപ്പുണ്ടാകണം എന്നാണെങ്കിൽ, ബിജെപി സർക്കാരിനു വേണ്ടി താത്കാലിക ധനകാര്യമന്ത്രി പാർലമെന്റിൽ അവതരിപ്പിച്ച, 2019-ലെ ഇടക്കാല കേന്ദ്രബജറ്റിന് യോജിക്കുന്ന ഒരു മുദ്രാവാക്യം ഇങ്ങനെയായിരിക്കും - ദയവായി ബിജെപിക്കു വോട്ടു ചെയ്യൂ, ദയവായി! താത്ക്കാലികമായി ധനകാര്യവകുപ്പുമന്ത്രിയുടെ ചുമതല വഹിച്ചുകൊണ്ട് ബജറ്റ് അവതരിപ്പിച്ച പീയൂഷ് ഗോയൽ പറഞ്ഞത്, തന്റെ സർക്കാർ വീണ്ടും ശരിയായ പാതയിലെത്തിച്ച രാജ്യം പുരോഗതിയിലേക്കും വളർച്ചയിലേക്കും കുതിക്കുകയാണെന്നാണ്. എന്നാൽ വസ്തുനിഷ്ഠയാഥാർത്ഥ്യം പരിശോധിക്കുന്ന ഏതൊരാൾക്കും, ഈ അവകാശവാദം വ്യാജമാണെന്നു മാത്രമല്ല, അധ്വാനിക്കുന്ന ജനലക്ഷങ്ങളുടെ കഷ്ടപ്പാടിനും ദുരിതത്തിനും നേരേ പരിഹാസം ഉതിർക്കുന്നതുമാണെന്ന് കാണാൻ കഴിയും.**

**മു**ൻകാലങ്ങളിലെ പോലെ തന്നെ, ജനജീവിതം താറുമാറാക്കുന്ന നീറുന്ന പ്രശ്നങ്ങളിലൊന്നിനും പരിഹാരമില്ല. പകരം ജനത്തിന്റെ കണ്ണിൽ പൊടിയിടാനായി കള്ളത്തരവും കൃത്രിമത്വവും വാരിനിറച്ചിരിക്കുന്നു. പക്ഷേ താത്കാലിക ധനകാര്യമന്ത്രി സർ, പൊള്ളയായ വാക്കുകളും പുകഴ്ത്തലുകളും നിഷ്ഫലങ്ങളാണ്. എല്ലാം അലങ്കരിച്ചു പ്രദർശിപ്പിക്കാനുള്ള താങ്കളുടെ പ്രയത്നം കൊണ്ടു വലിയ പ്രയോജനമുണ്ടാകുമെന്നു തോന്നുന്നില്ല. കുറച്ചെങ്കിലും സൂക്ഷ്മബുദ്ധിയും സാമാന്യമായ അറിവും ഉള്ള ഏതൊരാൾക്കും വളരെ എളുപ്പത്തിൽ ഇതിന്റെ പൊള്ളത്തരം തുറന്നു കാട്ടാവുന്നതേയുള്ളൂ. അപ്പോൾ കൃത്യമായ രീതിയിൽ, അധികം പണ്ഡിതചർച്ചകളോ വിപുലമായി കണക്കു കൊണ്ടുള്ള കളികളോ കൂടാതെ, തീവ്രയാഥാർത്ഥ്യങ്ങളെ തുറന്നു കാട്ടിക്കൊണ്ട്, ശരിയായ വീക്ഷണത്തിൽ ഈ ബജറ്റിനെ നമുക്കൊന്നും പരിശോധിക്കാം.

### തൊഴിലില്ലായ്മയുടേയും തൊഴിൽനഷ്ടത്തിന്റെയും വേദനാകരമായ ചിത്രം

തൊഴിലുകളുടെ ഞെട്ടിക്കുന്ന ദൗർലഭ്യത്തെ കുറിച്ച് ഇന്ന് രാജ്യത്തിനു മൊത്തം അറിയാവുന്നതാണ്. പൊതുമേഖലയിലോ സ്വകാര്യമേഖലയിലോ ഉള്ള വ്യവസായങ്ങളിൽ പുതിയ തൊഴിലവസരങ്ങൾ ഉണ്ടാകുന്നില്ലെന്നുമാത്രമല്ല നിലവിലുള്ള തൊഴിലുകളും വൻതോതിൽ നഷ്ടമാകുന്നു. ആരെങ്കിലും വിരമിക്കുമ്പോൾ ഉണ്ടാകുന്ന ഒഴിവ് ഇല്ലാതാക്കപ്പെടുന്നു. കേന്ദ്രസർക്കാർ ഓഫീസുകളിലെ നാലു ലക്ഷത്തിലധികം ഒഴിവുകൾ നികത്താൻ ബിജെപി സർക്കാർ ശ്രമിച്ചില്ല എന്നാണ് റിപ്പോർട്ടുകൾ. ഉത്തർപ്രദേശിൽ പ്യൂൺ തസ്തികയിലെ 368 ഒഴിവുകളിലേക്ക്, ഡോക്ടറേറ്റും ബിരുദാനന്തര ബിരുദവും ഉള്ളവരടക്കം, 23 ലക്ഷം പേരുടെ അപേക്ഷകളാണ് ലഭിച്ചത്. പശ്ചിമബംഗാളിലും, 5000 ഗ്രൂപ്പ്-ഡി തസ്തികകളിലേക്ക് ലഭിച്ച 18 ലക്ഷം അപേക്ഷകളിലും നല്ലൊരു സംഖ്യ, ഡോക്ടറേറ്റും ബിരുദാനന്തര ബിരുദവുമൊക്കെ ഉള്ളവരുടേയും എഞ്ചിനീയർമാരുടേതുമായിരുന്നു. റെയിൽവേയിലെ 90,000 - ഓളം തൊഴിലവസരങ്ങളിലേക്ക്, 2.8 കോടി ആളുകളാണ് അപേക്ഷിച്ചത്. തമിഴ്നാട് നിയമസഭയിലെ 14 തൂപ്പുകാരുടെ ഒഴിവുകളിലേക്ക്, റാങ്ക് ജേതാക്കളായ എഞ്ചിനീയർമാരും എംബിഎക്കാരുമടക്കം 4600 പേരായിരുന്നു അപേക്ഷകർ. ഇതെല്ലാം എന്താണ് കാണിക്കുന്നത്? ഉന്നതമായ യോഗ്യതയുള്ളവരെപോലും ക്ലാസ് 4 ജോലികൾക്ക് അപേക്ഷിക്കാൻ നിർബ്ബന്ധിതമാക്കുന്നത്, തൊഴിലവസരങ്ങളുടെ സമൃദ്ധിയാണോ അതോ ഭീകരമായ ദൗർലഭ്യമാണോ? അഖിലേന്ത്യാതലത്തിലുള്ള അഞ്ചാം തൊഴിൽ-തൊഴിലില്ലായ്മാ വാർഷിക സർവേ പ്രകാരം, രാജ്യത്തെ 77% (അതായത് നാലിൽ മൂന്നും) കുടുംബങ്ങളിലും, ശമ്പളമായോ കൃത്യമായ കൂലിയായോ സ്ഥിരവരുമാനം ഉറപ്പുള്ള ഒരംഗം പോലുമില്ല. എന്നാൽ സർക്കാരിനു യാതൊരു കുലുക്കവുമില്ല. തൊഴിൽ സാഹചര്യം ഭയാനകമായതു മൂലം, 2015 മുതൽ തൊഴിൽ സ്ഥിതിവിവരക്കണക്കുകൾ പ്രസിദ്ധീകരിക്കുന്നത് ബിജെപി സർക്കാർ തടഞ്ഞിരിക്കുകയാണ്. എന്നാൽ അവർക്ക് അലോസരമുണ്ടാക്കിക്കൊണ്ട്, സർക്കാർ തടഞ്ഞുവെച്ച എൻഎസ്എസ്ഒ സർവ്വേ അടിസ്ഥാനമാക്കി ബിസിനസ് സ്റ്റാൻഡേർഡ് പത്രം ഒരു റിപ്പോർട്ട് പുറത്തുവിടുകയുണ്ടായി. ഈ 'പുറത്തായ റിപ്പോർട്ട്' പ്രകാരം, ഇന്ത്യയുടെ തൊഴിലില്ലായ്മ നിരക്ക്, 2017-18-ൽ, 45 വർഷത്തെ തന്നെ ഏറ്റവും ഉയർന്ന 6.1 ശതമാനത്തിലെത്തിയിരിക്കുന്നു. സെന്റർ ഫോർ മോണിറ്ററിങ്ങ് ഇന്ത്യൻ എക്കോണമി (സിഎംഐഇ) പറയുന്നത്, നോട്ടുനിരോധനം കൊണ്ടു മാത്രം ഒറ്റയടിക്ക് 11 ദശലക്ഷം ജോലികളാണ് ഇല്ലാതായതെന്നാണ്. കേന്ദ്രസർക്കാരിന്റെ ലേബർ ബ്യൂറോയുടെ സർവ്വേ തന്നെ ഉറപ്പിക്കുന്നത്, നിലവിൽ എട്ട് തൊഴിൽ ആധിക്യ വ്യവസായങ്ങളിൽ വൻതോതിൽ തൊഴിൽ നഷ്ടം ഉണ്ടാകുന്നുവെന്നാണ്. ഇന്ത്യയിൽ തൊഴിലെടുക്കാവുന്ന പ്രായത്തിലുള്ള ജനസംഖ്യയുടെ പകുതിയിലധികവും തൊഴിൽശക്തിക്കു പുറത്താണെന്നും, തൊഴിൽകമ്പോളത്തിൽ എട്ടു കോടിയുടെ കുറവുണ്ടെന്നുമാണ് റിപ്പോർട്ടുകൾ. എൻഎസ്എസ്ഒയുടെ ഇടക്കാല തൊഴിൽശക്തി സർവ്വേ കാണിക്കുന്നത്, 2017-18-ൽ തൊഴിലെടുക്കാൻ സാധിക്കുന്ന ആളുകൾക്ക് ലഭ്യമായ ജോലികൾ 49.8% വരെ കുറഞ്ഞിരിക്കുന്നു എന്നാണ്.

### കൃത്രിമവളർച്ചയും തൊഴിൽസൃഷ്ടിയുടെ വ്യാജ അവകാശവാദവും

എന്നിട്ടും ഇടക്കാല ധനകാര്യമന്ത്രി തന്റെ ഇടക്കാല ബജറ്റിൽ ആവർത്തിക്കുന്ന ഒരു യുക്തിയുണ്ട്. അദ്ദേഹം പറയുന്നത്, ഉയർന്ന വളർച്ചയും സമ്പദ്ഘടനയുടെ ഔപചാരികവൽക്കരണവും തൊഴിലവസരങ്ങളുടെ വർദ്ധനവിലേക്കു നയിച്ചുവെന്നാണ്. പ്രധാനമന്ത്രിയുടേയും ധനകാര്യമന്ത്രിയുടേയും അവകാശവാദങ്ങളും പുറത്തുവന്നിട്ടുള്ള വസ്തുതകളും തമ്മിലുള്ള തീക്ഷ്ണമായ അന്തരത്തെ കുറിച്ചു പറയുന്നതിനു മുമ്പ്, സാമ്പത്തികവളർച്ച എന്ന ഈ ഊതിപ്പെരുപ്പിച്ച തട്ടിപ്പിനെ തുറന്നു കാട്ടേണ്ടതുണ്ട്. ആരുടെ വളർച്ചയെക്കുറിച്ചാണ് ഭരണകർത്താക്കളും മന്ത്രിമാരും പറയുന്നത്? ജനസംഖ്യയുടെ 1% വരുന്ന അതിസമ്പന്നരാണ് രാജ്യത്തിന്റെ സമ്പത്തിന്റെ 73 ശതമാനവും സ്വന്തമാക്കി വെച്ചിരിക്കുന്നതെന്നാണ് വസ്തുതകൾ കാണിച്ചുതരുന്നത്. മുകേഷ് അംബാനി എന്ന ഏറ്റവും സമ്പന്നനായ ഇന്ത്യക്കാരൻ പ്രതിദിനം 300 കോടി രൂപയെന്ന നിരക്കിലാണ് പോയ വർഷം സമ്പാദിച്ചത്. മറുവശത്ത്, മതിയായ പോഷകാഹാരം ലഭിക്കാത്ത 194.6 ദശലക്ഷം അർദ്ധപട്ടിണിക്കാരായ ജനങ്ങളാണ് ഇന്ത്യയിലുള്ളത്. ലോകത്ത് അതിദാരിദ്ര്യത്തിൽ കഴിയുന്ന ജനങ്ങളുടെ എണ്ണത്തിൽ മൂന്നാമതും, ആഗോള പട്ടിണി സൂചികയിൽ 118 രാജ്യങ്ങളിൽ നൂറാം സ്ഥാനത്തും ആണ് നമ്മുടെ രാജ്യം. ഓരോ ദിവസവും വിവിധ വ്യവസായശാലകളിൽ അടച്ചുപൂട്ടൽ നോട്ടീസ് പ്രദർശിപ്പിക്കപ്പെടുന്നു. പുറത്താക്കപ്പെടുന്ന തൊഴിലാളികൾ മുഴുവൻ കുടുംബത്തോടൊപ്പം ആത്മഹത്യ ചെയ്യുന്നു. ആയിരക്കണക്കിന് ഭൂരഹിതകർഷകർ തൊഴിൽ തേടി നഗരങ്ങളിലേക്ക് കുടിയേറുന്നു. അവർ, നഗരത്തിലെ തൊഴിൽരഹിതരുടേയും പുറത്താക്കപ്പെട്ട തൊഴിലാളികളുടേയും സൈന്യത്തോടൊപ്പം അണിചേർന്ന്, കുടിയേറ്റത്തൊഴിലാളികളായും ചിലപ്പോൾ അടിമവേലക്കാരായും ഒരിടത്തു നിന്നും മറ്റൊരിടത്തേക്ക് മാറിമാറിക്കഴിയുന്നു. അവസാനം തെരുവുയാചകരായി മാറുന്ന അവർ പട്ടികളേയും പൂച്ചകളേയും പോലെ തെരുവിൽ തന്നെ മരിച്ചുവീഴുന്നു. ഇതാണ് മുതലാളിത്ത ഇന്ത്യയിലെ യാഥാർത്ഥ്യം. അപ്പോൾ ആരുടെ വളർച്ചയാണ് ഇവിടെ ആഘോഷിക്കുന്നത്? ഒരു ശതമാനം വരുന്ന അതിസമ്പന്നരുടേയോ, അതോ പട്ടിണിക്കാരായ, തൊഴിൽരഹിതരായ, കൂരയില്ലാത്ത, ഉടുതുണിക്ക് മറുതുണിയില്ലാത്ത, അങ്ങേയറ്റം പാവപ്പെട്ടവരായ ലക്ഷക്കണക്കിന് ഇന്ത്യക്കാരുടേയോ? നേരത്തേ പറഞ്ഞ 1% അതിസമ്പന്നർ കൂടുതൽ സമ്പത്ത് സമാഹരിക്കുന്നു. 90% വരുന്ന ദേശവാസികൾ കൂടുതൽ ദരിദ്രരും ദുരിതമനുഭവിക്കുന്നവരുമായി മാറിക്കൊണ്ടിരിക്കുന്നു. ഈയൊരു സാഹചര്യത്തിൽ, വലിയ ആരാധനയോടെ വളർച്ചയുടെ കണക്കുകൾ പറയുന്നത്, ദരിദ്രരുടേയും ഇല്ലായ്മക്കാരുടേയും വർദ്ധിക്കുന്ന ദുരിതത്തിനു നേരേ നോക്കി കൊഞ്ഞനംകുത്തുകയല്ലാതെ മറ്റെന്താണ്? പക്ഷേ അപ്പോൾ ധനകാര്യമന്ത്രിയുടെ പക്കൽ ഒരു തകർപ്പൻ വാദമുണ്ട്. അദ്ദേഹം പറഞ്ഞത്, വളരെ ഉയർന്ന സാമ്പത്തികവളർച്ചയുണ്ടാകുമ്പോൾ വളരെയധികം തൊഴിലും സൃഷ്ടിക്കപ്പെടുമല്ലോ എന്നാണ്. അങ്ങനെയാണോ പ്രിയ ധനകാര്യമന്ത്രീ? താങ്കളുടെ ഈ അനുമാനം ശരിയാണെന്ന് താങ്കൾക്ക് ഉറപ്പുണ്ടോ? അങ്ങനെയെങ്കിൽ എന്തുകൊണ്ടാണ് തൊഴിലില്ലാ വളർച്ച എന്ന പദം ഇന്നത്തെ മുതലാളിത്തസമ്പദ്ഘടനയുടെ ഉപനാമമായി മാറിയത്?

### പ്രൊവിഡന്റ് ഫണ്ട് കണക്കുകൾ കാണിച്ച് തൊഴിൽസൃഷ്ടിയെക്കുറിച്ച് പൊള്ളയായ അവകാശവാദമുയർത്തുന്നു

പക്ഷേ, അതു മാത്രമല്ല. തെറ്റിദ്ധാരണാജനകമായ ഒരു റിപ്പോർട്ട് ചൂണ്ടിക്കാട്ടി ഒരു അഭിമുഖത്തിൽ പ്രധാനമന്ത്രി വീമ്പിളക്കിയത്, 2018-ൽ 55 ലക്ഷം പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിച്ചു കൊണ്ട് തന്റെ സർക്കാർ ഉജ്ജ്വലമായ ജോലിയാണ് ചെയ്തതെന്നാണ്. ഇതു ശരിയാണോ? എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് ഓർഗനൈസേഷന്റെ കണക്കനുസരിച്ച്, 18-25 വയസ്സിലുള്ള 36.8 ലക്ഷം പുതിയ അംഗങ്ങളേയാണ് 2017-ൽ രജിസ്റ്റർ ചെയ്തത്. ഈ കണക്ക് വലിച്ചുനീട്ടിയാണ്, 2017-18 സാമ്പത്തികവർഷത്തിൽ 55.2 ലക്ഷം തൊഴിലവസരങ്ങൾ പുതുതായി സൃഷ്ടിച്ചുവെന്ന് പ്രധാനമന്ത്രി ധൈര്യമായി അവകാശപ്പെടുന്നത്. വളരെ വിശ്വസനീയമായ അവകാശവാദം തന്നെ, ഒരു സംശയവുമില്ല! ഇപിഎഫ്ഒ അംഗത്വം എന്നാൽ തൊഴിലിന്റെ ഔപചാരികവൽക്കരണമാണ്, അല്ലാതെ പുതിയ തൊഴിലിന്റെ സൃഷ്ടിയല്ല എന്നത് ആർക്കാണ് അറിയാത്തത്? തന്നെയുമല്ല, ഇരുപതോ അതിലധികമോ തൊഴിലാളികളുള്ള കമ്പനികളെയെല്ലാം ഇന്ന് ഇപിഎഫ് പദ്ധതിയുടെ പരിധിയിൽ കൊണ്ടുവന്നതിലൂടെ, പിഎഫിന്റെ അംഗസംഖ്യ വർദ്ധിച്ചിട്ടുണ്ട്. വിരോധാഭാസമെന്നു പറയാം, 2017ലെ ഒരു നിതി ആയോഗ് റിപ്പോർട്ട് നിരീക്ഷിക്കുന്നത് ഇങ്ങനെയാണ്- ഇപിഎഫ്ഒ വിവരസഞ്ചയത്തിലേക്കുള്ള പുതിയ കൂട്ടിച്ചേർക്കലുകൾ പുതിയ ജോലികളെ പ്രതിനിധീകരിക്കണമെന്നില്ല. അതുകൊണ്ട്, തൊഴിൽശക്തിയുടെ ഔപചാരികവൽക്കരണത്തിന്റെ വ്യാപ്തി അളക്കുവാൻ മാത്രമേ അത് ഉപയോഗിക്കാൻ സാധിക്കൂ. പക്ഷേ അതിനും, ഔപചാരിക തൊഴിലാളി എന്നതിന് പുതിയ നിർവ്വചനം സ്വീകരിക്കുന്നത് ആവശ്യമായി വരും. എന്താണിതിന് അർത്ഥം? ഇതിനർത്ഥം, സർക്കാരിന്റെ സ്വന്തം നിതി ആയോഗ് പോലും, ഇപിഎഫ്ഒയും അതുപോലെയുള്ള മറ്റ് ഭരണപരമായ വിവരസഞ്ചയത്തേയും ഉപയോഗിച്ച്, പുതിയ തൊഴിലുകൾ സൃഷ്ടിച്ചതിനെപ്പറ്റി അർത്ഥരഹിതമായ അവകാശവാദങ്ങ

*(ശേഷം 4-ാം പേജിൽ)*

ഇടക്കാല ബജറ്റ്

# വോട്ട് ലക്ഷ്യം വയ്ക്കുന്ന, കൃത്രിമത്വം നിറഞ്ഞ ബജറ്റ്

*(3-ാം പേജിൽ നിന്ന്)*

ളുയർത്തുന്നതിനെ തള്ളിക്കളഞ്ഞിരിക്കുകയാണ്. എന്നിട്ടു പോലും, ഇപിഎഫ്ഒ അംഗത്വത്തിന്റെ വർദ്ധന ചൂണ്ടിക്കാട്ടിയുള്ള, തെറ്റിദ്ധാരണ പരത്തുന്ന അവകാശവാദം ഇടക്കാലബജറ്റിലും ആവർത്തിക്കുകയാണ് ധനകാര്യമന്ത്രി - രണ്ടു വർഷത്തിനിടക്ക് രണ്ടു കോടിയോളം തൊഴിലുകൾ വർദ്ധിച്ചിരിക്കുന്നത് സമ്പദ്‌വ്യവസ്ഥയുടെ ഔപചാരികവൽക്കരണത്തേയും തൊഴിൽ സൃഷ്ടിയേയും പ്രതിഫലിപ്പിക്കുന്നു. ഒരിക്കൽ കൂടി, പ്രസിദ്ധീകരിക്കപ്പെട്ട ഒരു റിപ്പോർട്ടിനെ നിഷേധിക്കുകയാണ് ധനകാര്യമന്ത്രി. ഇത്തവണ അത് പിഎഫ് അധികാരികളുടെ തന്നെയാണ്. സെപ്തംബർ-ഏപ്രിൽ കാലയളവിലെ അംഗത്വം ചേർക്കൽ കണക്ക്, നേരത്തേ കണക്കാക്കിയ 4.12 ദശലക്ഷത്തിൽ നിന്നും 3.73 ദശലക്ഷമായി ഇപിഎഫ്ഒ കുറച്ചത് കഴിഞ്ഞ മാസമാണ്.

**ഭരണകൂടം ഇവിടെ ജോലിയെക്കുറിച്ചോ തൊഴിലിനെക്കുറിച്ചോ പറയുമ്പോൾ അവർ സ്ഥിരവരുമാനമുള്ള ഒരു ജോലി ഉദ്ദേശിക്കുന്നില്ല. എല്ലാത്തരം പ്രവൃത്തികളെയും തൊഴിൽ എന്നുവിളിക്കാൻ സാധിക്കില്ല. ഒരു ബിരുദാനന്തരബിരുദധാരി 'ഒല' ടാക്സി ഡ്രൈവറുടെ ജോലി സ്വീകരിക്കുകയെന്നതിന്റെ അർത്ഥം അയാൾ അത്രമേൽ തൊഴിൽരഹിതനാണെന്നാണ്. അതുപോലെതന്നെ, കുപ്പ പെറുക്കുന്നതും ഒരു ജോലിയായി അധികാരികൾ കാണുകയാണെങ്കിൽ, തങ്ങളുടെ വാദത്തിന്റെ അർത്ഥശൂന്യതയാണ് അത് കാണിക്കുന്നത്.**

### മുദ്ര പദ്ധതിയുടെ യുക്തി

തൊഴിലുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്കെല്ലാം ബിജെപി സർക്കാരിനൊരു സ്ഥിരം മറുപടിയുണ്ട്. സ്വയംതൊഴിൽ മേഖലയിൽ തിളങ്ങുന്ന പുരോഗതി ഉണ്ടായിരിക്കുന്നു എന്നതാണത്. വൻതോതിൽ മുദ്ര (MUDRA-മൈക്രോ യൂണിറ്റ്സ് ഡെവലപ്പ്മെന്റ് ആന്റ് റീഫൈനാൻസ് ഏജൻസി) വായ്പകൾ ആവശ്യക്കാർക്ക് വിതരണം ചെയ്തതാണത്രേ ഇതിന്റെ സൂചകം. പ്രധാനമന്ത്രിയുടെ പല്ലവി തന്നെ ഏറ്റുപാടിക്കൊണ്ട് ഇടക്കാലബജറ്റിൽ ധനകാര്യമന്ത്രിയും ആവർത്തിക്കുന്നത്, ബിജെപി സർക്കാരിന്റെ മുദ്ര, സ്റ്റാർട്ടപ്പ് ഇന്ത്യ, സ്റ്റാന്റപ്പ് ഇന്ത്യ പദ്ധതികളിലൂടെ തൊഴിലന്വേഷകർ തൊഴിൽദായകരായിരിക്കുന്നു എന്നാണ്. മുദ്ര യോജനയിലൂടെ 7,23,000 കോടി രൂപയോളം വരുന്ന 15.56 കോടി വായ്പകൾ വിതരണം ചെയ്തു കഴിഞ്ഞതായും അദ്ദേഹം പരാമർശിച്ചു. വീണ്ടും കൊടിയ വഞ്ചന നമുക്കു കാണാവുന്നതാണ്. സ്റ്റാർട്ടപ്പ് എന്നത് പുതിയ കാര്യമല്ല. വെഞ്ചർ ക്യാപ്പിറ്റൽ (സംരംഭകത്വ മൂലധനം) പദ്ധതിക്കു പുതിയ പേരു നൽകുക മാത്രമാണിവിടെ. രണ്ടാമതായി, മുദ്രക്കു കീഴിലുള്ള 90% വായ്പകളുടേയും ഏകദേശ വലിപ്പം വെറും 23000 രൂപ മാത്രമാണെന്നാണ് അറിയുന്നത്. ഒരു പുതിയ തൊഴിൽദായക സംരംഭം ആരംഭിക്കാൻ ഈ തുക മതിയാവുന്നതാണോ? അതും കുത്തകകളും വൻകിട മൂലധനവും മേധാവിത്വം പുലർത്തുന്ന ഒരു ചുറ്റുപാടിൽ. ബിജെപി അധ്യക്ഷൻ അമിത് ഷാ ഒരിക്കൽ അവകാശപ്പെട്ടത്, 10 ലക്ഷം രൂപയുടെ, ഏഴു കോടിയിലധികം മുദ്ര വായ്പകൾ ലഭ്യമാക്കിയെന്നാണ്. എന്നാൽ റിസർവ്വ് ബാങ്ക് നൽകുന്ന വിവരമനുസരിച്ച്, 2015-16ലും 2016-17ലും (മുദ്രക്കു ശേഷം) വായ്പാ വളർച്ച യഥാക്രമം 20 ശതമാനവും 7.7 ശതമാനവും ആയിരുന്നു എന്നാണ്. അതായത്, ഒരേ പോലെയോ അല്ലെങ്കിൽ മുദ്രക്കു മുമ്പുണ്ടായിരുന്നതിനേക്കാൾ കുറഞ്ഞ അളവിലോ. ഇത് പുതിയ പദാവലിയിൽ അവതരിപ്പിക്കാനുള്ള ഒരു ഭാവനാവിലാസം മാത്രമാണ് അമിത് ഷാ ഇവിടെ പ്രകടിപ്പിക്കുന്നത്. ഇതേ അമിത്ഷാ തന്നെയാണ്, 2014-ലെ തെരഞ്ഞെടുപ്പ് പൂർവ വാഗ്ദാനങ്ങൾ പലതും തെരഞ്ഞെടുപ്പു തന്ത്രങ്ങൾ മാത്രമായിരുന്നു എന്ന് സമ്മതിച്ചത്. അപ്പോൾ, പുതിയ തൊഴിലുകൾ സൃഷ്ടിക്കുന്നതിനെക്കുറിച്ചും തൊഴിലില്ലായ്മാ പ്രശ്നത്തെ ഫലപ്രദമായി കൈകാര്യം ചെയ്തതിനെക്കുറിച്ചുമുള്ള ബിജെപി സർക്കാരിന്റെ വാചാടോപമൊക്കെ അങ്ങേയറ്റത്തെ കുതന്ത്രമല്ലാതെ മറ്റൊന്നുമല്ല. 2018 ജൂലൈയിൽ പ്രധാനമന്ത്രി മോദി പറഞ്ഞത്, പ്രശ്നം ജോലികൾ ഇല്ലാത്തതല്ല, മറിച്ച് ജോലികളെ സംബന്ധിച്ച വിവരം ലഭ്യമല്ലാത്തതാണെന്നാണ്. ലഭ്യമല്ലാത്തത് വിവരമല്ല, യഥാർത്ഥ തൊഴിൽ തന്നെയാണ്.

### യഥാർത്ഥ തൊഴിൽ എന്നാൽ ഉദ്ദേശിക്കുന്നതെന്ത്?

ഭരണകൂടം ഇവിടെ ജോലിയെക്കുറിച്ചോ തൊഴിലിനെക്കുറിച്ചോ പറയുമ്പോൾ അവർ സ്ഥിരവരുമാനമുള്ള ഒരു ജോലി ഉദ്ദേശിക്കുന്നില്ല എന്നത് ഇവിടെ പ്രത്യേകം എടുത്തു പറയേണ്ടതാണ്. സ്വയം തൊഴിലൊക്കെപ്പോലെ പരമ്പരാഗതമല്ലാത്ത രീതികളിലൂടെ ധാരാളം ജോലികൾ ഇവിടെ സൃഷ്ടിച്ചു എന്നൊക്കെ പ്രധാനമന്ത്രി അവകാശവാദമുന്നയിക്കുമ്പോൾ, അദ്ദേഹം സൗകര്യപൂർവ്വം മറച്ചുവെക്കുന്ന ഒരു പ്രധാനവസ്തുതയുണ്ട്. എല്ലാത്തരം പ്രവൃത്തികളേയും തൊഴിൽ എന്നു വിളിക്കാൻ സാധിക്കില്ല. ഒരു ബിരുദാനന്തരബിരുദധാരി 'ഒല' ടാക്സി ഡ്രൈവറുടെ ജോലി സ്വീകരിക്കുകയെന്നതിന്റെ അർത്ഥം അയാൾ അത്രമേൽ തൊഴിൽരഹിതനാണെന്നാണ്. അതുപോലെതന്നെ, കുപ്പ പെറുക്കുന്നതും ഒരു ജോലിയായി അധികാരികൾ കാണുകയാണെങ്കിൽ, തങ്ങളുടെ വാദത്തിന്റെ അർത്ഥശൂന്യതയാണ് അവർ കാണിക്കുന്നത്. ദിവസക്കൂലിക്കാരനായ ഒരു തൊഴിലാളിയുടേതൊ, ദയനീയമാംവിധം കുറഞ്ഞ കൂലിക്കുള്ള കരാർ നിയമനമോ, ഒരു തൊഴിലല്ല. അച്ഛനും അമ്മയും മകനും മകളുമെല്ലാം 16-17 മണിക്കൂർ വരെയൊക്കെ കഠിന ജോലികളിൽ പണിയെടുക്കുന്ന ദുരവസ്ഥയുള്ള അനവധി കുടുംബങ്ങളുണ്ട്. അച്ഛൻ ഒരു നിർമാണ സ്ഥലത്ത് സഹായിയായി ദിവസക്കൂലിക്കു പണിയെടുക്കുന്നുണ്ടാവും. അമ്മയും മകളും വീട്ടുജോലിക്കാരായി പണിയെടുക്കുമ്പോൾ മകൻ ചായക്കടയിൽ പണിക്കാരനായിരിക്കും. എന്നിട്ടും രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ അവരേക്കൊണ്ടു കഴിയുന്നുണ്ടാവില്ല. ഈ കഠിന ജോലിയെ ഒരു തൊഴിൽ എന്നാണോ, അതോ ജീവൻ നിലനിർത്താനുള്ള അങ്ങേയറ്റത്തെ അദ്ധ്വാനമെന്നാണോ ഒരാൾ വിളിക്കേണ്ടത്? അപ്പോൾ, തൊഴിലില്ല എന്നു ഞങ്ങൾ പറയുമ്പോൾ, ശരിയായ ജീവനോപാധി ഇല്ല എന്നാണ് ഞങ്ങൾ അർത്ഥമാക്കുന്നത്.

ഈ ചോദ്യങ്ങൾക്കൊക്കെ ഉത്തരം പറയാനുള്ള മനസ്സ് താത്കാലിക ധനകാര്യമന്ത്രിക്ക് ഉള്ളതായി തോന്നിയില്ല. യഥാർത്ഥ തൊഴിൽ ജനങ്ങൾക്കു നൽകുവാനുള്ള ഉറച്ച നടപടികൾ എടുക്കുന്നതിൽ നിന്നും സർക്കാരിനെ തടയുന്നതെന്ത് എന്നും വ്യക്തമാക്കേണ്ട ആവശ്യകതയുള്ളതായി അദ്ദേഹം കരുതുന്നില്ല. മരണാസന്ന മുതലാളിത്തത്തിന്റെ ഈ ഘട്ടത്തിൽ, ഗ്രാമത്തിലോ നഗരത്തിലോ ആവശ്യമായ എണ്ണം യഥാർത്ഥതൊഴിൽ സൃഷ്ടിക്കുവാൻ സാധ്യമല്ല എന്നത് സത്യമാണ്. എന്നാൽപ്പോലും, ജനങ്ങളെ സംബന്ധിക്കുന്ന പ്രാഥമികമായ ഉത്കണ്ഠയെങ്കിലും സർക്കാരിന് ഉണ്ടായിരുന്നുവെങ്കിൽ, പൊതുമേഖലയിൽ തൊഴിലാധിക്യ വ്യവസായങ്ങൾ തുടങ്ങി, കുറച്ച് തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിക്കുമായിരുന്നു. എന്നാൽ ഇപ്പോഴത്തെ ബിജെപി സർക്കാർ അടക്കമുള്ള ബൂർഷ്വാ സർക്കാരുകൾ നേരേ എതിർദിശയിലാണ് സഞ്ചരിക്കുന്നത്. സ്വകാര്യവൽക്കരണത്വരയിൽ ആണ് അവർ. ചുരുങ്ങിയ മനുഷ്യശേഷി മാത്രം ആവശ്യമുള്ള ചില മൂലധനാധിക്യവ്യവസായങ്ങൾ ആരംഭിക്കുന്നതിനെയാണ് അവർ പ്രോൽസാഹിപ്പിക്കുന്നത്. കൂടാതെ, അസംബന്ധവാദങ്ങളിലൂടെ തൊഴിൽരഹിതരായവരുടെ വിഷമത്തെ പരിഹസിക്കാൻ അവർക്ക് യാതൊരു മനഃസാക്ഷിക്കുത്തുമില്ല. വഴിയരികിൽ പക്കോഡ വിൽക്കുന്നതും ഒല, ഊബർ ടാക്സി ഡ്രൈവർമാരാകുന്നതുമെല്ലാം തൊഴിലിനോട് തുല്ല്യമാക്കിയിരിക്കുകയാണ് നമ്മുടെ പ്രധാനമന്ത്രി. പക്ഷേ, ഇതൊക്കെ ഒരു ഔപചാരിക സമ്പദ്ഘടനയിൽ ജോലികളാണോ അതോ, നിവൃത്തിയില്ലാതെ ജീവിതം നിലനിർത്താനായി സ്വീകരിക്കേണ്ടി വരുന്ന വഴികളോ? ഈ താത്കാലിക ചുമതലയുള്ള ധനകാര്യമന്ത്രി തന്നെ ഏതാനും മാസം മുമ്പ് ലജ്ജയില്ലാതെ അഭിപ്രായപ്പെട്ടത്, ജനങ്ങൾക്ക് ജോലിയുണ്ട് പക്ഷേ അവർ കൂടുതൽ മെച്ചപ്പെട്ട ജോലിയാണ് ആഗ്രഹിക്കുന്നത് എന്നാണ്. ഇത്തരം അഭിപ്രായപ്രകടനങ്ങളിലൂടെ, പ്രധാനമന്ത്രിയും സഹപ്രവർത്തകരും ജനങ്ങൾക്കു മുന്നിൽ പരിഹാസപാത്രങ്ങളായി മാറുകയാണ്. ജനങ്ങളുടെ ദുരിതത്തെ അവഹേളിക്കുന്നതിൽ നിന്നും അവർ എങ്ങനെ ആനന്ദം കണ്ടെത്തുന്നു എന്നും ഇത് കാട്ടിത്തരുന്നു. ഈ തീക്ഷ്ണയാഥാർത്ഥ്യത്തെ മറച്ചുപിടിക്കുന്നതിനായി, മരണാസന്ന മുതലാളിത്തത്തിൽ അനിവാര്യമാകും വിധം, ഭരിക്കുന്ന ബിജെപിയും ആർഎസ്എസ്സും, ഹിന്ദു വർഗീയതയെ കുത്തിയിളക്കുവാനായി അയോധ്യയിലെ രാമക്ഷേത്രപ്രശ്നം പൊടിതട്ടിയെടുത്തുകൊണ്ടും സംവരണ കാർഡ് ഉയർത്തിക്കൊണ്ടും കളിക്കുകയാണ്.

### രൂക്ഷമായ വിലക്കയറ്റം ബജറ്റിൽ മൂടിവെച്ചിരിക്കുന്നു

ജനജീവിതത്തിൽ ദുരിതം വിതയ്ക്കുന്ന മറ്റൊരു പ്രശ്നമാണ് അനിയന്ത്രിതമായ വിലക്കയറ്റം. വരുമാനമാർഗങ്ങൾ അടഞ്ഞ് സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന ജനങ്ങൾക്ക്, അവശ്യസാധനങ്ങളുടെ ഭീമമായ വിലക്കയറ്റം അങ്ങേയറ്റം അസഹനീയമാകുന്നു. എന്നാൽ ഈ യാഥാർത്ഥ്യം അംഗീകരിക്കുവാൻ സർക്കാരോ അവർക്കു വിധേയരായ സ്ഥിതിവിവരക്കണക്കുകാരോ തയ്യാറാവുന്നില്ല. പകരം, പണപ്പെരുപ്പം താഴേക്കു പോകുന്നു വെന്നും കാണിക്കുവാൻ വേണ്ടി അവർ വസ്തുതകൾ തോന്നിയതു പോലെ തിരുത്തുന്നു. ഇടക്കാലബജറ്റ് അവകാശപ്പെടുന്നത്, ശരാശരി പണപ്പെരുപ്പം 4.6 ശതമാനത്തിലേക്ക് കുറച്ചുകൊണ്ടുവന്നിരിക്കുന്നുവെന്നാണ്. ഇത് മറ്റേതൊരു സർക്കാരിന്റെയും കാലയളവിനിടയിലെ പണപ്പെരുപ്പത്തേക്കാളും കുറവാണത്രേ. വസ്തുനിഷ്ഠയാഥാർത്ഥ്യത്തെ അയഥാർത്ഥമാക്കി തീർക്കുന്ന ഈ കണക്കുകൂട്ടൽ മായാജാലം എന്താണെന്ന് നമുക്ക് അറിയില്ല.

ഇതുവരെ നമുക്ക് അറിയാവുന്നത്, മൊത്തവ്യാപാര വിലസൂചികയുടെ ചലനമാണ് പണപ്പെരുപ്പം കണക്കാക്കാൻ ഉപയോഗിക്കുന്ന ഘടകങ്ങളിൽ ഒന്ന് എന്നാണ്. 2017-ൽ സർക്കാർ മൊത്തവിലസൂചികയെ പരിഷ്കരിച്ചു കൊണ്ട് അടിസ്ഥാനവർഷം 2004-05 ൽ നിന്നും 2011-12 ലേക്ക് മാറ്റിയിരുന്നു. കൂടാതെ ഭക്ഷ്യവസ്തുക്കളുടെ പണപ്പെരുപ്പത്തിന്റെ നിരക്ക് കണക്കിലെടുക്കാൻ വേണ്ടി ഒരു ഭക്ഷ്യമൊത്തവ്യാപാര സൂചിക കൂട്ടിച്ചേർത്തു. അതിനോടകം മൊത്തവ്യാപാരസൂചികാ പരമ്പര ആറു പരിഷ്ക്കരണങ്ങൾക്കു വിധേയമായിട്ടുണ്ടായിരുന്നു. പുതിയ അടിസ്ഥാന വർഷം കൂടാതെ, ഉത്പന്നങ്ങളുടെ പട്ടികയിലും നിശ്ചയിക്കപ്പെട്ട തൂക്കത്തിലും മാറ്റങ്ങളുണ്ടായി. 199 പുതിയ ഉത്പന്നങ്ങൾ കൂട്ടിച്ചേർക്കുകയും 146 എണ്ണം ഒഴിവാക്കപ്പെടുകയും ചെയ്തിരിക്കുന്നു. പുതിയ മൊത്തവിലസൂചിക പട്ടികയിൽ, കണക്കുകൂട്ടലിന് ഉപയോഗിക്കപ്പെടുന്ന വിലയിൽ, ധനനയത്തിന്റെ സ്വാധീനം മാറ്റിനിർത്തുവാനായി പരോക്ഷനികുതികൾ ഒഴിവാക്കപ്പെട്ടിരിക്കുന്നു. പക്ഷേ, ഉപഭോക്താവ് ഉത്പന്നം വാങ്ങേണ്ട അന്തിമവിലയിൽ ഈ പരോക്ഷനികുതികൾ ഉൾപ്പെട്ടിരിക്കുന്നുതാനും. രണ്ടാമതായി, വ്യാപകമായ കൃത്രിമവും പൂഴ്ത്തിവെയ്പ്പും കരിഞ്ചന്തയും മൂലം മൊത്തവ്യാപാരവിലയും ചില്ലറവിൽപ്പനവിലയും തമ്മിൽ വലിയ അന്തരമുണ്ട്. അപ്പോൾ, മുൻകരുതലുള്ള സാമ്പത്തികനയങ്ങൾ മൂലം പണപ്പെരുപ്പം നിയന്ത്രണവിധേയമാക്കി എന്നു പറയുന്നത് ശുദ്ധ അസംബന്ധമാണ്.

ഇതു കൂടാതെ, അതിഭീമമായ തുകയുടെ കള്ളപ്പണം ചംക്രമണത്തിലുണ്ടെന്നത് ആർക്കാണ് അറിയാത്തത്. മുതലാളിത്ത സാമ്പത്തികഘടനയുടെ പ്രവർത്തനരീതിയെക്കുറിച്ച് അറിയാവുന്ന ഏതൊരാൾക്കുമറിയാം, അത് ഓരോ ദിനവും കള്ളപ്പണത്തിനു ജന്മം കൊടുത്തുകൊണ്ടിരിക്കുകയാണെന്ന്. വൻകുത്തകകളും വ്യവസായികളും അവരുടെ ശിങ്കിടികളും പ്രബലരായവരും തങ്ങളുടെ യഥാർത്ഥ വരുമാനം മറച്ചുവെച്ച്, ശിക്ഷാഭീതിയേതുമില്ലാതെ നിയമം ലംഘിച്ച് നികുതി വെട്ടിക്കുന്നു. ഈ ഭീമൻ കള്ളപ്പണം, ചംക്രമണത്തിലുള്ള ഉൽപ്പന്നങ്ങൾക്കു പിന്നാലെ പായുകയും വില ഉയർത്തുകയും ചെയ്യുന്നു. ഭരണമുതലാളിവർഗത്തിന്റെ കൂലിക്കാരായ മന്ത്രിമാരും നേതാക്കളും സാമ്പത്തികവിശാരദന്മാരും, മറച്ചുവെച്ചിരിക്കുന്ന ഈ ഘ

*(ശേഷം 5-ാം പേജിൽ)*

ഇടക്കാല ബജറ്റ്

# ജനസംഖ്യയുടെ ഒരു ശതമാനം അതിസമ്പന്നർ സമ്പത്തിന്റെ 73 ശതമാനവും കൈയടക്കുന്നു

(4-ാം പേജിൽ നിന്ന്)

ടകത്തെ ജനങ്ങൾക്കു മുന്നിൽ വെളിപ്പെടുത്തുകയില്ല. തങ്ങൾ കള്ളപ്പണം വീണ്ടെടുക്കാനായി പൊരുതുകയാണെന്ന്, മാധ്യമങ്ങളുടെ വെള്ളിവെളിച്ചത്തിൽ മാത്രം മന്ത്രിമാരും ഭരണകക്ഷിനേതാക്കളും അവകാശപ്പെടും. എന്നാൽ ഈ അവകാശവാദങ്ങളെല്ലാം പൊള്ളയാണ്. ഇടക്കാലബജറ്റു തന്നെ വീമ്പിളക്കുന്നത്, 1,30,000 കോടിയുടെ വെളിപ്പെടുത്താത്ത വരുമാനം നികുതിക്കു കീഴിൽ കൊണ്ടുവന്നു, 50,000 കോടി രൂപയോളം മതിപ്പുള്ള സ്വത്തുക്കൾ പിടിച്ചെടുത്തു, പണമായി വൻതുകകൾ കൈവശം സൂക്ഷിച്ചിരുന്നവർക്ക് തങ്ങളുടെ സമ്പത്തിന്റെ ഉറവിടം വെളിപ്പെടുത്തേണ്ടി വന്നു, എന്നൊക്കെയാണ്. എന്നാൽ തെളിവുകളുടെ പിൻബലമില്ലാത്ത, വെറും പ്രഖ്യാപനങ്ങൾ മാത്രമാണിവ. ഏറെ കൊട്ടിഘോഷിച്ച നോട്ടുനിരോധന നീക്കത്തിനു ശേഷം, പിൻവലിച്ച കറൻസി ഏകദേശം മുഴുവനും ബാങ്കുകളിൽ നിക്ഷേപിക്കപ്പെട്ടു കഴിഞ്ഞു. അപ്പോൾ അഴിമതിയുടേയും കള്ളപ്പണത്തിന്റെയും പിടി തകർക്കുവാനായിരുന്നു ആ നടപടി എന്ന് ഉച്ചത്തിൽ മുഴക്കിയ പ്രഖ്യാപനം വെറും പൊള്ളയാണെന്നും തെളിയിക്കപ്പെട്ടിരിക്കുന്നു. മുഖ്യധാരാ മാധ്യമങ്ങളിൽ പ്രസിദ്ധീകരിച്ച ഒരു റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നത്, നോട്ടുനിരോധനത്തിന് കള്ളപ്പണം ഇല്ലാതാക്കുക എന്ന അതിന്റെ മുഖ്യലക്ഷ്യം കൈവരിക്കാൻ സാധിച്ചില്ലയെന്നു മാത്രമല്ല, വരുമാനം വെട്ടിക്കുറച്ച് ഇന്ത്യൻ സമ്പദ്വ്യവസ്ഥക്കു തന്നെ കാതലായ നാശം അത് സൃഷ്ടിച്ചു. ഈ ബൂർഷ്വാ പാർലമെന്ററി കക്ഷികൾക്കോ അവരുടെ സർക്കാരുകൾക്കോ, വമ്പൻ വ്യവസായികളും ആത്മാർത്ഥതയില്ലാത്ത കച്ചവടക്കാരും ഊഹക്കച്ചവടക്കാരും റിയൽ എസ്റ്റേറ്റ് ഭീമന്മാരും ഒക്കെ അടങ്ങുന്ന കള്ളപ്പണക്കാർക്കെതിരേ ഒരു ചുക്കും ചെയ്യാൻ കഴിയില്ലെന്ന് ഏതൊരു സാധാരണക്കാരനുമറിയാം. എന്തു കൊണ്ടാണത്? കാരണം, ഇതേ കള്ളപ്പണസൂക്ഷിപ്പുകാർ തന്നെയാണ് ഈ പറഞ്ഞ കക്ഷികളുടെ പ്രധാനരക്ഷാധികാരികൾ. അവർ തന്നെയാണ് പിന്നിൽ നിന്നും ചരടുകൾ വലിച്ച് അവരെ അധികാരത്തിലേറ്റുകയോ അധികാരത്തിന്റെ ഇടനാഴികളിൽ നിലനിർത്തുകയോ ചെയ്യുന്നത്.

അനിയന്ത്രിതമായ വിലക്കയറ്റം സൃഷ്ടിക്കുന്ന മറ്റൊരു ഘടകമാണ് ബജറ്റ് കമ്മി നികത്തുന്നതിനായി മാത്രം പുതിയ കറൻസി നോട്ടുകൾ അച്ചടിച്ചിറക്കുന്നത്. ഇതും വളരെ ഗോപ്യമായി സൂക്ഷിക്കുന്ന ഒരു രഹസ്യമാണ്. കറൻസിനോട്ടുകളുടെ ഈ വർദ്ധിച്ച വിതരണവും പണപ്പെരുപ്പത്തെ കുത്തനെ കൂട്ടുന്ന ഒന്നാണ്. അതുകൊണ്ട്, ധനകാര്യമന്ത്രിയോ മറ്റ് ഭരണവൃത്തങ്ങളോ പണപ്പെരുപ്പം നിയന്ത്രിക്കുന്നതിനെക്കുറിച്ചോ, കള്ളപ്പണത്തിനെതിരായ നിയമം, പിടികിട്ടാപ്പുള്ളികളായ കുറ്റവാളികൾക്കെതിരേയുള്ള നിയമം എന്നിവയൊക്കെ ചൂണ്ടിക്കാട്ടി കള്ളപ്പണത്തിനെതിരായ നടപടികളെടുത്തതിനെക്കുറിച്ച് സംസാരിക്കുന്നത് വെറും കപടനാട്യം മാത്രമാണ്.

### തകർന്ന കർഷകരോടുള്ള കരുണ

എല്ലാ ബജറ്റിലും, ഭരണത്തിലിരിക്കുന്ന സർക്കാരുകൾ രാജ്യത്തെ വോട്ടർമാരിലെ ഏറ്റവും വലിയ വിഭാഗമായ കർഷകരുടെ ദുരവസ്ഥയെക്കുറിച്ച് മുതലക്കണ്ണീർ ഒഴുക്കാറുണ്ട്. ഓരോ തവണയും കക്ഷി രാഷ്ട്രീയ ഭേദമില്ലാതെ മുതലാളിത്തസർക്കാരുകൾ ആവേശത്തോടെ ചില സൗജന്യങ്ങളും ഔദാര്യങ്ങളും – ദുരിതമനുഭവിക്കുന്ന കർഷകർ അതാണ് അർഹിക്കുന്നതെന്ന മട്ടിൽ, ഉറക്കെ പ്രഖ്യാപിക്കാറുമുണ്ട്. എന്നാൽ അടുത്ത ബജറ്റ് വരുമ്പോൾ കാണുന്നത്, ഈ പ്രഖ്യാപനങ്ങൾ പലതും കടലാസിൽ തന്നെ ഒതുങ്ങുന്നതാണ്. കർഷകരുടെ യഥാർത്ഥ പ്രശ്നങ്ങൾ പരിഗണിച്ച് ആശ്വാസം നൽകാത്തതു മൂലം അവരുടെ കഷ്ടപ്പാടുകൾ പലമടങ്ങ് വർദ്ധിച്ചിരിക്കുകയാണ്. ജനസംഖ്യയുടെ 80% കൃഷിയെ ആശ്രയിക്കുന്ന ഈ രാജ്യത്തെ കർഷകസമൂഹത്തിന്റെ ദുരിതങ്ങളുടെയും ദൈന്യതയുടെയും മേലെ നടത്തുന്ന ക്രൂരമായ പരിഹാസമാവുകയാണ് തുടരുന്ന ഈ നാടകം. 2022 – ഓടെ കർഷകരുടെ വരുമാനം ഇരട്ടിയാക്കുമെന്നാണ് ഉത്സാഹത്തോടെ പ്രധാനമന്ത്രി പ്രഖ്യാപിച്ചത്. അത് ഈ ഇടക്കാല ബജറ്റ് ആവർത്തിക്കുകയും ചെയ്തു. പക്ഷേ എങ്ങനെ? അതാണ് ഏറ്റവും വിലപിടിച്ച ചോദ്യം.

ഇതിന് ഉത്തരം തേടി സർക്കാരിലോ, ഇടക്കാലബജറ്റിന്റെ താളുകളിലോ ഒരാൾ തിരഞ്ഞാൽ ആവർത്തിക്കുന്ന മൂന്നു സ്ഥിരം ഉത്തരങ്ങളാണ് സർക്കാരിന്റേതായി കാണുക. ഒന്നാമതായി കുറഞ്ഞ താങ്ങുവില ഉയർത്തുക. രണ്ടാമതായി സമഗ്ര വിള ഇൻഷുറൻസ് നൽകുക. മൂന്നാമതായി കൂടുതൽ വ്യവസ്ഥാപിത വായ്പകളുടെ ലഭ്യത കർഷകർക്ക് ഉറപ്പാക്കുക. ഇടക്കാലബജറ്റ് ഒരു പദ്ധതിയെക്കുറിച്ചു കൂടി പറയുന്നു – പ്രധാനമന്ത്രി കിസാൻ സമ്മാൻ നിധി . ഇതിന്റെ കീഴിൽ, രണ്ട് ഹെക്ടർ വരെ കൃഷിയോഗ്യമായ ഭൂമിയുള്ള കർഷകകുടുംബങ്ങൾക്ക് വർഷം 6,000 രൂപ വീതം നേരിട്ടുള്ള സാമ്പത്തിക സഹായം ബാങ്ക് അക്കൗണ്ടിലേക്ക് നൽകും.

ആദ്യം നമുക്ക് കുറഞ്ഞ താങ്ങുവിലയെടുക്കാം. ഇടക്കാലബജറ്റിൽ ധനകാര്യമന്ത്രി അവകാശപ്പെടുന്നത്, ചരിത്രത്തിലാദ്യമായി അദ്ദേഹത്തിന്റെ സർക്കാരാണ് 22 വിളകളുടെ കുറഞ്ഞ താങ്ങുവില ചെലവിന്റെ 50 ശതമാനത്തിലേറെയായി നിശ്ചയിച്ചതത്രേ. ഇക്കഴിഞ്ഞ ലക്കത്തിലടക്കം പലപ്പോഴും ഇതിലെ ചതി ഞങ്ങൾ തുറന്നു കാട്ടിയതാണ്. ഈ സാഹചര്യത്തിൽ രണ്ട് കാര്യങ്ങൾ ആവർത്തിക്കട്ടെ. ആദ്യമായി, ഈ 50% കൂടുതൽ എന്നത്, ഉത്പാദനച്ചെലവിന്റെ ശരാശരിയുടെ ഒരു ഭാഗം മാത്രമാണ്, മുഴുവനും അല്ല. കുറഞ്ഞ താങ്ങുവില കണക്കാക്കാൻ ഉപയോഗിക്കുന്ന ഈ ഭാഗത്തിൽ, വിത്ത്, വളം, കൂലിച്ചെലവ്, ഇന്ധനം, ജലസേചനം, കീടനാശിനി, എല്ലാത്തിനുമുപരിയായി, കാർഷികപ്രക്രിയയിൽ ഉൾപ്പെട്ട കുടുംബാംഗങ്ങളുടെ കൂലിയില്ലാ വേലയുടെ കണക്കാക്കപ്പെട്ട മൂല്യവും അടക്കമുള്ള ചെലവുകൾ ഉൾപ്പെടുന്നു. പക്ഷേ ഉത്പാദനച്ചെലവിന്റെ പകുതിയോളം വരുന്ന, തറപ്പാട്ടം കണക്കാക്കപ്പെടുന്ന മൂല്യം, പ്രവർത്തന–സ്ഥിര മൂലധനത്തിന്റെ പലിശ തുടങ്ങിയവ ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല. രണ്ടാമതായി, കുറഞ്ഞ താങ്ങുവിലയെക്കുറിച്ച് ഏറെ ഒച്ചപ്പാട് ഉണ്ടാക്കുമ്പോഴും, ഏറ്റവും നിഷ്ഠുരമായ സംഭരണസംവിധാനത്തെക്കുറിച്ച് ഒറ്റ വാക്കു പോലും മിണ്ടുന്നില്ല. ആ സംവിധാനമാകട്ടെ, ദരിദ്രകർഷകരിൽ നിന്നും എല്ലാ അർത്ഥത്തിലും അപഹരിക്കാൻ മാത്രമല്ല, കൊള്ളയടിക്കാനുമായി സജ്ജമാക്കപ്പെട്ടതാണ്. ഏറെ ഘോഷിക്കപ്പെടുന്ന സർക്കാർ സംവിധാനം ഏറെക്കുറെ പ്രവർത്തനരഹിതമാണെന്നും, ഭരണാധികാരികൾ – ഗ്രാമീണദല്ലാളന്മാർ – പഞ്ചായത്ത് ഭാരവാഹികൾ – അരി മിൽ – കോൾഡ് സ്റ്റോറേജ് ഉടമകൾ – ഭരണകക്ഷി നേതാക്കൾ തുടങ്ങിയവരുടെ അഴിമതി നിറഞ്ഞ അവിശുദ്ധ സഖ്യം വിളകളുടെ ഭൂരിഭാഗവും തുച്ഛവിലയ്ക്ക് ഉപായത്തിൽ തരപ്പെടുത്തുകയാണെന്നും ആർക്കാണ് അറിയാത്തത്? കിലോക്ക് വെറും 5 പൈസ വിലയ്ക്ക് ഉള്ളി വിൽക്കാൻ മടിച്ച, മഹാരാഷ്ട്രയിലെ നാസിക്കിലെ രോഷാകുലരായ കർഷകർ, തങ്ങളുടെ വിളവ് അപ്പാടെ പാടത്തേക്ക് തന്നെ വലിച്ചെറിഞ്ഞതും, തെരുവ് പശുക്കൾ സുഭിക്ഷമായി അത് തീറ്റയാക്കിയതുമായ വാർത്ത, കഴിഞ്ഞ ദിനങ്ങളിൽ നാം കണ്ടതാണ്. മഹാരാഷ്ട്രയിലേയും രാജസ്ഥാനിലേയും ഉത്തർപ്രദേശിലേയും പശ്ചിമബംഗാളിലേയും തമിഴ്നാട്ടിലേയും മറ്റു സംസ്ഥാനങ്ങളിലേയും മനസ്സുമടുത്ത, രോഷാകുലരായ കർഷകർ സമാനമായ രീതിയിൽ പ്രവർത്തിക്കുന്നതും നേരത്തേ നാം കണ്ടു.

സർക്കാർ 22 വിളകൾക്ക് കുറഞ്ഞ താങ്ങുവില പ്രഖ്യാപിച്ചു എന്ന് അവകാശപ്പെടുന്നുണ്ടെങ്കിലും, ഈ വിലയ്ക്ക് എന്തെങ്കിലും സംഭരണം സർക്കാർ തലത്തിൽ ഇന്ന് ഉണ്ടാകുന്നുവെങ്കിൽ അത് അരിക്കും ഗോതമ്പിനും മാത്രമാണെന്ന് ഇതുമായി ബന്ധപ്പെട്ട എല്ലാവർക്കുമറിയാം. ഈ സർക്കാർ സംവിധാനത്തിൽ എത്തിപ്പെടാൻ സാധിക്കുന്ന കർഷകർക്ക് പലപ്പോഴും, വിളകൾ എന്നു വാങ്ങും എന്ന തീയതിയെഴുതിയ (അത് ഒരു മാസത്തിനു ശേഷമാവും) ഒരു ടോക്കൺ ആകും നൽകുക. അപ്പോൾ കർഷകർക്ക് തങ്ങളുടെ വിളവ് തിരികെ കൊണ്ടുപോയി, അത്രയും കാലം വീട്ടിൽ സൂക്ഷിച്ച് വീണ്ടും തിരിച്ചു കൊണ്ടുവരേണ്ടിവരും. എന്നാൽപ്പോലും ടോക്കണിൽ പറഞ്ഞ തീയതിയിൽ അത് വാങ്ങണമെന്നില്ല. വീണ്ടും മാറ്റിവെക്കാം. എത്ര ദരിദ്രകർഷകർക്ക് ഇതുപോലെ പല തവണ അങ്ങോട്ടുമിങ്ങോട്ടുമുള്ള കടത്തുകൂലിയും സൂക്ഷിപ്പുചിലവും താങ്ങാനാകും? തന്നെയുമല്ല, ഈ തടസ്സങ്ങളെല്ലാം സഹിച്ച്, തങ്ങളുടെ വിളവ് സർക്കാർ സംവിധാനത്തിനു വിറ്റാലും, ലഭിക്കുന്ന ചെക്കിൽ നിന്നും പണം ലഭിക്കാൻ മാസങ്ങളെടുക്കും. അങ്ങനെ വരുമ്പോൾ, നേരത്തെ പറഞ്ഞ, അഴിമതിയിൽ മുങ്ങിയ അവിശുദ്ധസഖ്യത്തിനോ, ഇടനിലക്കാർക്കോ, കിട്ടുന്ന വിലയ്ക്ക് വിളകൾ വിറ്റൊഴിവാക്കാൻ അവർ നിർബ്ബന്ധിതരാകുന്നു. മനഃസാക്ഷിയില്ലാത്ത അരിമില്ലുടമകളാകട്ടെ, അഴിമതിക്കാരായ ഉദ്യോഗസ്ഥരുമായി ഒത്തുകളിച്ച്, കടലാസിൽ 40 കിലോയുടെ വിൽപ്പന കാണിച്ചുകൊണ്ട് 30 കിലോയുടെ വിലയാകും കർഷകനു കൊടുക്കുക. ഈ ഒറ്റത്തവണ വാങ്ങലിനെ 5 തവണയെങ്കിലും കൈമറിയുന്നതായി കണക്കിൽ കാണിച്ചുകൊണ്ട് അവർ വില പിന്നീട് ഊതിപ്പെരുപ്പിക്കുന്നു. ഈ മില്ലുടമസ്ഥർ തന്നെ രഹസ്യമായി കുമ്പസാരിക്കുന്നത്, സംഭരണ ഓഡിറ്റ് എന്ന സമ്പ്രദായം ഇല്ലാത്തതുകൊണ്ട് തങ്ങളുടെ മിക്കവാറും വാങ്ങലും കണക്കുപുസ്തകത്തിൽ മാത്രമാണെന്നാണ്. അതുപോലെ, നീക്കിയിരുപ്പ് ശേഖരം ഉണ്ടാക്കുവാനായി അരിമില്ലുടമകളിൽ നിന്നും ലെവി വാങ്ങിക്കൊണ്ടാണ് സർക്കാർ അരി സംഭരിക്കുന്നത്. കർഷകരെ വഞ്ചിച്ചുകൊണ്ടും സംഭരണക്കണക്കുകളിൽ കൃത്രിമം കാട്ടിയും വിളകൾ കുന്നുകൂട്ടിവെച്ചിരിക്കുന്ന മില്ലുകാർക്ക് ഈ ലെവി ഒരു ഭാരമാവുന്നില്ല. ഒരു ഉറവിടം വെളിപ്പെടുത്തുന്നത്, നെല്ല്, സോയാബീൻ, പരുത്തി, പയർവർഗങ്ങൾ, ബജ്റ തുടങ്ങിയ ഏഴു ഖാരിഫ് വിളകൾക്ക് കുറഞ്ഞ താങ്ങുവില ലഭിക്കാതിരുന്നതു മൂലം കഴിഞ്ഞ വർഷം രണ്ടു ലക്ഷം കോടി രൂപയുടെ നഷ്ടം കർഷകർ നേരിട്ടുവെന്നാണ്. പയർവർഗങ്ങൾക്കുള്ള കുറഞ്ഞ താങ്ങുവില ക്വിന്റലിന് 4,450 രൂപയായി നിജപ്പെടുത്തിയെങ്കിലും, കർഷകർക്ക് തങ്ങളുടെ വിളകൾ ക്വിന്റലിന് വെറും 2,600 രൂപക്ക് വിറ്റഴിക്കേണ്ടി വന്നു. ചിലപ്പോൾ, സംസ്ഥാനതലത്തിൽ നിശ്ചയിക്കപ്പെടുന്ന ഉത്പാദനച്ചെലവിലും എത്രയോ കുറവായിരിക്കും പ്രഖ്യാപിച്ചിട്ടുള്ള കുറഞ്ഞ താങ്ങുവില. ഉദാഹരണത്തിന്, ഒരു പ്രത്യേക പയർവർഗത്തിന് നിശ്ചയിക്കപ്പെട്ടിട്ടുള്ള കുറഞ്ഞ താങ്ങുവില 5050 രൂപയാണ്. പക്ഷേ അതിന്റെ ഉത്പാദനച്ചെലവ് ആന്ധ്രപ്രദേശിൽ 5772 രൂപയും തമിഴ്നാട്ടിൽ 6841 രൂപയും കർണാടകത്തിൽ 5800 രൂപയുമാണ്. അപ്പോൾ, അന്തമില്ലാത്ത അഴിമതിയും ചതിയും ദുരിതവും അരങ്ങുവാഴുന്ന മുതലാളിത്ത ഇന്ത്യയിലെ കാർഷികമേഖലയിൽ ഈ കുറഞ്ഞ താങ്ങുവില യെന്നത് പൊള്ളത്തരമല്ലാതെ മറ്റൊന്നുമല്ല.

ഇത്രതന്നെ പ്രഹസനമാണ്, ഇതു പോലെ കൊട്ടിഘോഷിക്കപ്പെട്ട് മുൻബജറ്റിൽ പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള പ്രധാനമന്ത്രി ഫസൽ ബിമാ യോജന. ഇതിന്റെ ഭൂരിഭാഗവും സ്വകാര്യ ഇൻഷുറൻസ് കമ്പനികളാണ് നൽകുന്നത്. കർഷകരെ സഹായിക്കുവാനുള്ള നിശ്ചയദാർഢ്യം സർക്കാരിനില്ലാത്തതും, നടത്തിപ്പിലെ അപര്യാപ്തകളും അനവധി വി

**ഹീനമായ മുതലാളിത്തവർഗപദ്ധതിയുടെ ഭാഗമായി ഇങ്ങനെ വഞ്ചനാത്മകമായ ഔദാര്യങ്ങളും സൗജന്യങ്ങളും പൊള്ളയായ വാഗ്ദാനങ്ങളും നിറച്ച ബജറ്റുകൾ അവതരിപ്പിക്കുമ്പോൾ, കപടമാർക്സിസ്റ്റുകൾ അടക്കമുള്ള പ്രതിപക്ഷത്തിന്റെ ഭാഗത്തു നിന്നും സഭയ്ക്ക് അകത്തോ പുറത്തോ യാതൊരു പ്രതിഷേധവും ഉണ്ടാകുന്നില്ല. അവരുടെ ചട്ടപ്പടി പ്രതിഷേധങ്ങളൊക്കെ, എന്തെങ്കിലും സൗമ്യമായ പ്രസ്താവന ഇറക്കലോ, പരമാവധി, തെരഞ്ഞെടുപ്പു നേട്ടങ്ങൾക്കായുള്ള കാട്ടിക്കൂട്ടലുകളോ മാത്രമായി ചുരുങ്ങുന്നു.**

(ശേഷം 6-ാം പേജിൽ)

# തൊഴിലില്ലായ്മ പെരുകുമ്പോഴും ചുരുങ്ങിയ മനുഷ്യശേഷി മാത്രമാവശ്യമുള്ള മൂലധനാധിക്യ സംരംഭങ്ങൾ ആരംഭിക്കുന്നു

## ഇടക്കാല ബജറ്റ്

*(5-ാം പേജിൽ നിന്ന്)*

ളുകൾ പദ്ധതിയിൽ ഉൾപ്പെടുത്താതിരിക്കുന്നതും, അനിശ്ചിതമായ പ്രവർത്തനരീതികളും, വിതരണസംവിധാനത്തിലെ വ്യാപകമായ അഴിമതിയുമൊക്കെ കാരണമായി വിളനഷ്ടം സംഭവിച്ച കർഷകർക്ക് യാതൊരു ഗുണവും ലഭിക്കാറില്ല. ഉദാഹരണമായി, വിളവെടുപ്പിനു ശേഷവും സംഭരണ കാലയളവിലുമുള്ള നഷ്ടങ്ങൾ കേന്ദ്ര ഇൻഷുറൻസ് പദ്ധതി കണക്കിലെടുക്കുന്നില്ല. ഇതൊരു വരുമാന ഇൻഷുറൻസ് അല്ല, ആദായനഷ്ടത്തിനുള്ള കവറേജ് മാത്രമാണ്. ഈ പദ്ധതി കാലാവസ്ഥാ അപകട സാധ്യതകൾക്കെതിരെയാണ്, അല്ലാതെ വിളനഷ്ടത്തിനെതിരേയല്ല ഇൻഷുറൻസ് നൽകുന്നത്. വന്യമൃഗങ്ങൾ മൂലമുള്ള നാശം ഈ പദ്ധതിയുടെ പരിധിയിൽ വരുന്നില്ല. മാധ്യമവാർത്തകൾ പ്രകാരം, ക്ലെയിം നൽകുന്നതിന്റെ ശരാശരി വെറും 6.61% മാത്രമായിരിക്കെ പൊതുഖജനാവിൽ നിന്നും വൻതുകയാണ് പ്രീമിയം എന്ന പേരിൽ ഇൻഷുറൻസ് കമ്പനികൾക്ക് കൈമാറിയിരിക്കുന്നത്. (മൊത്തം പ്രീമിയത്തിൽ ഭീമമായ വർധനവും – 2015-16ൽ 5,490 കോടി രൂപ, 2016-17ൽ 22,550 കോടി രൂപ, 2017-18ൽ 24,350 കോടി രൂപ) പ്രശസ്ത പത്രപ്രവർത്തകനും മഗ്സസേ പുരസ്കാരജേതാവുമായ പി.സായിനാഥിനു പോലും കഴിഞ്ഞ നവംബർ 19നു അഭിപ്രായപ്പെടേണ്ടി വന്നത് ഇങ്ങനെയാണ്, “കോർപ്പറേറ്റുകൾക്കു നൽകുന്ന സൗജന്യകൈമാറ്റത്തിന്റെ പേരിൽ റഫേൽ ഇടപാടിലും വലിയ അഴിമതിയായിരിക്കും പ്രധാൻമന്ത്രി ഫസൽ ബിമാ യോജന”.

### വർധിച്ച കാർഷികവായ്പ നൽകുന്നതിനു പിന്നിലെ പ്രഹസനം

2018-19 വർഷത്തിൽ കർഷകർക്കുള്ള കാർഷികവായ്പകൾ 11.68 ലക്ഷം കോടി രൂപയായി വർദ്ധിച്ചതായി ഇടക്കാല ബജറ്റിൽ സ്ഥാപിക്കുന്നു. അതായത്, കർഷകർക്കുള്ള വ്യവസ്ഥാപിത വായ്പകൾ, (അതായത്, ബാങ്കുകളിൽ നിന്നും മറ്റ് സാമ്പത്തികസ്ഥാപനങ്ങളിലും നിന്നുള്ള പണവായ്പകൾ) വർദ്ധിച്ചു. പക്ഷേ, അർഹിക്കാത്ത ഈ അംഗീകാരം പിടിച്ചുപറ്റാൻ ശ്രമിക്കുന്നതു തന്നെ വലിയ ഒരു സത്യത്തെ മറച്ചുപിടിച്ചു കൊണ്ടാണ്. ഈ കാർഷികവായ്പ എന്നു പറയുന്നതിന്റെ പരിധിയിൽ ശേഖരണ സംവിധാനങ്ങളുടെ നിർമാണം – വെയർഹൗസുകൾ, ഗോഡൗണുകൾ, ചന്തകൾ, കോൾഡ് സ്റ്റോറേജ് യൂണിറ്റുകൾ തുടങ്ങിയവ, മണ്ണ് സംരക്ഷണവും ജലസ്രോതസ്സുകളുടെ വികസനവും, വിത്തുൽപാദനം, ജൈവകീടനാശിനികൾ, തൈകൾ എന്നിവയുടെ ഉത്പാദനം, കൃഷി അനുബന്ധപ്രവർത്തനങ്ങളായ കാർഷിക-വാണിജ്യ കേന്ദ്രങ്ങൾ, അഗ്രോ-ക്ലിനിക്കുകൾ, ഭക്ഷ്യ-കാർഷിക സംസ്ക്കരണം തുടങ്ങി, ട്രാക്ടറുകൾ പോലെയുള്ള കാർഷികയന്ത്രങ്ങളുടെ വൻശേഖരം സൂക്ഷിക്കുന്ന വ്യക്തികളുടേയും സ്ഥാപനങ്ങളുടേയും ഉപഭോക്തൃ സേവനകേന്ദ്രങ്ങളുടെ നടത്തിപ്പു വരെ ഉൾപ്പെടുന്നു. തീർച്ചയായും ഇവയൊന്നും ചെറുകിട-ദരിദ്ര കർഷകർക്കായുള്ള വായ്പകളല്ല. പകരം വൻകിട കർഷകർ, ഭൂവുടമകൾ, കാർഷികവാണിജ്യ രംഗത്തെ കുത്തകകൾ തുടങ്ങിയവർക്ക് വേണ്ടിയുള്ളതാണ്.

രണ്ടാമതായി, വ്യവസ്ഥാപിത വായ്പകളുടെ ഭൂരിഭാഗവും സമ്പന്നരും സ്വാധീനമുള്ളവരുമായ കർഷകരിലേക്കും ഫാമുകളിലേക്കുമാണ് ഒഴുകുന്നത് എന്നാണ് നീതി ആയോഗ് പോലും സമ്മതിക്കുന്നത്. അതേസമയം തന്നെ, ആവശ്യക്കാരായ ദരിദ്രകർഷകരിൽ ഭൂരിഭാഗത്തിനും വായ്പാവിതരണത്തിന്റെ സങ്കീർണപ്രക്രിയകൾ പൂർത്തിയാക്കാനാകാതെ, ഭീമമായ പലിശക്ക് പ്രാദേശിക പണമിടപാടുകാരുടെ വാതിലിൽ മുട്ടാൻ നിർബ്ബന്ധിതരാകുന്നു. ശരാശരിയെടുത്താൽ, ചെറുകിട-ദരിദ്ര കർഷകരുടെ മൂന്നിലൊന്നിനും (32.8 ദശലക്ഷത്തിൽ 10.6 ദശലക്ഷത്തിനും) വ്യവസ്ഥാപിതവായ്പകൾ ലഭ്യമാണ് എന്നാണ് എൻഎസ്എസ്ഒ റിപ്പോർട്ട്. അങ്ങനെയാണെങ്കിൽ, കാർഷികവായ്പകളുടെ വിതരണം വർദ്ധിച്ചു എന്ന പേരിൽ എന്തിനാണ് ഇത്ര വലിയ ഒച്ചയും ബഹളവും? തുണ്ടുതുണ്ടാക്കപ്പെടുന്ന ഭൂവുടമസ്ഥത, ജലസേചനസൗകര്യങ്ങളുടെ അപര്യാപ്തത, കുറയുന്ന ജലലഭ്യത, മണ്ണിന്റെ കുറയുന്ന ഗുണം, ജലസേചനപമ്പുകൾക്ക് ഉപയോഗിക്കുന്ന ഡീസലിനടക്കം ഉത്പാദനച്ചെലവിനുണ്ടായിട്ടുള്ള ഭീമമായ വർദ്ധന, കുറഞ്ഞ ഉത്പാദനക്ഷമത, മതിയായ വിലയുടെ അഭാവം, കടക്കെണി എന്നിങ്ങനെ ഭാരതത്തിലെ കൃഷിക്കാർ നിരവധി വെല്ലുവിളികളാൽ വശംകെട്ടിരിക്കുകയാണ്. ഇതിനൊക്കെ പുറമേയാണ് താളം തെറ്റുന്ന മൺസൂണും, വരൾച്ചയും വെള്ളപ്പൊക്കവും പോലെയുള്ള പ്രകൃതിദുരന്തങ്ങളും. ഗ്രാമീണ ദരിദ്രജനത അനുഭവിക്കുന്ന ഇത്തരം കൊടിയ ദുരിതങ്ങളും കഷ്ടപ്പാടുകളും ഒഴിവാക്കുന്നതു പോകട്ടെ, അതിൽ എന്തെങ്കിലും ആശ്വാസം നൽകുന്ന നടപടികൾ പോലും കാണാൻ സാധിക്കാത്തത്, മിക്കവാറും എല്ലാ സംസ്ഥാനങ്ങളിലും കർഷകമുന്നേറ്റങ്ങൾക്ക് തിരികൊളുത്തിയിരിക്കുകയാണ്. കർഷകർ ശത്രുപക്ഷത്തായി, ബിജെപിക്കു വോട്ടുനൽകാതെ അകന്നുപോകുന്നത് ഒഴിവാക്കാൻ, കണ്ണിൽ പൊടിയിടുന്ന മറ്റൊരു നീക്കവുമായി അവരെ ശാന്തരാക്കാൻ ശ്രമിക്കുകയാണ് ബജറ്റിലൂടെ. 2 ഹെക്ടർ വരെ കൃഷിയോഗ്യമായ ഭൂമിയുള്ള കർഷകകുടുംബങ്ങൾക്കായി ‘പ്രധാനമന്ത്രി കിസാൻ സമ്മാൻ നിധി’ എന്ന പുതിയ പദ്ധതി പ്രഖ്യാപിച്ചിരിക്കുകയാണ് സർക്കാർ. ഈ പദ്ധതിയിലൂടെ ഇത്തരം കുടുംബങ്ങൾക്ക്, 2018 ഡിസംബർ 1 മുതൽ മുൻകാലപ്രാബല്യത്തോടെ പ്രതിവർഷം 6000 രൂപയുടെ നേരിട്ടുള്ള ധനസഹായം നൽകും. (കുടുംബത്തിൽ 4 അംഗങ്ങളുണ്ടെങ്കിൽ, ഈ സാമ്പത്തികസഹായമെന്നത് പ്രതിദിനം 4 രൂപ എന്നു കണക്കാക്കാം). എന്താണ് ഇതിനെ വിളിക്കേണ്ടത്? ആശ്വാസമെന്നോ ഔദാര്യമെന്നോ? പ്രധാനമന്ത്രിയുടേയും ബിജെപിയിലെ അദ്ദേഹത്തിന്റെ സഹപ്രവർത്തകരുടേയും വാഗ്ദാനം – കർഷകരുടെ വരുമാനം ഇരട്ടിയാക്കുമെന്നത്, ആദ്യം 2020ൽ എന്നും ഇപ്പോൾ 2022-ൽ, ഒരു ക്രൂരമായ തമാശയായി മാറിയിരിക്കുന്നു. അതുകൊണ്ടു തന്നെ, മുൻപില്ലാത്തവിധം ഒരു ധനസഹായം തെരഞ്ഞെടുപ്പിനു തൊട്ടുമുമ്പ് ധൃതിപിടിച്ചു കൊണ്ടു വരാൻ അവർ നിർബ്ബന്ധിതരായിരിക്കുന്നു.

### തൊഴിലാളികളോടുള്ള ഉത്കണ്ഠയും കരകവിഞ്ഞൊഴുകുന്നു

കർഷകരുടെ കാര്യം നോക്കാമെങ്കിൽ പിന്നെ തൊഴിലാളികളെ പിന്നിൽ ഉപേക്ഷിക്കാൻ പറ്റുമോ? ഇതുവരേയും കുത്തകാനുകൂല ബിജെപി സർക്കാർ, ഒന്നിനുപിറകേ ഒന്നായി നിർദ്ദയമായ തൊഴിലാളിവിരുദ്ധനയങ്ങൾ അവതരിപ്പിക്കുകയായിരുന്നു. തങ്ങളുടെ കാലാവധിയിലുടനീളം, തൊഴിലാളികൾ പൊരുതി നേടിയെടുത്ത അവകാശങ്ങൾ കൊള്ളയടിക്കുന്നതിനേയും, ഒന്നിനു പിറകേ ഒന്നായി വ്യവസായശാലകൾ അടച്ചുപൂട്ടുന്നതിനേയും, വൻതോതിൽ തൊഴിലാളികളെ പിരിച്ചുവിടുന്നതിനേയും അവർ ഫലത്തിൽ പിന്തുണച്ചു. ഇപ്പോൾ തെരഞ്ഞെടുപ്പ് അടുത്തെത്തിയപ്പോൾ അവർക്ക് പെട്ടെന്നുണ്ടായ ബോധോദയമാണ് അസംഘടിതമേഖലയിലെ തൊഴിലാളികൾക്കായി എന്തെങ്കിലും ചെയ്യണമെന്നത്. മൊത്തം തൊഴിൽശക്തിയുടെ 94% വരുന്ന ഈ അസംഘടിതതൊഴിലാളികൾ കൂടുതലും ദിവസക്കൂലി-കരാർ തൊഴിലാളികളാണ്. തുച്ഛമായ കൂലിക്കായി അവരെക്കൊണ്ട് അപകടം നിറഞ്ഞ, അനാരോഗ്യകരമായ സാഹചര്യങ്ങളിൽ പണിയെടുപ്പിക്കുന്നു. 15,000 രൂപ വരെ മാസവരുമാനം ലഭിക്കുന്ന അസംഘടിതമേഖലയിലെ തൊഴിലാളികൾക്കായി, ‘പ്രധാൻമന്ത്രി ശ്രംയോഗി മന്ദൻ’ എന്ന ഒരു പുതിയ പദ്ധതി ധനകാര്യമന്ത്രി പ്രഖ്യാപിച്ചിരിക്കുകയാണ്. ഈ പദ്ധതി പ്രകാരം, അസംഘടിതമേഖലയിലെ 25 വയസ്സായ ഒരു തൊഴിലാളി ഓരോ മാസവും 100 രൂപ വീതം പ്രീമിയം അടയ്ക്കുകയാണെങ്കിൽ, 35 വർഷങ്ങൾക്കു ശേഷം അതായത് 2054 ൽ അയാൾക്ക് പ്രതിമാസം 3000 രൂപ വീതം പെൻഷൻ ലഭിക്കും. സമൂഹത്തിലെ ഏറ്റവും താഴേക്കിടയിലുള്ള ഒരു വിഭാഗത്തിനു വേണ്ടി ഇത്ര വിപ്ലവകരമായ സാമൂഹ്യസുരക്ഷ ആലോചിച്ചു നടപ്പാക്കിയ തലച്ചോറുകൾക്ക് നമോവാകം! ഈ തൊഴിലാളികൾ ഒരു സ്ഥിരം സ്വഭാവത്തിലുള്ള തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരാണോ? അല്ല എന്നാണ് ഉത്തരം. കുറച്ചു കാലത്തിനു ശേഷം അവരെ പറഞ്ഞുവിടുകയോ പുറത്താക്കുകയോ ചെയ്യുമോ? അതേ, എന്നാണ് ഉത്തരം. അവർ ഒരേ സ്ഥലത്തു തന്നെ താമസിക്കുന്നവരാണോ? അല്ല എന്നു തന്നെ വീണ്ടും ഉത്തരം. കുടിയേറ്റ തൊഴിലാളികളായി അവർ ഒരിടത്തു നിന്നും മറ്റൊരിടത്തേക്ക് നീങ്ങിക്കൊണ്ടേയിരിക്കുന്നു. മനുഷ്യത്വരഹിതമായ അധ്വാനവും, പോഷകാഹാരക്കുറവും, അരക്ഷിതാവസ്ഥയെക്കുറിച്ചുള്ള നിരന്തരഭീതിയും നിമിത്തം, മധ്യവയസ്സെത്തുമ്പോൾ തന്നെ ജോലി ചെയ്യാനുള്ള കഴിവും അവർക്കു നഷ്ടപ്പെടുന്നു. പിന്നെങ്ങനെയാണ് മാസാമാസമുള്ള പ്രീമിയം അടവ് തടസ്സമില്ലാതെ തുടർന്നു പോകാൻ അവർക്കു കഴിയുക? പിന്നെ, പ്രീമിയം അടവ് ഇനി ഇടയിൽ മുടങ്ങുകയാണെങ്കിൽ അതു വരെ അടച്ച തുക നഷ്ടപ്പെടുമോ? ഇതിന് യാതൊരു വ്യക്തതയുമില്ല. മൂന്നു വർഷങ്ങൾക്കു മുമ്പ് ഇതേ സർക്കാർ തന്നെ സമാനമായി ‘അടൽ പെൻഷൻ സ്ക്കീം’ അവതരിപ്പിച്ചിരുന്നു. റിപ്പോർട്ടുകൾ പ്രകാരം, 2.5% തൊഴിലാളികൾ മാത്രമാണ് ആ പദ്ധതിയിൽ ചേരാൻ തയ്യാറായത്. മൂന്നാമതായി, ഈ തൊഴിലാളികളെ കുറിച്ച് അന്വേഷിക്കുന്ന എന്തെങ്കിലും സംവിധാനമുണ്ടോ? എന്തെങ്കിലും രേഖയോ, പേരുചേർക്കൽ രജിസ്റ്ററോ ഉണ്ടോ? വീണ്ടും ഒരു വലിയ നിഷേധമാണ് ഉത്തരം. അങ്ങനെയൊരു രജിസ്റ്ററോ രേഖയോ നിർമ്മിക്കുവാൻ എന്തെങ്കിലും നീക്കം നടക്കുന്നുണ്ടോ? വീണ്ടും ഇല്ല എന്നു തന്നെ ഉത്തരം. പിന്നെ എങ്ങനെയാണ് ഈ പുതിയ പദ്ധതിക്ക് പ്രവർത്തിക്കാൻ സാധിക്കുക? ഭരണസംവിധാനത്തിന്റെ തന്നെ ഭാഗമായ വിദഗ്ദർക്കേ ഇതിനുത്തരം നൽകാൻ സാധിക്കൂ. വിവേകമുള്ള ഏതൊരാൾക്കും ഇത് അങ്ങേയറ്റം അസംബന്ധമായ തട്ടിപ്പാണ്. കൂടാതെ, ഈ പദ്ധതിക്കായി മാറ്റിവെക്കപ്പെട്ട തുക 500 കോടി രൂപയാണ്. പശുക്കളെ സംരക്ഷിക്കുവാനായുള്ള സ്വപ്നപദ്ധതിയായ രാഷ്ട്രീയ ഗോകുൽ മിഷന് നൽകിയതിനേക്കാൾ 250 കോടി കുറവാണിത്. പശുക്കൾക്കായി, രാഷ്ട്രീയ കാമധേനു ആയോഗ് എന്ന മറ്റൊരു പദ്ധതിയും പ്രഖ്യാപിച്ചിട്ടുണ്ട്. വ്യക്തമായും ബിജെപി സർക്കാരിന്റെ ചിന്തയിൽ, പീഡിതരായ അസംഘടിത തൊഴിലാളികളേക്കാൾ വിലയേറിയതും പ്രാധാന്യമർഹിക്കുന്നതും പശുക്കൾക്ക് തന്നെയാണ്.

### പ്രതിരോധവും റെയിൽവേയും

ചുരുക്കിപ്പറയണം എന്നുള്ളതുകൊണ്ട് വിദ്യാഭ്യാസവും ആരോഗ്യവും പോലെയുള്ള പ്രധാനപ്പെട്ട മേഖലകളിലേക്ക് ഞങ്ങൾ കടന്നിട്ടില്ല. ഇടക്കാലബജറ്റിലും തൊലിപ്പുറമേയുള്ള ചില പ്രഖ്യാപനങ്ങൾക്കപ്പുറം ആ മേഖലകൾ ഏറെക്കുറെ സ്പർശിക്കാതെ വിട്ടിരിക്കുകയാണ്. ആരോഗ്യമേഖലയെ കുറിച്ചുള്ളത്, ആയുഷ്മാൻ ഭാരത് ആരോഗ്യ ഇൻഷുറൻസ് പദ്ധതിയെക്കുറിച്ചുള്ള വാഴ്ത്തിപ്പാടലിലേക്ക് ഒതുങ്ങി. ഇതല്ലാതെ, രാജ്യത്ത് നിരവധി പ്രതിസന്ധികളെ നേരിടുന്ന പ്രാഥമിക, ദ്വിതീയ ആതുരശുശ്രൂഷാ സംവിധാനങ്ങളെ മെച്ചപ്പെടുത്തുവാൻ എന്തെങ്കിലും പ്രാരംഭപ്രവർത്തനങ്ങൾ നടത്തുന്നതിനെക്കുറിച്ച് ബജറ്റ് പറയുന്നില്ല. മറ്റൊരു എയിംസ് (ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്) പ്രഖ്യാപിച്ചതു കൊണ്ട് ഇവിടത്തെ ദരിദ്രജനതയ്ക്ക് പ്രത്യേകിച്ച് യാതൊരു മെച്ചവുമില്ല. അതുപോലെ തന്നെ, ഗുണനിലവാരവും ശാസ്ത്ര ആഭിമുഖ്യവുമുള്ള, മുകളിൽ നിന്നും ശ്രേഷ്ഠസ്ഥാപനങ്ങൾ നേതൃത്വം നൽകുന്ന, ഒരു വിദ്യാഭ്യാസ സമ്പ്രദായം നിർമിക്കുന്നതിനുള്ള ആഗ്രഹം വെറുതേ പ്രകടിപ്പിക്കുന്നതോ, വിദ്യാഭ്യാസവായ്പയുടെ തുക വർധിപ്പിക്കുന്നതോ, രാജ്യത്തെ വിദ്യാഭ്യാസത്തകർച്ചയുടെ പ്രശ്നത്തിൽ നിന്നുമുള്ള ഒളിച്ചോട്ടമാണ്.

പക്ഷേ അർത്ഥവത്തായും ഇടക്കാലബജറ്റ് പ്രസംഗം കൗശലത്തോടെ പരാമർശിക്കുന്നത്, ആദ്യമായി പ്രതിരോധബജറ്റ് മൂന്നു ലക്ഷം കോടി കടക്കുമെന്നും, ആവശ്യമെങ്കിൽ കൂടുതൽ തുക നൽകുമെന്നുമാണ്. സ്പഷ്ടമായും,

*(ശേഷം 11-ാം പേജിൽ)*

## എസ്‌യുസിഐ(സി) സംസ്ഥാന കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്ത്

# സി.കെ.ലൂക്കോസ് അനുസ്മരണയോഗം

2019 ഫെബ്രുവരി 13 ന് അന്തരിച്ച, പാർട്ടിയുടെ പൊളിറ്റ് ബ്യൂറോ മെമ്പറും മുൻ കേരള സംസ്ഥാന സെക്രട്ടറിയുമായ സഖാവ് സി.കെ.ലൂക്കോസിനെ അനുസ്മരിച്ചുകൊണ്ടുള്ള യോഗം ഫെബ്രുവരി 17 ന് വൈകിട്ട് 3 മണിക്ക് തിരുവനന്തപുരം വിജെടി ഹാളിൽ ചേർന്നു. പാർട്ടി സംസ്ഥാന സെക്രട്ടറി സഖാവ് വി.വേണുഗോപാൽ അദ്ധ്യക്ഷത വഹിച്ചു. പൊളിറ്റ്ബ്യൂറോ മെമ്പർ സഖാവ് കെ.രാധാകൃഷ്ണ അനുസ്മരണ പ്രഭാഷണം നടത്തി. കേന്ദ്ര കമ്മിറ്റിയംഗങ്ങളായ സഖാക്കൾ കെ.ശ്രീധർ, കെ. ഉമ, തമിഴ്നാട് സംസ്ഥാന സംഘാടക കമ്മിറ്റി സെക്രട്ടറി സഖാവ് എ.രംഗസ്വാമി, പോണ്ടിച്ചേരി യൂണിറ്റ് സെക്രട്ടറി സഖാവ് അനവരതൻ, എഐയുടിയുസി സംസ്ഥാന പ്രസിഡന്റ് സഖാവ് ജെ.ഉദയഭാനു, സിഐടിയു അഖിലേന്ത്യാ വൈസ് പ്രസിഡന്റ് സഖാവ് കെ.ഒ.ഹബീബ്, ആർഎസ്പി കേന്ദ്ര കമ്മിറ്റിയംഗം സഖാവ് സനൽ കുമാർ, സേവ സംസ്ഥാന സെക്രട്ടറി സോണിയ ജോർജ്ജ്, ജനകീയ പ്രതിരോധ സമിതി നേതാവ് പ്രൊഫ.വിശ്വമംഗലം സുന്ദരേശൻ, വിളപ്പിൽശാല സമര നേതാവ് ബുർഹാൻ, എംസിപിഐ(യു) നേതാവ് ശ്രീനിവാസദാസ്, അഡ്വ.ലാലീധരൻ, സി.കെ.നാഥൻ, എൽ.കെ.ശേഖർ, അമ്മു ലൂക്കോസ് എന്നിവർ പ്രസംഗിച്ചു. ഡോ. ഡി. ബാബുപോൾ അനുസ്മരണ സന്ദേശമയച്ചു. പാർട്ടി തിരുവനന്തപുരം ജില്ലാ സെക്രട്ടറി സഖാവ് ആർ.കുമാർ സ്വാഗതം പറഞ്ഞു.




**തിരുവനന്തപുരം വിജെടി ഹാളിൽ നടന്ന അനുസ്മരണയോഗത്തിൽ പൊളിറ്റ് ബ്യൂറോ അംഗം സഖാവ് കെ.രാധാകൃഷ്ണ അനുസ്മരണ പ്രഭാഷണം നടത്തുന്നു.സഖാക്കൾ കെ.ഉമ, ജയ്സൺ ജോസഫ്, വി.വേണുഗോപാൽ, കെ.ശ്രീധർ, എ.രംഗസ്വാമി, ജെ.ഉദയഭാനു എന്നിവർ മുൻനിരയിൽ**

പാർക്കിൻസോണിസം എന്ന രോഗം ബാധിച്ച് രണ്ട് വർഷമായി ഏറെ ബുദ്ധിമുട്ടുകൾ അനുഭവിച്ചുവരികയായിരുന്നുവെങ്കിലും സഖാവ് ലൂക്കോസിന്റെ വേർപാട് ആകസ്മികമായിരുന്നു എന്ന് അദ്ധ്യക്ഷ പ്രസംഗത്തിൽ സഖാവ് വേണുഗോപാൽ സൂചിപ്പിച്ചു. പാർട്ടി രൂപീകരണ ഘട്ടം മുതൽ അന്ത്യശ്വാസംവരെ കേരളത്തിലെ പാർട്ടിക്ക് നേതൃത്വം നൽകിയ സഖാവ് ലൂക്കോസിന്റെ വേർപാട് വലിയ ആഘാതമാണേൽപ്പിച്ചിരിക്കുന്നതെന്നും പാർട്ടിയൊന്നാകെ തീവ്ര പരിശ്രമം നടത്തിയാലേ ഈ സാഹചര്യത്തെ അതിജീവിക്കാനാകൂ എന്നും സഖാവ് വേണുഗോപാൽ ഓർമ്മിപ്പിച്ചു. ലൂക്കോസ് സഖാവിനോടുള്ള നമ്മുടെ സ്നേഹം കേവലം ആദരം മാത്രമല്ല, അദ്ദേഹം നമുക്കേവർക്കും മാതൃകയും പ്രചോദനവുമായിരുന്നു. മാതൃകായോഗ്യനായ ആ വിപ്ലവകാരി നല്ലൊരു പിതാവും ബന്ധുവും സുഹൃത്തും ഏവർക്കും പ്രിയങ്കരനുമായിരുന്നുവെന്നും സഖാവ് വേണുഗോപാൽ അനുസ്മരിച്ചു. ഏറ്റവും മികച്ച ചികിത്സയാണ് പാർട്ടി സഖാവ് ലൂക്കോസിനായി ഏർപ്പാടു ചെയ്തത്. അദ്ദേഹത്തെ 24 മണിക്കൂറും ഊഴംവച്ചു പരിചരിക്കാൻ 40 സഖാക്കളുൾപ്പെടുന്ന ഒരു സംഘത്തെ നിയോഗിച്ചിരുന്ന കാര്യവും സഖാവ് വേണുഗോപാൽ സൂചിപ്പിച്ചു.

തൊഴിലാളി വർഗ്ഗത്തോടും പാർട്ടിയോടും താദാത്മ്യപ്പെടാനുള്ള സമരം വിജയകരമായി നിർവ്വഹിക്കാൻ കഴിഞ്ഞതുകൊണ്ടാണ് സഖാവ് ലൂക്കോസ് പാർട്ടിയുടെ പൊളിറ്റ് ബ്യൂറോ അംഗം വരെയായത് എന്ന് സൂചിപ്പിച്ചുകൊണ്ടാണ് സഖാവ് രാധാകൃഷ്ണ അനുസ്മരണ പ്രഭാഷണം ആരംഭിച്ചത്. തീക്ഷ്ണമായ സമരങ്ങളുടെ അമരക്കാരനായിരിക്കുമ്പോഴും അദ്ദേഹം സൗമ്യനും ഏവർക്കും പ്രാപ്യനുമായിരുന്നു. മാർക്സിസത്തിൽ ആഴമാർന്ന ജ്ഞാനവും ഉന്നതമായ സ്വഭാവഗുണവും അദ്ദേഹം ആർജ്ജിച്ചിരുന്നു. എത്ര അറിയുന്നു എന്നതിനേക്കാൾ അറിവ് എത്രത്തോളം സ്വാംശീകരിക്കുന്നു എന്നതാണ് പ്രധാനം എന്ന് സഖാവ് ശിബ്ദാസ് ഘോഷ് പഠിപ്പിച്ചിട്ടുണ്ട്. സഖാവ് ലൂക്കോസ് അതിന്റെ ഉത്തമ ദൃഷ്ടാന്തമായിരുന്നു.

ഗുരുതരമായ രോഗം ബാധിച്ചിരുന്നുവെങ്കിലും അതിനെ അതിജീവിക്കുവാനുള്ള സമരത്തിലായിരുന്നു സഖാവ് ലൂക്കോസ് എന്ന കാര്യവും സഖാവ് രാധാകൃഷ്ണ ഓർമ്മിപ്പിച്ചു. ചലനശേഷി നഷ്ടപ്പെട്ടിട്ടും അദ്ദേഹം തിളക്കമാർന്ന ചിന്തയോടെ പാർട്ടിക്ക് മാർഗ്ഗ നിർദ്ദേശം നൽകിക്കൊണ്ടിരുന്നു. സ്റ്റീഫൻ ഹോക്കിംഗിനെപ്പോലെ ഏവരെയും അത്ഭുതപ്പെടുത്തുന്ന നിശ്ചയദാർഢ്യമാണ് അദ്ദേഹം പ്രകടിപ്പിച്ചത്. വാർദ്ധക്യത്തിലെത്തുന്നതിനുമുമ്പുള്ള അദ്ദേഹത്തിന്റെ വിയോഗം സൃഷ്ടിച്ച വിടവ് നികത്താൻ അദ്ദേഹം തുടർന്നു പോന്ന സമരം മുന്നോട്ടു കൊണ്ടുപോകുകയേ മാർഗ്ഗമുള്ളു. അതിലൂടെ നമുക്ക് അദ്ദേഹത്തിന് അർഹമായ രീതിയിൽ ആദരാഞ്ജലിയർപ്പിക്കാം.

മറ്റ് പാർട്ടികളിൽനിന്ന് വ്യത്യസ്തമായ എസ്‌യുസിഐ(സി)യുടെ പ്രവർത്തന ശൈലി തന്നെ എന്നും ആകർഷിച്ചിരുന്നുവെന്ന് സഖാവ് ഉദയഭാനു അനുസ്മരിച്ചു. അങ്ങേയറ്റം അർപ്പണ ബോധത്തോടെ നടത്തിയ ആ പ്രവർത്തനങ്ങളുടെ നായകൻ സഖാവ് ലൂക്കോസായിരുന്നു. ഇടതുപക്ഷ പ്രസ്ഥാനങ്ങളുടെ ഐക്യം മുമ്പെന്നത്തെയുംകാൾ ആവശ്യമായിരിക്കുന്ന സന്ദർഭമാണിതെന്നും അതിനായി നമുക്ക് കൂട്ടായി പരിശ്രമിക്കാമെന്നും സഖാവ് ഉദയഭാനു പറഞ്ഞു.

പാർട്ടിയുടെ ആശയങ്ങൾക്കനുസരിച്ച് ജീവിതാന്ത്യം വരെ പൊരുതിയ നേതാവാണ് സഖാവ് ലൂക്കോസെന്ന് സഖാവ് കെ.ഒ.ഹബീബ് ചൂണ്ടിക്കാട്ടി. ട്രേഡ് യൂണിയൻ രംഗത്തുംമറ്റും സഖാവ് ലൂക്കോസുമായി ഒന്നിച്ചു പ്രവർത്തിച്ച കാര്യം അദ്ദേഹം എടുത്തു പറഞ്ഞു. ചൂഷണരഹിതമായ സാമൂഹ്യ സൃഷ്ടി എന്ന പൊതുവായ ലക്ഷ്യത്തിലേയ്ക്ക് നമുക്ക് ഒന്നിച്ച് മുന്നേറാം എന്ന് പറഞ്ഞുകൊണ്ടാണ് അദ്ദേഹം പ്രസംഗം അവസാനിപ്പിച്ചത്. ആ ദിശയിൽ സഖാവ് ലൂക്കോസിന്റെ പ്രവർത്തനങ്ങൾ ഒരു മുതൽക്കൂട്ടാണെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു.

സംയുക്ത വിദ്യാർത്ഥി പ്രക്ഷോഭ രംഗത്തും മറ്റു പല സമര വേദികളിലും സഖാവ് ലൂക്കോസിന്റെ നേതൃപാടവം അനുഭവിച്ചറിയാൻ കഴിഞ്ഞിട്ടുണ്ടെന്ന് ഓർമ്മിപ്പിച്ചുകൊണ്ടാണ് സഖാവ് സനൽ കുമാർ പ്രസംഗിച്ചത്. ഇന്ത്യൻ സമൂഹത്തെ സൂക്ഷ്മമായി പഠിക്കുകയും സാമൂഹ്യ പ്രശ്നങ്ങളെ ശരിയായി വിലയിരുത്തുകയും ചെയ്യുന്ന പ്രസ്ഥാനമാണ് എസ്‌യുസിഐ(സി). പാർട്ടിയെ കുടുംബവും കുടുംബത്തെ പാർട്ടിയുമാക്കിയുള്ള എസ്‌യുസിഐ(സി)യുടെ പ്രവർത്തന ശൈലി അനുകരണീയമാണെന്നും അദ്ദേഹം സൂചിപ്പിച്ചു.

ഡോ. ഡി.ബാബുപോൾ അയച്ചുതന്ന സന്ദേശം അനുസ്മരണ സമ്മേളനത്തിൽ വായിക്കുകയുണ്ടായി. വിപ്ലവകാരിയായ ഒരു പുരോഹിതനായിരുന്നു ലൂക്കോസിന്റെ പിതാവെന്നും ആ മാർഗ്ഗം പിന്തുടർന്ന ലൂക്കോസ് വിപ്ലവത്തിന്റെ പാതതന്നെ തിരഞ്ഞെടുത്തുവെന്നും ശ്രീ. ബാബുപോൾ അനുസ്മരിച്ചു.

പ്രസ്ഥാനത്തിന് പുറത്തുള്ള ആളുകളെപ്പോലും ആകർഷിക്കുന്ന വ്യക്തിത്വമായിരുന്നു ശ്രീ ലൂക്കോസിന്റേത് എന്ന് പ്രൊഫ.വിശ്വമംഗലം സുന്ദരേശൻ അനുസ്മരിച്ചു. സമൂഹത്തിന്റെ മാറ്റത്തിനായുള്ള പ്രവർത്തനമാണ് അദ്ദേഹം നടത്തിയത്. ജനകീയ പ്രതിരോധ സമിതിയുടെ പ്രവർത്തനങ്ങൾക്ക് അത് മാർഗ്ഗദർശകമായിരുന്നു. രാഷ്ട്രീയത്തിനുപരി സാമൂഹ്യ-സാംസ്കാരിക മേഖലകളിലെ എസ്‌യുസിഐ(സി)യുടെ പ്രവർത്തനങ്ങൾ വിലമതിക്കേണ്ടതാണെന്നും അദ്ദേഹം പറഞ്ഞു.

ലൂക്കോസ് സഖാവിന്റെ ഇളയ സഹോദരനും എഴുത്തുകാരനുമായ ശ്രീ സി.കെ.നാഥൻ കുട്ടിക്കാലത്തെ അനുഭവങ്ങളും മുതിർന്നപ്പോൾ ലൂക്കോസ് സഖാവിന്റെ വ്യക്തിത്വത്തോട് തോന്നിയ മതിപ്പും പങ്കുവച്ചു. ജീവിതത്തിൽ ഉന്നതമായ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച ആളായിരുന്നു അദ്ദേഹമെന്നും അത് സമൂഹത്തിന് എന്നും ഗുണകരമായിരിക്കുമെന്നും ഓർമ്മിപ്പിച്ചു.

സഖാവ് ലൂക്കോസിന്റെ ജീവിതം പ്രതീക്ഷാ നിർഭരവും വാക്കുകൾ പ്രചോദനാത്മകവുമായിരുന്നു എന്ന് ശ്രീമതി സോണിയ ജോർജ്ജ് അനുസ്മരിച്ചു. എസ്‌യുസിഐ(സി)യും അതിന്റെ അനുബന്ധ സംഘടനകളും സമൂഹത്തിൽ പ്രസരിപ്പിക്കുന്നത് പ്രത്യാശയുടെ കിരണമാണ്. ട്രേഡ് യൂണിയൻ രംഗത്തും വനിതകളുടെ കൂട്ടായ്മകളിലുമൊക്കെ സഹകരിച്ചു പ്രവർ

*(ശേഷം 8-ാം പേജിൽ)*



**അന്ത്യയാത്രയ്ക്ക് മുൻപ്: എസ്‌യുസിഐ(സി) സംസ്ഥാന കമ്മിറ്റി ഓഫീസിൽ കോംസമോൾ വോളന്റിയർമാർ സഖാവ് ലൂക്കോസിന് അന്ത്യാഭിവാദ്യം അർപ്പിക്കുന്നു.**

# തിരുവനന്തപുരം അനുസ്മരണ യോഗം

*(7-ാം പേജിൽ നിന്ന്)*

ത്തിക്കുമ്പോൾ അത് അനുഭവപ്പെടുന്നുണ്ടായിരുന്നു. സക്രിയ ന്യൂനപക്ഷത്തിന്റെ പ്രതിനിധികൾ ശക്തമായ യോജിപ്പ് വളർത്തിയെടുക്കേണ്ട ഈ കാലയളവിൽ അതിനായി പരിശ്രമിക്കുമെന്നും അവർ ഉറപ്പ് നൽകി. സഖാവ് ലൂക്കോസിന്റെ വേർപാട് നമ്മുടെ ഉത്തരവാദിത്വങ്ങൾ വർദ്ധിപ്പിക്കുന്നുവെന്നും സോണിയ ജോർജ്ജ് ഓർമ്മിപ്പിച്ചു.

ചെങ്കൊടിയോട് വെറുപ്പായിരുന്ന തനിക്ക് അതിനോട് ആദരവ് തോന്നിത്തുടങ്ങിയത് എസ്‌യുസിഐ(സി)യുമായി ബന്ധപ്പെട്ടതോടെയാണെന്ന് ശ്രീ ബുർഹാൻ പറഞ്ഞു. എസ്‌യുസിഐ(സി) മഹത്തായ ഒരു പ്രസ്ഥാനമാണ് അതിന്റെ നേതാക്കളുടെ മരണം ആ പാർട്ടിക്കുമാത്രമല്ല, സമൂഹത്തിനാകെ വലിയ നഷ്ടമാണ്. ജനങ്ങളുടെ കൂട്ടായ പ്രവർത്തനത്തിലൂടെ ഏത് പ്രശ്നത്തിനും പരിഹാരമുണ്ടാക്കാൻ കഴിയുമെന്ന് വിളപ്പിൽശാല സമരം പഠിപ്പിച്ചു. അതിൽ ലൂക്കോസ് സഖാവിന്റെ സംഭാവനകൾ വഴികാട്ടിയായിരുന്നു.

കേരള സമൂഹത്തിൽ വലിയ സ്വാധീനമുണ്ടാക്കിയ വ്യക്തിത്വമാണ് സഖാവ് ലൂക്കോസ് എന്ന് സഖാവ് കെ.ഉമ അനുസ്മരിച്ചു. കുടുംബത്തിലും സമൂഹത്തിലും അദ്ദേഹം ഒരു വിപ്ലവകാരിക്ക് ചേർന്നവണ്ണം ജീവിച്ചു. വിപ്ലവ വ്യക്തിത്വങ്ങളെ സൃഷ്ടിക്കുന്നതിൽ മഹത്തായ സംഭാവനകളാണ് അദ്ദേഹം നൽകിയത്. മാർക്സിസം പ്രസംഗിക്കാൻ കഴിഞ്ഞേക്കാം, എന്നാൽ അത് പ്രാവർത്തികമാക്കുക അത്ര എളുപ്പമല്ല. ഇക്കാര്യത്തിൽ അനുകരണീയമായ മാതൃകയാണ് സഖാവ് ലൂക്കോസ് സൃഷ്ടിച്ചത്. അദ്ദേഹം അവശേഷിപ്പിച്ച കടമകൾ ഏറ്റെടുത്ത് കൂട്ടായി മുന്നേറുമെന്ന് പ്രതിജ്ഞ ചെയ്തുകൊണ്ടാണ് സഖാവ് ഉമ പ്രസംഗം അവസാനിപ്പിച്ചത്.

ഒരിക്കലും തന്റെ പരാധീനതകളെക്കുറിച്ച് വിലപിക്കാത്ത ആളായിരുന്നു തന്റെ അപ്പ എന്ന് 'യഥാർത്ഥ മനുഷ്യന്റെ കഥ'യിലെ അലക്സിയെ ഓർമ്മിപ്പിച്ചുകൊണ്ട് മകൻ ശേഖർ അനുസ്മരിച്ചു. ഏത് സാഹചര്യത്തെയും നേരിടാനുള്ള കരുത്ത് അദ്ദേഹം പ്രദർശിപ്പിച്ചിരുന്നു. ഞങ്ങളെ അപ്പ പാർട്ടിയുടെ കൈകളിലാണ് ഏൽപ്പിച്ചത്. നാടിനുവേണ്ടി പ്രവർത്തിക്കുമ്പോഴാണ് വിദ്യാഭ്യാസം അന്വർത്ഥമാകുന്നത് എന്ന് അപ്പ ഓർമ്മിപ്പിച്ചിരുന്നു. അപ്പയെ സ്മരിക്കുമ്പോൾ അപ്പയോടൊപ്പം പ്രവർത്തിച്ച എല്ലാ വിപ്ലവകാരികളെയും സ്മരിക്കുന്നുവെന്നും ശേഖർ പറഞ്ഞു.

ജോലി ഉപേക്ഷിച്ച് പാർട്ടി സെക്രട്ടറി സ്ഥാനം ഏറ്റെടുക്കാൻ അപ്പ തയ്യാറായ കാര്യം മകൾ അമ്മു ഓർമ്മിപ്പിച്ചു. മക്കളെയും ബന്ധുക്കളെയും സഖാക്കളുടെ കുട്ടികളെയുമൊക്കെ പാർട്ടിക്കാരായി വളർത്തിയെടുക്കാനാണ് അപ്പ പ്രയത്നിച്ചത്. സജീവ പ്രവർത്തനത്തിൽ നിന്ന് മാറി നിൽക്കുമ്പോഴും പാർട്ടി തന്ന മൂല്യങ്ങൾ ഞങ്ങൾ മുറുകെപ്പിടിക്കുന്നുണ്ട്. കുടുംബത്തിലും അപ്പ ഒരു മാതൃകയായിരുന്നു. പാർട്ടിയോട് സഹകരിച്ചുകൊണ്ട് ന്യൂറോസയൻസിൽ ഒരു സംരംഭം ഏറ്റെടുത്തുകൊണ്ട് അപ്പയോട് ആദരവ് പുലർത്തണമെന്ന ആഗ്രഹവും അമ്മു പ്രകടിപ്പിച്ചു.

സഖാവ് ലൂക്കോസിന്റെ മരണം ഇടതുപക്ഷ ഐക്യത്തിന് വലിയ നഷ്ടമുണ്ടാക്കുന്നതാണെന്ന് ശ്രീനിവാസദാസ് പറഞ്ഞു. എസ്‌യുസിഐ(സി) എന്ന മഹാപ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിൽ ത്യാഗപൂർണ്ണമായി പ്രവർത്തിച്ച സഖാവ് ലൂക്കോസുമായി വൈകാരിക അടുപ്പം സൂക്ഷിച്ചിരുന്ന കാര്യവും അദ്ദേഹം അനുസ്മരിച്ചു.



തിരുവനന്തപുരം അനുസ്മരണ സമ്മേളനം: വിജെടി ഹാളിലെ സദസ്സ്

എല്ലാവരും സ്വാർത്ഥരായി മാറുന്ന ഇക്കാലത്ത് നിസ്വാർത്ഥമായി ജീവിച്ച സഖാവ് ലൂക്കോസിന്റെ വിയോഗം വലിയ നഷ്ടമാണെന്ന് അഡ്വ. ലാലീധരൻ ഓർമ്മിപ്പിച്ചു. അപൂർവ്വങ്ങളിൽ അപൂർവ്വമായ വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റേത് എന്ന കാര്യവും അദ്ദേഹം അനുസ്മരിച്ചു.

2009 മുതൽ സഖാവ് ലൂക്കോസ് തമിഴ്നാട് സംസ്ഥാന ഘടകത്തിന്റെ പ്രവർത്തനത്തിന് മേൽനോട്ടം വഹിച്ചിരുന്ന കാര്യം സഖാവ് രംഗസ്വാമി അനുസ്മരിച്ചു. പ്ര

*(ശേഷം 9-ാം പേജിൽ)*

# സഖാവ് സി.കെ. ലൂക്കോസിന് ആദരാഞ്ജലി

## – ഡോ. എം. സുബ്രമണി

സഖാവ് ലൂക്കോസിന്റെ മരണവാർത്ത എന്നിൽ കടുത്ത വേദനയും ദുഃഖവും ഉളവാക്കി. അതോടൊപ്പം പഴയകാലത്തെ ഒരുപാട് ഓർമ്മകൾ മനസ്സിലേക്ക് ഒഴുകിയെത്തി.

1974ൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ രണ്ടാംവർഷ വിദ്യാർത്ഥിയായിരിക്കുമ്പോഴാണ് ഞാൻ അദ്ദേഹത്തെ ആദ്യമായി കാണുന്നത്. പാർട്ടിയിൽ തുടക്കക്കാരനായ ഞാൻ, കൊല്ലത്ത് കേന്ദ്ര നേതാക്കളായ പ്രതീഷ് ചന്ദ, സുകോമൾ ദാസ്ഗുപ്ത, കൃഷ്ണ ചക്രവർത്തി എന്നിവർ നയിക്കുന്ന പൊളിറ്റിക്കൽ സ്കൂളിൽ പങ്കെടുക്കാൻ പോയതായിരുന്നു. സഖാവ് ലൂക്കോസ് അന്ന് പാർട്ടിയുടെ കൊല്ലം ജില്ലാ സെക്രട്ടറിയും സംസ്ഥാന സംഘാടക കമ്മിറ്റി അംഗവുമായിരുന്നു. ലാളിത്യവും പ്രസന്നതയും വിളിച്ചോതുന്നതായിരുന്നു അദ്ദേഹത്തിന്റെ മുഖഭാവം. പാർട്ടിയിലെ മുതിർന്നവരും തുടക്കക്കാരുമായ ഏവർക്കും അദ്ദേഹത്തെ ഒരുപോലെ സമീപിക്കാൻ കഴിയുമായിരുന്നു. നാൾ ചെല്ലുംതോറും, മാർക്സിസം-ലെനിനിസം ശിബ്ദാസ് ഘോഷ് ചിന്തയിലുള്ള അദ്ദേഹത്തിന്റെ അവഗാഹം ഞാൻ തിരിച്ചറിഞ്ഞു. ഇന്ത്യൻ സാഹിത്യത്തിലും കലകളിലും ലോകസാഹിത്യത്തിലുമൊക്കെ അദ്ദേഹത്തിന് ആഴമാർന്ന ധാരണയുണ്ടായിരുന്നു.

അദ്ദേഹവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിരുന്നവരും അല്ലാത്തവരുമായ ഏതൊരു സഖാവിന്റെയും കാര്യത്തിൽ അദ്ദേഹം വലിയ ശ്രദ്ധ പുലർത്തിയിരുന്നു. ഒരു സന്ദർഭം ഓർമ്മയിൽ വരുന്നു. 1979ൽ കൊല്ലം ടൗണിൽ എഐഡിഎസ്ഒ സംസ്ഥാന സമ്മേളനാനന്തരം രാത്രിയിൽ സ്റ്റേജ് അഴിച്ചുനീക്കിക്കൊണ്ടിരുന്ന പ്രവർത്തകരുടെമേൽ സിപിഐ(എം) ഗുണ്ടകൾ മാരകായുധങ്ങളുമായി ചാടിവീണു. സമീപത്തുണ്ടായിരുന്ന സഖാവ് ലൂക്കോസ് ഉടനടി അവരുടെ രക്ഷയ്ക്കെത്തി. ഈ സംഭവം ഇന്നും എന്റെ മനസ്സിൽ മായാതെ നിൽക്കുന്നു. എനിക്കദ്ദേഹത്തോട് വലിയ ആദരവുതോന്നി.

വിപ്ലവജീവിതത്തിന്റെ സങ്കീർണ്ണമായ ആശയങ്ങൾ കഥകളിലൂടെയും മറ്റും ലളിതമായി പ്രതിപാദിക്കാൻ സവിശേഷമായ ശേഷിയുണ്ടായിരുന്ന ആളായിരുന്നു സഖാവ് ലൂക്കോസ്. ചെറുപ്പക്കാരായ സഖാക്കളിൽ വിപ്ലവസ്വഭാവവും ഉയർന്ന സംസ്കാരവും വളർത്തിയെടുക്കാൻ ഇതിലൂടെ കഴിഞ്ഞു. വിപ്ലവപാതയിലേക്ക് യുവ മനസ്സുകളെ ആകർഷിക്കുന്നതിൽ വലിയ നേട്ടങ്ങൾ അദ്ദേഹം കൈവരിച്ചു.

ശിബ്ദാസ് ഘോഷ് ചിന്തയിലേക്ക് ആകൃഷ്ടരായി ആദ്യം മുന്നോട്ടുവന്ന കോളേജ് വിദ്യാർത്ഥികളിൽ സഖാവ് ലൂക്കോസുമുണ്ടായിരുന്നു. കേന്ദ്ര നേതാക്കളുമായി നിരന്തരം നടത്തിയ ചർച്ചകൾക്കൊടുവിൽ കൊല്ലം ടികെഎം എഞ്ചിനീയറിംഗ് കോളേജിലെ അവസാന വർഷ വിദ്യാർത്ഥികളിൽ ചിലർ എസ്‌യുസിഐ ശരിയായ കമ്മ്യൂണിസ്റ്റ് പാർട്ടിയാണെന്ന ബോധ്യത്തോടെ പ്രവർത്തനങ്ങൾ ഏറ്റെടുക്കാനായി മുന്നോട്ടുവന്നു. കൊല്ലത്തായിരുന്നു തുടക്കം. ജെയിംസ്, നടരാജൻ, ബാബു, ജലാലുദീൻ തുടങ്ങിയവരോടൊപ്പം സഖാവ് ലൂക്കോസും ഉണ്ടായിരുന്നു.

സഖാവ് ലൂക്കോസും സഹപ്രവർത്തകരും എല്ലാ പ്രതികൂലാവസ്ഥകളെയും നേരിട്ടുകൊണ്ട് വ്യക്തിജീവിതത്തിലും സാമൂഹ്യജീവിതത്തിലും നടത്തിയ സമരത്തിലൂടെയാണ് കേരളത്തിൽ എസ്‌യുസിഐ കെട്ടിപ്പടുത്തത്. തുടർന്ന്, സമർപ്പിതരായ നിരവധി പേർ തിരുവനന്തപുരമടക്കം വിവിധ ജില്ലകളിൽനിന്ന് മുന്നോട്ടുവന്നു. സഖാവ് ശിബ്ദാസ് ഘോഷ് പഠിപ്പിച്ചതുപോലെ വ്യക്തിതാത്പര്യത്തെ പാർട്ടിയുടെയും വിപ്ലവത്തിന്റെയും ലക്ഷ്യങ്ങളുമായി താദാത്മ്യപ്പെടുത്താനുള്ള സുദീർഘമായ സമരത്തിനിടയിൽ ആദ്യബാച്ചിൽപെട്ട ചിലർ പിന്നാക്കംപോയി, പാർട്ടി പ്രവർത്തനംതന്നെ ഉപേക്ഷിച്ചു. ഉറ്റ സഖാവായിരുന്ന സഖാവ് നടരാജന്റെ അകാലത്തിലുള്ള വേർപാടുകൂടിയായപ്പോൾ സംസ്ഥാന നേതൃത്വത്തിൽ വലിയ ശൂന്യതയുണ്ടായി. എന്നാൽ പാർട്ടിക്കും തനിക്കും സംഭവിച്ച എല്ലാ നഷ്ടങ്ങളുടെയും നടുവിലും പാർട്ടി കെട്ടിപ്പടുക്കാനുള്ള സമരവുമായി സഖാവ് ലൂക്കോസ് മുന്നേറി. അത് ജീവിതാന്ത്യം വരെ തുടരുകയും ചെയ്തു. ഉന്നതമായ നൈതിക-സദാചാര മൂല്യങ്ങളാൽ പ്രചോദിതനായി, വിപ്ലവപാതയിൽ അടിയുറച്ചുമുന്നേറിയ അദ്ദേഹം കേരളത്തിലെ പാർട്ടിയുടെ ഏറ്റവും ഉന്നതനായ നേതാവായി.

രാഷ്ട്രീയജീവിതത്തിലും വ്യക്തിജീവിതത്തിലും വർഷങ്ങളോളം വിജയകരമായി നടത്തിയ സമരത്തിലൂടെ അദ്ദേഹം പാർട്ടിയുടെ സ്റ്റാഫ് മെമ്പറായി. തുടർന്ന് പാർട്ടി സംസ്ഥാന സെക്രട്ടറിയും കേന്ദ്ര കമ്മിറ്റിയംഗവും പൊളിറ്റ് ബ്യൂറോ മെമ്പറുമായി. പാർക്കിൻസൺസ് രോഗം ബാധിച്ച് ഗുരുതരാവസ്ഥയിൽ കഴിഞ്ഞപ്പോഴും അദ്ദേഹത്തിന്റെ ഉത്സാഹത്തിനോ പാർട്ടി കൂറിനോ അല്പംപോലും കുറവുണ്ടായില്ല. പാർട്ടി സംഘടനയുടെയും ഉൾപാർട്ടി സമരത്തിന്റെയും വിപ്ലവപോരാട്ടത്തിന്റെയും താത്പര്യങ്ങളുമായി താദാത്മ്യപ്പെടാൻവേണ്ടിയുള്ള സമരമായിരുന്നു ആ ജീവിതം.

പാർട്ടിക്കും രാജ്യത്തെ വിപ്ലവപ്രസ്ഥാനത്തിനും കനത്ത നഷ്ടമാണ് സഖാവ് ലൂക്കോസിന്റെ വിയോഗം. സ്നേഹാദരങ്ങളോടെ ഞങ്ങൾ അദ്ദേഹത്തെ ലൂക്കോസ് അണ്ണൻ എന്നാണ് വിളിച്ചിരുന്നത്. ശാരീരികമായി നമ്മോടൊപ്പമില്ലെങ്കിലും നമ്മുടെയെല്ലാം ഹൃദയങ്ങളിൽ അദ്ദേഹം തുടർന്നും ജീവിക്കും. വിങ്ങുന്ന ഹൃദയത്തോടെ പ്രിയങ്കരനായ സഖാവ് ലൂക്കോസിന് വിപ്ലവാഭിവാദ്യങ്ങൾ അർപ്പിക്കുന്നു.

**സഖാവ് ലൂക്കോസിന് ലാൽസലാം**

*(യഥാർത്ഥ കമ്മ്യൂണിസ്റ്റ് പാർട്ടി എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ആണെന്ന് തിരിച്ചറിഞ്ഞ് പാർട്ടി കെട്ടിപ്പടുക്കുവാനുള്ള യത്നം തിരുവനന്തപുരത്ത് നടത്തുവാൻ തുനിഞ്ഞിറങ്ങിയ ഏതാനും പേരിൽ ഒരാളാണ് ഡോ.എം.സുബ്രമണി. സഖാവ് സുബ്രമണി പ്രാരംഭകാലത്ത് ഏതാനുംവർഷം തിരുവനന്തപുരം ജില്ലാ സംഘാടക കമ്മിറ്റി സെക്രട്ടറിയായിരുന്നു. ദീർഘകാലമായി അദ്ദേഹവും കുടുംബവും അമേരിക്കയിലാണ്.)*

## എസ്‌യുസിഐ(സി) കേന്ദ്ര കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ

# കൽക്കത്തയിൽ അനുസ്മരണയോഗം

പശ്ചിമബംഗാളിലെ വിവിധ ജില്ലകളിൽ നിന്നും സമീപ സംസ്ഥാനങ്ങളിൽ നിന്നുമായി ആയിരങ്ങൾ ഫെബ്രുവരി 25ന് ഹൗറയിലെ ശരത് സദനിൽ ഒത്തുചേർന്നു. എസ്‌യുസിഐ(സി) പൊളിറ്റ് ബ്യൂറോ മെമ്പറും മുൻ കേരള സംസ്ഥാന സെക്രട്ടറിയുമായ സഖാവ് സി.കെ.ലൂക്കോസിനെ അനുസ്മരിക്കുന്ന യോഗമായിരുന്നു അത്. ദീർഘകാലമായി രോഗബാധിതനായിരുന്ന സഖാവ് ലൂക്കോസ് 71-ാമത്തെ വയസ്സിൽ, തിരുവനന്തപുരത്ത് ഫെബ്രുവരി 13നാണ് അന്തരിച്ചത്. ഏവരും കടുത്ത ദുഃഖത്തിലായിരുന്നു.

സമ്മേളന ഹാളിന് പുറത്ത് സ്ഥാപിച്ചിരുന്ന, അന്തരിച്ച നേതാവിന്റെ ചിത്രത്തിനുമുന്നിൽ വിവിധ പാർട്ടി ഘടകങ്ങളെയും മുന്നണി സംഘടനകളെയും പ്രതിനിധീകരിച്ച് പൂക്കൾ അർപ്പിച്ചുകൊണ്ടാണ് അനുസ്മരണ സമ്മേളനം ആരംഭിച്ചത്. സമ്മേളനവേദിയിലും സഖാവിന്റെ ചിത്രം സ്ഥാപിച്ചിരുന്നു. പാർട്ടിയുടെ സ്ഥാപകനും നേതാവും വഴികാട്ടിയുമായ സഖാവ് ശിബ്ദാസ് ഘോഷിനെക്കുറിച്ചുള്ള ഗാനം ആലപിച്ചുകൊണ്ട് യോഗനടപടികൾ ആരംഭിച്ചു.

യോഗാദ്ധ്യക്ഷനും പാർട്ടി പൊളിറ്റ് ബ്യൂറോ മെമ്പറുമായ സഖാവ് കെ.രാധാകൃഷ്ണ അനുസ്മരണപ്രമേയം വായിച്ചു. തുടർന്ന് പാർട്ടി ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷ്, ബംഗ്ലാദേശ് സമാജ് താന്ത്രിക് ദൾ (മാർക്സിസ്റ്റ്) ജനറൽ സെക്രട്ടറി സഖാവ് മൊബിനുൾ ഹൈദർ ചൗധരി എന്നിവരും മറ്റ് പൊളിറ്റ് ബ്യൂറോ,കേന്ദ്ര കമ്മിറ്റി അംഗങ്ങളും സംസ്ഥാന സെക്രട്ടറിമാരും പൂക്കളർപ്പിച്ചു. ജാർഖണ്ഡ് സംസ്ഥാന സെക്രട്ടറി സഖാവ് റബിൻ സമാജ്പതി, മദ്ധ്യപ്രദേശ് സംസ്ഥാന സെക്രട്ടറി സഖാവ് പ്രതാപ് ശമൽ, ആന്ധ്രപ്രദേശ് സംസ്ഥാന സെക്രട്ടറി സഖാവ് സി.എച്ച് മുരഹരി, തമിഴ്നാട് സംസ്ഥാന സെക്രട്ടറി സഖാവ് എ.രംഗസ്വാമി, ഒറീസ സംസ്ഥാന കമ്മിറ്റിക്കുവേണ്ടി സഖാവ് വിഷ്ണുദാസ് എന്നിവർ പുഷ്പചക്രം സമർപ്പിച്ചു.




**കൽക്കത്തയിൽ നടന്ന അനുസ്മരണ യോഗം: പാർട്ടി ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷും പൊളിറ്റ് ബ്യൂറോ, കേന്ദ്രകമ്മിറ്റി അംഗങ്ങളും വേദിയിൽ**

തുടർന്ന് പാർട്ടി കേന്ദ്ര കമ്മിറ്റിയംഗവും കേരള സംസ്ഥാന സെക്രട്ടറിയുമായ സഖാവ് വി.വേണുഗോപാൽ സഖാവ് ലൂക്കോസിനെ അനുസ്മരിച്ചുകൊണ്ട് ഹൃദയസ്പർശിയായ ഒരു പ്രസംഗം നടത്തി. ശിബ്ദാസ് ഘോഷ് ചിന്തകളുടെ അടിസ്ഥാനത്തിൽ ജീവിതത്തിന്റെ സമസ്തമേഖലകളെയും ഉൾക്കൊള്ളുന്ന കഠിനതരമായ ഒരു സമരത്തിലൂടെ സഖാവ് ലൂക്കോസ് മാതൃകായോഗ്യനായ ഒരു വിപ്ലവകാരിയായി ഉയർന്നുവന്നതെങ്ങനെയെന്ന് സഖാവ് വേണുഗോപാൽ വിശദീകരിച്ചു. 1960കൾ വരെ കേരളത്തിൽ അറിയപ്പെടാതിരുന്ന നമ്മുടെ പാർട്ടി സംസ്ഥാനത്ത് അദ്ദേഹം കെട്ടിപ്പടുക്കുകയും വിപ്ലവ കർത്തവ്യങ്ങൾ നിർവ്വഹിക്കാൻ പ്രാപ്തരായ നിരവധി നേതാക്കൾക്കും പ്രവർത്തകർക്കും ജന്മം നൽകുകയും ചെയ്തു.

തുടർന്ന്, സഖാവ് ലൂക്കോസുമായി പതിറ്റാണ്ടുകൾ നീണ്ടുനിന്ന ബന്ധത്തെക്കുറിച്ച് അധ്യക്ഷ പ്രസംഗത്തിൽ സഖാവ് രാധാകൃഷ്ണ ചർച്ച ചെയ്തു. അദ്ദേഹം മികവുറ്റ രീതിയിൽ കേരളത്തിലെ സംഘടനയ്ക്കു നേതൃത്വം നൽകുകയും തമിഴ്നാട് സംസ്ഥാനത്തെ സംഘടനയുടെ മേൽനോട്ടം വഹിക്കുകയും ചെയ്തു. ചലനവും സംസാരവും പോലും ദുഷ്കരമാക്കിയ ഗുരുതരമായ രോഗത്തെ അവഗണിച്ചുകൊണ്ട് അവസാനശ്വാസംവരെ ഒരു ദേശീയ നേതാവെന്ന നിലയിൽ തന്റെ ഉത്തരവാദിത്വങ്ങൾ അദ്ദേഹം നിർവ്വഹിച്ചിരുന്നു.

തുടർന്ന് സഖാവിന്റെ ദീപ്തസ്മരണയ്ക്കുമുന്നിൽ പാർട്ടി ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷ് ആദരാഞ്ജലി അർപ്പിച്ചു. സഖാവ് ശിബ്ദാസ്ഘോഷിന്റെ അടിയുറച്ച ശിഷ്യനായി നിലകൊണ്ട സഖാവ് ലൂക്കോസ് തന്റെ ജീവിതസമരത്തിലൂടെ ഉന്നതമായ വിപ്ലവഗുണങ്ങൾ ആർജിക്കുകയും കേരളത്തിൽ അടിയുറച്ച സംഘടന കെട്ടിപ്പടുക്കുകയും മറ്റ് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലും പാർട്ടിയുടെ വളർച്ചയ്ക്ക് നിർണായക സംഭാവനകൾ നൽകുകയും ചെയ്തുവെന്ന് ദീർഘമായ അനുസ്മരണ പ്രസംഗത്തിൽ അദ്ദേഹം വിശദമാക്കി (ഇത് അടുത്തലക്കത്തിൽ പ്രസിദ്ധീകരിക്കും). ■



**സഖാവ് പ്രൊവാഷ് ഘോഷ് അനുസ്മരണ പ്രഭാഷണം നടത്തുന്നു. സഖാവ് മണിക് മുഖർജി സമീപം**

## തിരുവനന്തപുരം അനുസ്മരണ യോഗം

(8-ാം പേജിൽ നിന്ന്)

ശ്നങ്ങൾ പരിഹരിക്കുന്നതിൽ അദ്ദേഹത്തിന് അസാധാരണമായ ശേഷിയുണ്ടായിരുന്നു. സഖാക്കളെ അദ്ദേഹം പ്രചോദിപ്പിച്ചു. ഉന്നതമായ ചിന്തയുടെ ഉടമയായിരുന്ന സഖാവ് ലൂക്കോസ്, അനാരോഗ്യത്തെ അവഗണിച്ചും പ്രവർത്തനങ്ങൾ നടത്തി. കൂട്ടായ്മയുടെ സംസ്കാരം ഉയർന്ന രീതിയിൽ അദ്ദേഹം സ്വായത്തമാക്കി. സ്വാതന്ത്ര്യ സമരകാലത്തെ വിപ്ലവകാരികളെപ്പോലെ സഖാവ് ലൂക്കോസും തലമുറകളോളം ഓർമ്മിക്കപ്പെടുമെന്നും സഖാവ് രംഗസ്വാമി പറഞ്ഞു.

മരണം ഒരു അനിവാര്യതയാണെന്നും സഖാവ് ലൂക്കോസ് ഉയർത്തിപ്പിടിച്ച മൂല്യങ്ങളും ആശയങ്ങളും ഏറ്റെടുത്ത് മുന്നോട്ടു പോകുകയാണ് ആവശ്യകതയെന്നും സഖാവ് അനവരതൻ പറഞ്ഞു. പോണ്ടിച്ചേരിയിലെ പ്രവർത്തനങ്ങൾക്ക് സഖാവ് ലൂക്കോസ് മാർഗ്ഗനിർദ്ദേശം നൽകിയിരുന്നു. സൂക്ഷ്മാംശങ്ങളിൽവരെ അദ്ദേഹം ശ്രദ്ധ ചെലുത്തി. ഒരാളുടെ മഹത്വം അയാൾ എന്ത് അവശേഷിപ്പിക്കുന്നു എന്നതിലാണ് എന്ന് തിരുക്കുറൾ പറയുന്നു. സഖാവ് ലൂക്കോസിന്റെ ജീവിതം തീർച്ചയായും മഹത്വമാർന്നതായിരുന്നു.

ദുഃഖത്തെ നിശ്ചയദാർഢ്യമാക്കി മാറ്റുക എന്ന സഖാവ് ശിബ്ദാസ് ഘോഷിന്റെ പാഠമാണ് ഇവിടെ ഓർമ്മിക്കേണ്ടത് എന്ന് പറഞ്ഞുകൊണ്ടാണ് സഖാവ് ശ്രീധർ പ്രസംഗം ആരംഭിച്ചത്. അദ്ദേഹം വിജ്ഞാനം പകർന്ന് നൽകുകയും അതോടൊപ്പം പഠിക്കുകയും ചെയ്തുകൊണ്ടിരുന്നു.

ഗഹനമായ ആശയങ്ങൾ അദ്ദേഹം ലളിതമായി വിശദീകരിച്ചു. കേരളത്തിൽ കൈവരിക്കാൻ കഴിഞ്ഞ സംഘടനാപരമായ നേട്ടങ്ങൾക്കും കെട്ടിപ്പടുക്കാൻ കഴിഞ്ഞ സമരങ്ങൾക്കുമെല്ലാം പിന്നിൽ സഖാവ് ലൂക്കോസിന്റെ നേതൃത്വവും പ്രചോദനവുമുണ്ടായിരുന്നു. രാഷ്ട്രീയ-സാമൂഹ്യ-സൈദ്ധാന്തിക വിഷയങ്ങളിലൊക്കെ അദ്ദേഹത്തിന്റെ ചിന്ത തെളിമയാർന്നതായിരുന്നു. വിപ്ലവ പ്രവർത്തനവുമായി മുന്നേറുന്നതിലൂടെ സഖാവ് ലൂക്കോസിന് ഉചിതമായ ആദരവുകളർപ്പിക്കാം എന്നും സഖാവ് ശ്രീധർ ഓർമ്മിപ്പിച്ചു.

സംസ്ഥാനത്തെ എല്ലാ ജില്ലകളിൽ നിന്നുമുള്ള ഒട്ടേറെ സഖാക്കളും പാർട്ടി അനുഭാവികളും സുഹൃത്തുക്കളുമൊക്കെ വിജെടി ഹാളിലും പരിസരത്തുമായി സന്നിഹിതരായിരുന്നു. 71-ാം വയസ്സിൽ അപ്രതീക്ഷിതമായിട്ടാണ് വേർപാടെങ്കിലും സംസ്ഥാനത്ത് വിപ്ലവപ്രവർത്തനത്തെ ശക്തമായി മുന്നോട്ടു കൊണ്ടുപോകാൻ ശേഷിയുള്ള കരുത്തുറ്റ ഒരു നേതൃത്വത്തിനും ഒരു സംഘടനയ്ക്കും രൂപം നൽകിയിട്ടുണ്ട് അദ്ദേഹം. ജീവിതത്തിന്റെ നാനാതുറകളിലുള്ളവർ ഇന്ന് പാർട്ടിയെ ആദരവോടെയും പ്രതീക്ഷയോടെയും വീക്ഷിക്കുന്നു. സംസ്ഥാനത്തിന്റെ ഏത് മുക്കിലും മൂലയിലും നടക്കുന്ന ജനകീയ മുന്നേറ്റങ്ങളിലും പാർട്ടി സജീവ സാന്നിദ്ധ്യമാണ്.

കലാ-സാഹിത്യ രംഗങ്ങളിലും ശാസ്ത്ര-സൈദ്ധാന്തിക രംഗങ്ങളിലും പ്രായോഗിക പ്രവർത്തനങ്ങളിലും സമര വേദികളിലുമൊക്കെ വേറിട്ടൊരു ശൈലി വളർത്തിയെടുക്കാൻ പാർട്ടിക്കായിട്ടുണ്ട്. ഫാസിസത്തിന്റെ ദംഷ്ട്രകൾ രാഷ്ട്ര ശരീരത്തിൽ ക്രമേണ അമർന്നിറങ്ങിക്കൊണ്ടിരിക്കുന്ന ഈ കാലയളവിൽ ശിബ്ദാസ് ഘോഷ് ചിന്തയുടെ കരുത്തിൽ അതിനെതിരെ ഉപരോധം തീർക്കാനുള്ള കെൽപ്പ് നേടുകയെന്ന കർത്തവ്യമാണ് സഖാവ് ലൂക്കോസ് നമ്മെ ഏൽപ്പിച്ചിരിക്കുന്നത്. പാർട്ടി ഒറ്റക്കെട്ടായി ആ കടമ നിറവേറ്റുക തന്നെ ചെയ്യും. നമ്മ കാംക്ഷിക്കുന്ന ജനങ്ങളെയാകെ വിവിധ വേദികളിൽ അണിനിരത്തിയുള്ള പോരാട്ടങ്ങൾ ആ ലക്ഷ്യത്തിലേയ്ക്ക് കോർത്തിണക്കപ്പെടുകതന്നെ ചെയ്യും. സംതൃപ്തവും അഭിമാനകരവും കർമ്മ നിരതവുമായ ജീവിതം കൊണ്ട് സഖാവ് ലൂക്കോസ് വെട്ടിത്തെളിച്ചത് ആ പാതയാണ്. അദ്ദേഹം അഭിലഷിച്ചതുപോലെ ശോഭനമായ ആ ഭാവിയിലേയ്ക്കുള്ള, ദുഷ്കരമെങ്കിലും ഉറച്ച ചുവടുവയ്പ്പുകൾക്ക് കാലം, സഖാവ് ലൂക്കോസിനോട് എന്നെന്നും കടപ്പെട്ടിരിക്കും. ■

# സഖാവ് സി.കെ.ലൂക്കോസ്: സ്വാംശീകരിക്കേണ്ട ഒരു വിപ്ലവ പാഠം

മഹത്തായ ജീവിത ദൗത്യങ്ങൾ നിറവേറ്റുന്ന ഏതൊരു വിപ്ലവകാരിയും പിന്നാലെ വരുന്നവർക്ക് ഒരു പാഠപുസ്തകമാണ്. ആവർത്തിച്ച് പഠിക്കേണ്ട, ജീവിതത്തിൽ സ്വാംശീകരിക്കേണ്ട ഒരു പാഠം. ലോകത്തെ വ്യാഖ്യാനിക്കുക മാത്രമല്ല, അതിനെ മാറ്റിത്തീർക്കാനുള്ള പ്രയത്നം നടത്തുക കൂടി ചെയ്യുമ്പോഴേ ഒരാൾ കമ്മ്യൂണിസ്റ്റ് വിപ്ലവകാരിയാകൂ. ഇത് ആഴത്തിൽ ഉൾക്കൊണ്ട സഖാവ് സി.കെ.ലൂക്കോസ് ഹൃദയത്തിൽ തറയ്ക്കുംവിധം അത് നമ്മെ ഓർമ്മിപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.


കൽക്കത്തയിൽ നടന്ന അനുസ്മരണ സമ്മേളനത്തിൽ കോംസമോൾ വോളന്റിയർമാരുടെ ഗാർഡ് ഓഫ് ഓണർ

എഞ്ചിനീയറിംഗ് വിദ്യാർത്ഥിയായിരിക്കെ, 1971ൽ ശിബ്ദാസ് ഘോഷ് ചിന്തകളുമായി പരിചയപ്പെട്ടപ്പോൾ അത് മാർക്സിസത്തിന്റെ ഏറ്റവും കാലോചിതവും സുസജ്ജവുമായ പ്രത്യയശാസ്ത്രമാണെന്ന് സഖാവ് ലൂക്കോസ് തിരിച്ചറിഞ്ഞു. വ്യത്യസ്തമായ ഒരു കുടുംബ പശ്ചാത്തലത്തിൽ നിന്നാണ് വന്നതെങ്കിലും മഹനീയമായ ആ ജീവിത പാത തെരഞ്ഞെടുക്കാൻ അദ്ദേഹം മടിച്ചില്ല. സംഘടനാ പ്രവർത്തനത്തിന് സഹായകമായ ഒരു ചെറിയ ഉപജീവന മാർഗ്ഗം സ്വീകരിച്ചുകൊണ്ട് അദ്ദേഹം പ്രവർത്തനം ആരംഭിച്ചു. ആദ്യ കാലത്ത് പാർട്ടി സംഘടിപ്പിക്കാൻ മുന്നിട്ടിറങ്ങിയവർക്ക്, പറഞ്ഞറിയിക്കാനാവാത്ത വൈതരണികളെയാണ് നേരിടേണ്ടി വന്നത്. അതുകൊണ്ടുതന്നെ പലരും പിൻവാങ്ങി. കൊല്ലം ജില്ലാ സെക്രട്ടറിയും ഉറ്റ സഖാവുമായിരുന്ന നടരാജന്റെ മരണം പോലുള്ള ആഘാതങ്ങൾ വേറെയും. പക്ഷേ, സഖാവ് ലൂക്കോസ് അചഞ്ചലം നിലകൊണ്ടു. ദിനം ചെല്ലുന്തോറും കൂടുതൽ ദാർശനിക ദൃഢതയോടെ, നിശ്ചയദാർഢ്യത്തോടെ ചുവടുകൾ വച്ചു. അങ്ങനെ കേരളത്തിന്റെ മണ്ണിൽ ശരിയായ കമ്മ്യൂണിസ്റ്റ് പാർട്ടി കെട്ടിപ്പടുക്കുന്ന തീക്ഷ്ണമായ പോരാട്ടത്തിന്റെ അമരക്കാരനായി. അര നൂറ്റാണ്ടുകാലം നീണ്ടുനിന്നു ആ വിപ്ലവ സപര്യ.

പാർട്ടി കൊല്ലം ജില്ലാ സെക്രട്ടറി, സംസ്ഥാന സെക്രട്ടറി, കേന്ദ്ര കമ്മിറ്റിയംഗം, പൊളിറ്റ് ബ്യൂറോ മെമ്പർ അങ്ങനെ ജീവിത സമരത്തിൽ പിന്നിട്ട നാഴികക്കല്ലുകൾ, വഹിച്ച ഉത്തര വാദിത്വങ്ങൾ നിരവധിയായിരുന്നു. ഒരു കമ്മ്യൂണിസ്റ്റിന്റെ സമരം ദ്വിമുഖമാണ്. സമൂഹത്തെ പരിവർത്തനപ്പെടുത്താൻ ബാഹ്യമായും, ഉന്നതമായ തൊഴിലാളി വർഗ്ഗ സംസ്കാരമാർജ്ജിക്കാൻ ആന്തരികമായും ആ സമരം നടത്തേണ്ടതുണ്ട്. ഇതിൽ മാതൃകാപരമായ ഔന്നത്യം നേടാൻ അദ്ദേഹത്തിനായി.

സമൂഹം നേരിടുന്ന പ്രശ്നങ്ങൾക്കെല്ലാം കാരണം മുതലാളിത്ത ചൂഷണ വ്യവസ്ഥയാകുമ്പോൾ, സമൂഹത്തെ സ്നേഹിക്കുന്ന ഏതൊരാളും തൊഴിലാളിവർഗ്ഗ വിപ്ലവത്തിനുവേണ്ടി നിലകൊള്ളേണ്ടതുണ്ട്. തൊഴിലാളിവർഗ്ഗത്തോടുള്ള കൂറ് പാർട്ടിയോടുള്ള സമർപ്പണമല്ലാതെ മറ്റൊന്നുമാകാൻ തരമില്ല. വ്യക്തിയുടെ താൽപ്പര്യങ്ങളെ, പാർട്ടിയുടെ, സമൂഹത്തിന്റെ താൽപ്പര്യങ്ങൾക്ക് വിധേയമാക്കിക്കൊണ്ടാണ് കമ്മ്യൂണിസ്റ്റിന്റെ ആന്തരിക സമരം ആരംഭിക്കുന്നത്. ക്രമേണ സാമൂഹ്യ താൽപ്പര്യവുമായി താദാത്മ്യപ്പെടാനുള്ള സമരത്തിന്റെ ഘട്ടത്തിലേയ്ക്ക് അത് പ്രവേശിക്കുന്നു. ഉത്തമ കമ്മ്യൂണിസ്റ്റാകാനുള്ള സമരം ജീവിതാന്ത്യം വരെ തുടരുന്ന ഒന്നാണ്. വ്യക്തി താൽപ്പര്യവും സാമൂഹ്യതാൽപ്പര്യവും ഒന്നാക്കി മാറ്റാനുള്ള ഈ സമരം ഏറ്റെടുക്കുന്നവർക്ക് പാർട്ടി സ്റ്റാഫ് മെമ്പർഷിപ്പ് നൽകുന്നു. സഖാവ് ലൂക്കോസ് പതിറ്റാണ്ടുകൾക്കുമുമ്പേ ഈ യോഗ്യത സ്വന്തമാക്കി.

സഖാവ് ലൂക്കോസ് സംസ്ഥാന സെക്രട്ടറിയാകുമ്പോൾ സംസ്ഥാനത്ത് പരിമിതമായ അളവിലേ സംഘടനാ പ്രവർത്തനമുണ്ടായിരുന്നുള്ളൂ. ഇന്ന് എല്ലാ ജില്ലകളിലും പ്രവർത്തനമുള്ള പാർട്ടിയായി നമ്മുടെ പാർട്ടി വളർന്നിരിക്കുന്നു. സഖാവ് ലൂക്കോസിന്റെ ദീർഘ വീക്ഷണവും ആർജ്ജവവും സംഘാടന പാടവവുമാണ് അതിന്റെ അടിത്തറയായി വർത്തിച്ചത്.

പാർട്ടിയിലെ പുതുതലമുറയ്ക്ക് അദ്ദേഹം വല്യപ്പയായിരുന്നു. പിതൃതുല്യമായ വാത്സല്യത്തോടെ അദ്ദേഹം അവർക്ക് നൽകിയത് നാടിന്റെ ശ്രേഷ്ഠ സന്താനങ്ങളാകാനുള്ള പരിശീലനമായിരുന്നു. സ്കൂൾ അവധിക്കാലത്തെ ഒത്തുചേരലിലൂടെ,'പ്രചോദന' എന്ന സംഘടനയുടെ പ്രവർത്തനങ്ങളിലൂടെ അവരിൽ ഉയർന്ന മൂല്യങ്ങളും അഭിരുചികളും മാത്രമല്ല, നിസ്വാർത്ഥമായ സാമൂഹ്യ പ്രവർത്തനത്തോടുള്ള ആഭിമുഖ്യവും അദ്ദേഹം വളർത്തിയെടുത്തു. യുവ കമ്മ്യൂണിസ്റ്റുകളുടെ ദളമായ കോംസമോളിലൂടെ വിപ്ലവത്തിന്റെ ഭാവി പ്രതീക്ഷയായി അത് വളരുകയാണ്.

പാർട്ടി മുഖപത്രമായ 'യൂണിറ്റി' കേരളത്തിലെ ശ്രദ്ധേയമായ ഒരു രാഷ്ട്രീയ പ്രസിദ്ധീകരണമായി വളർന്നതിന്റെ പിന്നിൽ സഖാവ് ലൂക്കോസിന്റെ പതിറ്റാണ്ടുകൾ നീണ്ട കഠിനപ്രയത്നമുണ്ട്.

ജനങ്ങളിൽ ശാസ്ത്രീയ മനോഘടന വളർത്തിയെടുക്കാനായി യത്നിക്കുന്ന 'ബ്രേക്ത്രൂ സയൻസ് സൊസൈറ്റി', ഉയർന്നൊരു സാംസ്കാരികാവസ്ഥ സൃഷ്ടിക്കാനായി കലാ-സാഹിത്യ രംഗത്ത് പ്രവർത്തിക്കുന്ന'ബാനർ സാംസ്കാരിക സമിതി', മദ്യമെന്ന സാമൂഹ്യ വിപത്തിനെതിരെ പൊരുതുന്ന 'മദ്യ വിരുദ്ധ ജനകീയ സമര സമിതി' തുടങ്ങിയ സംരംഭങ്ങൾക്കൊക്കെ അദ്ദേഹം നൽകിയ മാർഗ്ഗ നിർദ്ദേശങ്ങൾ വിപ്ലവ ലക്ഷ്യബോധം സ്ഫുരിക്കുന്നതായിരുന്നു.

ആഗോളീകരണ നയങ്ങളുടെ ആക്രമണങ്ങളിൽനിന്ന് വിദ്യാഭ്യാസ മേഖലയെ മോചിപ്പിച്ചെടുക്കാനും പൊതു വിദ്യാഭ്യാസ രംഗം നിലനിർത്താനും സുദീർഘമായ പോരാട്ടമാണ് അദ്ദേഹം കെട്ടഴിച്ചുവിട്ടത്. രാജ്യത്തിനുതന്നെ മാതൃകയായ ഡിപിഇപി വിരുദ്ധ സമരം, നാനാമേഖലകളിലുള്ള സർക്കാരിന്റെ ആക്രമണ പദ്ധതികൾക്കെതിരായ പോരാട്ടത്തിന്റെ രൂപരേഖയാണ് ജനങ്ങൾക്കുമുമ്പാകെ അവതരിപ്പിച്ചത്.

ബാലികേറാമലയായിരുന്ന ട്രേഡ് യൂണിയൻ രംഗത്ത്, പാർട്ടിയുടെ ട്രേഡ് യൂണിയനായ എഐയുടിയുസി ഉറച്ച ചുവടുകൾ വയ്ക്കുന്നതും സഖാവ് ലൂക്കോസ് സംസ്ഥാന പ്രസിഡന്റായിരുന്ന കാലയളവിലാണ്. ട്രേഡ് യൂണിയൻ പ്രവർത്തനത്തിന്റെ ആ നൂതനമായ ശൈലിയിലേയ്ക്ക് ഇന്ന് വിവിധ തൊഴിൽ മേഖലകളിൽ പണിയെടുക്കുന്നവർ ആകർഷിക്കപ്പെട്ടുകൊണ്ടിരിക്കുന്നു.

കലാപ കേന്ദ്രങ്ങളായിരുന്ന കലാശാലകളിൽ നിർഭയമായ സംഘടനാ പ്രവർത്തനത്തിന് തുടക്കം കുറിച്ചതും എഐഡിഎസ്ഒ സംസ്ഥാന സെക്രട്ടറി എന്ന നിലയിൽ സഖാവ് ലൂക്കോസിന്റെ നേതൃത്വത്തിലാണ്.

സ്ത്രീകൾക്ക്, സ്വാതന്ത്ര്യത്തോടെ പ്രശ്നങ്ങൾ തുറന്നവതരിപ്പിക്കാനും പരിഹാരം കണ്ടെത്താനുമുള്ള കരുത്തും ആത്മവിശ്വാസവും പ്രദാനം ചെയ്ത വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റേത്. സാംസ്കാരിക മുന്നേറ്റങ്ങളുടെയും സമര സംഘാടനത്തിന്റെയും നേതാക്കളെന്ന നിലയിലേയ്ക്ക് വനിതകളെ അദ്ദേഹം വളർത്തിയെടുത്തു. എഐഎംഎസ്എസ് എന്ന വനിതാ സംഘടനയുടെ സംസ്ഥാനത്തെ രൂപീകരണത്തിലും വളർച്ചയിലും അതീവ ശ്രദ്ധയാണദ്ദേഹം പുലർത്തിയത്.

മാറി മാറി വന്ന ഗവൺമെന്റുകൾ ഒരേ ജനവിരുദ്ധ നയങ്ങളുടെ നടത്തിപ്പുകാരായതോടെ സംസ്ഥാനത്തെ ജനങ്ങൾ നിരാശയ്ക്ക് അടിപ്പെടുന്നത് അദ്ദേഹം തിരിച്ചറിഞ്ഞു. അവരുടെ രാഷ്ട്രീയ ഇച്ഛാശക്തി വീണ്ടെടുക്കാനും പ്രക്ഷോഭത്തിന്റെ ശരിയായ പാത ചൂണ്ടിക്കാണിക്കാനും 'ജനകീയ പ്രതിരോധ സമിതി' എന്നൊരു പ്രസ്ഥാനം രൂപീകരിക്കുകയെന്ന ആശയം അദ്ദേഹം മുന്നോട്ടുവച്ചു. നേതാക്കളിൽ പ്രതീക്ഷയർപ്പിച്ച്, അവരെ ആശ്രയിച്ച്, നിഷ്ക്രിയരായി കഴിഞ്ഞ ഒരു ജനതയ്ക്ക് മുന്നിൽ, ജനകീയ കമ്മിറ്റികൾക്ക് രൂപം നൽകിക്കൊണ്ടുള്ള, കക്ഷി രാഷ്ട്രീയത്തിനും മറ്റെല്ലാ സങ്കുചിതത്വങ്ങൾക്കും അതീതമായ ഒരു പുതിയ പോരാട്ടത്തിന്റെ പാത അതിലൂടെ തെളിഞ്ഞുവന്നു. ഒരു പുതിയ സമര സംസ്കാരത്തിന് അത് ജന്മം നൽകി. ആ പാതയിലേയ്ക്ക് ജനങ്ങൾ വൻതോതിൽ ആനയിക്കപ്പെട്ടു. പാർട്ടികളുടെ ചിട്ടവട്ടങ്ങൾ ഭേദിച്ചുകൊണ്ടുള്ള ജനകീയ മുന്നേറ്റങ്ങളുടെ വേലിയേറ്റത്തിനാണ് തുടർന്ന് സംസ്ഥാനം സാക്ഷ്യം വഹിച്ചത്. ആ സമരങ്ങളുടെയെല്ലാം ശക്തി സ്രോതസ്സായി, അനിവാര്യ ഘടകമായി, പലപ്പോഴും അനിഷേധ്യ നേതൃത്വമായി നമ്മുടെ പാർട്ടി മാറി. പ്രതികൂലാവസ്ഥകൾക്ക് നടുവിലും വിപ്ലവ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തിയെടുക്കാനുള്ള നൂതന മാർഗ്ഗങ്ങൾക്കാണ്, അതിനുള്ള പുത്തൻ ആയുധങ്ങൾക്കാണ് സഖാവ് ലൂക്കോസ് ഇതിലൂടെ ജന്മം നൽകിയത്.

നാട്യങ്ങളേതുമില്ലാതെ ലളിതവും സുതാര്യവുമായ ജീവിതം നയിച്ച സഖാവ് ലൂക്കോസിനോട് ഇടപഴകിയവരൊക്കെ അദ്ദേഹത്തിന്റെ വ്യക്തി മഹിമയിലേയ്ക്ക് ആകൃഷ്ടരായി. അദ്ദേഹം പാർട്ടിയിൽ വഹിച്ചിരുന്ന ഉന്നത പദവികളും നിർവ്വഹിച്ചുപോന്ന ഭാരിച്ച കർത്തവ്യങ്ങളുമൊന്നും പ്രകടമാക്കുന്നതായിരുന്നില്ല അദ്ദേഹത്തിന്റെ വിനയാന്വിതമായ പെരുമാറ്റവും ഋജുവായ സംഭാഷണ ശൈലിയും.

ആശയക്കുഴപ്പങ്ങളും അപവാദ പ്രചാരണങ്ങളും ആശങ്കകളും നിറഞ്ഞ ഒരു കാലയളവിൽ, അനേകം ചർച്ചകളിലൂടെ പ്രസംഗങ്ങളിലൂടെ, പ്രഭാഷണങ്ങളിലൂടെ, പഠന ക്ലാസ്സുകളിലൂടെ മഹനീയമായ കമ്മ്യൂണിസ്റ്റ് ദർശനത്തെ അദ്ദേഹം കേരള മണ്ണിൽ വേരു പിടിപ്പിച്ചെടുത്തു. പ്രത്യയശാസ്ത്രത്തിന്റെ മഹത്വം സ്വജീവിതം കൊണ്ട് പരിചയപ്പെടുത്തിയ സഖാവ് ശിബ്ദാസ് ഘോഷിന്റെ ജീവിത മാതൃക തന്നെയാണ് സഖാവ് ലൂക്കോസും അനുകരിച്ചത്. കരുത്തുറ്റ അനേകം വിപ്ലവകാരികൾക്ക് ജന്മം നൽകാൻ അദ്ദേഹത്തിന് കഴിഞ്ഞത് മാർക്സിസത്തിന്റെ ഈ വിട്ടു വീഴ്ചയില്ലാത്ത അനുഷ്ഠാനത്തിലൂടെയാണ്.

നാടിന് വേണ്ടി ജീവൻ നൽകുന്ന രക്തസാക്ഷികളെ നമ്മൾ ആദരിക്കുന്നു. സഖാവ് ലൂക്കോസ് ജീവിതം നൽകിയ രക്തസാക്ഷിയായിരുന്നു. അനേകം വിപ്ലവകാരികൾക്ക് നിത്യ പ്രചോദനമായി എക്കാലവും സഖാവ് ലൂക്കോസ് ജീവിക്കും. ■

ഇടക്കാല ബജറ്റ്

# മുതലാളിത്ത സമ്പദ്ഘടനയുടെ പ്രവർത്തനരീതി കള്ളപ്പണത്തിന് ജന്മം നൽകുന്നു

(6-ാം പേജിൽ നിന്ന്)

യഥാർത്ഥതുക കൃത്യമായി പരാമർശിക്കപ്പെട്ടിട്ടില്ല എന്നതിന്റെ അർത്ഥം, അത് മൂന്നു ലക്ഷം കോടിക്കു മേലേയുള്ള ഏതു തുകയിലേക്കും കയറാം എന്നതാണ്. ബജറ്റ് നീക്കിയിരുപ്പുകൾ പ്രഖ്യാപിക്കുമ്പോൾ ഇത്തരം അവ്യക്തത മുമ്പ് ആരെങ്കിലും കേട്ടിട്ടുണ്ടോ? പക്ഷേ, മരണാസന്ന മുതലാളിത്തത്തിന്റെ മുഖമുദ്രയായ, ജനാധിപത്യത്തിന്റെ ഈ പ്രഹസനവൽക്കരണത്തിൽ, എന്തും ഏതും ഈ സംവിധാനത്തിന്റെ വിശ്വസ്ത സൂക്ഷിപ്പുകാരുടെ സമ്മതത്തോടെ പാസ്സാക്കപ്പെടുന്നു. ഇതു പോലെ തന്നെ ധനമന്ത്രി സാമർത്ഥ്യം കാണിച്ച കാര്യമാണ്, റെയിൽവേക്കു വേണ്ടി രണ്ടു മിനിട്ടു മാത്രം മാറ്റിവെക്കാനുള്ള തീരുമാനം. റെയിൽവേ എന്ന സുപ്രധാനമായ ദേശീയസ്വത്ത്, നിരവധിയായ പ്രശ്നങ്ങളാൽ ബന്ധിക്കപ്പെട്ടിരിക്കുന്നു. യാത്രക്കാരുടെ സുരക്ഷയും സൗകര്യങ്ങളും അങ്ങേയറ്റം മോശമായ അവസ്ഥ, സമയനിഷ്ഠ പാലിക്കുന്നതിലുള്ള കുറ്റകരമായ അനാസ്ഥ, ബോഗികൾക്കും പാളങ്ങൾക്കും വേണ്ട അറ്റകുറ്റപണികളുടെ അഭാവം, വ്യാപകമായ അഴിമതി തുടങ്ങിയവ ഇവയിൽ ചിലതാണ്. എന്നാൽ ജീവൽ പ്രധാനമായ ഈ പ്രശ്നങ്ങളെയൊക്കെ ഒഴിവാക്കിക്കൊണ്ട്, ധനകാര്യമന്ത്രി സ്വയം പ്രശംസിച്ചു പറയുന്നത് കേൾക്കൂ, "ഇന്ത്യൻ റെയിൽവേ അതിന്റെ ചരിത്രത്തിലെ ഏറ്റവും സുരക്ഷിതമായ വർഷത്തിലൂടെയാണ് കടന്നുപോയത്". ബജറ്റ് അവതരിപ്പിച്ച് രണ്ട് ദിവസം കഴിഞ്ഞപ്പോൾ ബീഹാറിൽ ആറു നിരപരാധികളുടെ ജീവൻ കവർന്ന വലിയ അപകടം നടന്നത്, ഈ അവകാശവാദത്തെ മുളയിലേ നുള്ളി. മാത്രവുമല്ല, ഇപ്പോൾ നമുക്കറിയാം, റെയിൽവേ യാത്രാക്കൂലിയും ചരക്കുകൂലിയും ബജറ്റിനു പുറത്ത് സർക്കാരിനു തോന്നുമ്പോളാണ് കൂട്ടുക.

**വസ്തുതകൾ വളച്ചൊടിച്ച് അവതരിപ്പിക്കുന്നു**

കണക്കുകൂട്ടലുകളല്ല, ഇടക്കാല ബജറ്റ് പ്രസംഗത്തിൽ അവതരിപ്പിക്കപ്പെട്ട വസ്തുതകളിലുള്ള ഗുരുതരതെറ്റുകളും ആശങ്കകളുമാണ് പരാമർശിക്കപ്പെടേണ്ടത്. ധനമന്ത്രി പറഞ്ഞത്, ധനക്കമ്മി ജിഡിപിയുടെ 3.3% ആയി ക്ലിപ്തപ്പെടുത്തി എന്നാണ്. പക്ഷേ ഏതു ജിഡിപി? മൂന്നു വർഷം മുമ്പ്, ഒറ്റ കൈവീശൽ കൊണ്ട്, 4.7 എന്ന സംഖ്യയെ 6.9 ആക്കി മാറ്റിയ പുതിയ രീതിപ്രകാരമുള്ള നിലവിലെ ജിഡിപി ആണോ? അതോ പഴയ ജിഡിപിയോ? ഇതാണ് ശ്രദ്ധിക്കേണ്ടത്. ധനക്കമ്മി ജിഡിപിയുടെ ഇത്ര ശതമാനമായി പറയുമ്പോൾ യഥാർത്ഥതുക പരാമർശിക്കേണ്ടതില്ല. പുതിയ ജിഡിപി തുകയുടെ 3.4% എന്നത് തീർച്ചയായും പഴയ ജിഡിപി പ്രകാരമുള്ളതിന്റെ 3.4 ശതമാനത്തിലും കൂടുതലായിരിക്കും. അപ്പോൾ യഥാർത്ഥകമ്മി കൂടിയാലും അതിനെ ജിഡിപിയുടെ ശതമാനമായി പൊതിഞ്ഞ് അവതരിപ്പിക്കാൻ സാധിക്കും. കഴിഞ്ഞ ജനുവരിയിൽ പാർലമെന്റിൽ വെച്ച കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ (സിഎജി) റിപ്പോർട്ട്, ബജറ്റിനു പുറത്തുള്ള വഴികളിലൂടെ മൂലധനസഹായം നടത്തുന്നതിനും, 2016-17 ലെ റവന്യു ചെലവിനും, ധന-റവന്യു കമ്മികളുടെ യഥാർത്ഥവ്യാപ്തി മറച്ചുവെക്കുന്നതിനും എതിരേ സർക്കാരിനെ താക്കീത് ചെയ്തിരുന്നു. തങ്ങളുടെ യുക്തിയുക്തതയും ലക്ഷ്യങ്ങളും പാർലമെന്റ് മുമ്പാകെ വെളിപ്പെടുത്തി, ധനകാര്യ സുതാര്യത വർധിപ്പിക്കണമെന്നും അതിൽ ശക്തമായി ശുപാർശ ചെയ്തിരുന്നു. എന്നാൽ സിഎജി റിപ്പോർട്ടിനെ കാറ്റിൽപറത്തി, 2016-17-ൽ ചെയ്തത് തന്നെ ഈ ഇടക്കാലബജറ്റിലും ആവർത്തിക്കുകയാണ്.

രണ്ടാമതായി, മാധ്യമറിപ്പോർട്ട് പ്രകാരം, മൊത്തം കടമെടുപ്പിനുള്ള പദ്ധതി 7.1 ലക്ഷം കോടി രൂപയുടേതാണ്. ഇത് ദേശീയകടത്തേയും, പലിശയടവ് അടക്കമുള്ള കടത്തിന്റെ മറ്റു ചെലവുകളേയും കൂടുതൽ വർദ്ധിപ്പിക്കുന്നു. ഇടക്കാല ബജറ്റിൽ അടുത്ത വർഷത്തെ മൊത്തം നികുതി വരുമാനം 25,52,131 കോടി രൂപയായിരിക്കുമെന്ന് പറഞ്ഞിരിക്കുന്നു. ഇതിൽ, പ്രതീക്ഷിക്കുന്ന ജിഎസ്ടി വരുമാനത്തിന്റെ പേരിൽ മുൻവർഷത്തേക്കാൾ 13.5% വളർച്ചയാണ് പ്രതിഫലിപ്പിക്കുന്നത്. വീണ്ടും ഇവിടെയും വെറും ഊഹങ്ങളാണ്. എന്താണ് ഇതു വരെയുള്ള ചരിത്രം? 2018-19 വർഷത്തിൽ പ്രതീക്ഷിച്ച കേന്ദ്ര ജിഎസ്ടി പിരിവ് 6,03,900 കോടിയായിരുന്നത്, പിരിച്ചപ്പോൾ ധനകാര്യമന്ത്രി അരുൺ ജയ്റ്റ്ലി പ്രവചിച്ചതിനേക്കാൾ 1,49,000 കോടി രൂപ കുറവായിരുന്നു. സിഎജി 2018 നവംബറിൽ തന്നെ ചൂണ്ടിക്കാട്ടിയതാണ്, ഏപ്രിൽ-ഒക്ടോബർ കാലയളവിനുള്ളിൽ തന്നെ സർക്കാർ നിശ്ചയിക്കപ്പെട്ട പരിധികൾ വെച്ചു നോക്കുമ്പോൾ നെഗറ്റീവ് സ്ഥാനത്തായിരുന്നു; ധനക്കമ്മി ബജറ്റ് എസ്റ്റിമേറ്റിന്റെ 103.9 ശതമാനത്തിലെത്തിയിരുന്നു. മറ്റ് വിശ്വസനീയമായ റിപ്പോർട്ടുകൾ കാണിക്കുന്നത്, 2018 നവംബറിൽ കമ്മി 7,16,625 കോടി രൂപ അഥവാ ധനക്കമ്മി ലക്ഷ്യത്തിന്റെ 114.8% ആണെന്നാണ്. ഇങ്ങനെയൊക്കെയുള്ളപ്പോൾ, വരുംവർഷത്തിൽ ജിഎസ്ടി പിരിവ് വർദ്ധിക്കുമെന്നുള്ള അമിത ആത്മവിശ്വാസത്തിന് എന്തെങ്കിലും അടിസ്ഥാനമുണ്ടോ? ജിഎസ്ടി പിരിവിലെ കുറവ് തീർച്ചയായും റവന്യു കമ്മിയായി മാറും. അങ്ങനെ വരുമ്പോൾ തങ്ങളുടെ ധനശേഖരം കൈമാറുവാൻ റിസർവ്വ് ബാങ്കിനെ സർക്കാരിനു നിർബ്ബന്ധിക്കേണ്ടി വരും. ഇതാണ് നേരത്തേ ആർബിഐയും സർക്കാരും തമ്മിൽ അഭിപ്രായവ്യത്യാസമുണ്ടാക്കിയതും, മുൻ ആർബിഐ ഗവർണറുടെ രാജിയിൽ അവസാനിച്ചതും.

തെരഞ്ഞെടുപ്പിൽ കണ്ണു നട്ട് ഭാവിയിലേക്കുള്ള വർദ്ധിച്ച ചെലവുകളുടെ നീണ്ട പട്ടിക സർക്കാർ നിരത്തുമ്പോൾ, അതിനു വേണ്ടി വരുന്ന തുകയുടെ ഉറവിടം അവർ പുറത്തുപറയുന്നില്ല എന്നതാണ് ശ്രദ്ധിക്കേണ്ടത്. സ്വാഭാവികമായും, നേരത്തേ പരാമർശിച്ച, കമ്മി നികത്തുന്നതിനുള്ള മാർഗങ്ങൾ അവലംബിക്കുകയും, അത് പാവപ്പെട്ടവർക്കു മാത്രമല്ല, മധ്യവർഗക്കാർക്കും വിനാശകരമാവുകയും ചെയ്യും. ഇവിടെ അംഗീകരിക്കേണ്ട മറ്റൊരു വസ്തുത, 2016-17 ൽ, ഒരു രൂപ റവന്യുവിലെ 30 പൈസയും പരോക്ഷനികുതി വഴിയാണ് ലഭിച്ചുകൊണ്ടിരുന്നത്. (സേവനനികുതികൾ, കേന്ദ്ര എക്സൈസ് നികുതി, കസ്റ്റംസ് തീരുവകൾ എന്നിവ ഇതിൽ ഉൾക്കൊള്ളുന്നു) 2018-19 ലെ ബജറ്റ് എസ്റ്റിമേറ്റുകൾ കാണിക്കുന്നത്, പരോക്ഷ നികുതികളുടെ പങ്ക് (ജിഎസ്ടിയും മറ്റ് നികുതികളും, കേന്ദ്ര എക്സൈസ്-കസ്റ്റംസ് തീരുവകൾ ഉൾക്കൊള്ളുന്നത്) ഒരു രൂപ റവന്യുവിൽ 35 പൈസയായി ഉയർന്നിരിക്കുന്നു. അതായത്, ചരക്കുകളുടെ വിൽപ്പനവിലയ്ക്കു മേൽ സൗകര്യപൂർവ്വം കൂട്ടിച്ചേർത്തിരിക്കുന്ന പരോക്ഷനികുതികൾ ഒടുക്കേണ്ടി വരുന്ന സാധാരണക്കാരന്റെ മേലേക്കാണ് ഈ അധികഭാരവും കൊണ്ടുവെക്കുന്നത്. ഇത് വിൽപ്പനവിലയെ ഉയർത്തുകയും, കമ്പോളത്തിൽ നിന്നും ചരക്കുകൾ വാങ്ങാൻ ജനങ്ങൾക്ക് കൂടുതൽ തുക മുടക്കേണ്ടി വരികയും ചെയ്യുന്നു.

**മലക്കംമറിച്ചിലും സത്യം മറച്ചുപിടിക്കുന്നതും**

സൗകര്യപൂർവ്വം മലക്കംമറിയാൻ ബൂർഷ്വാ രാഷ്ട്രീയക്കാർ എത്ര സമർത്ഥരാണെന്ന് രണ്ട് നിരീക്ഷണങ്ങൾ കാണിച്ചുതരും. 2015 ജൂലൈയിൽ, ഇപ്പോഴത്തെ ബിജെപി സർക്കാരിന്റെ ആദ്യബജറ്റ് അവതരിപ്പിക്കവേ ധനകാര്യമന്ത്രി അരുൺ ജയ്റ്റ്ലി വ്യക്തമായും പറഞ്ഞത്, മുൻപിൻ ആലോചനയില്ലാത്ത ജനപ്രിയനടപടികൾക്ക് എൻഡിഎ എതിരാണെന്നാണ്. ഒരു മാധ്യമവേദിയിൽ അദ്ദേഹം പറഞ്ഞത്, ഇന്ത്യക്ക് ആലോചനയില്ലാത്ത ജനപ്രിയതക്കും സാമ്പത്തിക അച്ചടക്കത്തിനും ഇടയിൽ ഒരു തെരഞ്ഞെടുക്കൽ നടത്തേണ്ടതുണ്ട്... 2014 ലെ പൊതുതെരഞ്ഞെടുപ്പ് തെളിയിച്ചത് തെരഞ്ഞെടുപ്പുകൾ ജയിക്കാൻ ജനപ്രിയനടപടികൾ ആവശ്യമില്ല എന്നാണ്. പക്ഷേ, തന്റെ ബജറ്റ് പ്രസംഗത്തിൽ ഇടക്കാല ധനകാര്യമന്ത്രി പറഞ്ഞത്, പ്രധാനമന്ത്രി കിസാൻ സമ്മാൻ നിധിക്കു വഴിയൊരുക്കുവാനായി ധനക്കമ്മി ലക്ഷ്യങ്ങൾ ബലി കഴിക്കേണ്ടി വന്നുവെന്നാണ്. അല്ലായിരുന്നുവെങ്കിൽ ഈ വർഷം ധനക്കമ്മി ജിഡിപിയുടെ 3.3 ശതമാനവും വരുംവർഷം 3.1 ശതമാനവും ആയിരുന്നേനേയത്രേ. അപ്പോൾ എവിടെയാണ് ഈ അച്ചടക്കം പൊയ്പ്പോയത്? തെരഞ്ഞെടുപ്പിന്റെ സമ്മർദ്ദങ്ങൾക്ക്, കൃത്യമായി പറഞ്ഞാൽ സമ്പത്തിനും അധികാരത്തിനുമുള്ള കൊതിക്കു മുന്നിൽ കീഴടങ്ങിയോ? മറുവശത്ത്, അഞ്ചാമത് വലിയ സാമ്പത്തികശക്തിയാകാനുള്ള ഇന്ത്യയുടെ കുതിപ്പിനും, അതിന്റെ ഉജ്ജ്വലമായ സാമ്പത്തിക വളർച്ചക്കും പിന്നിൽ ഒളിഞ്ഞിരിക്കുന്ന ഒരു കഥയുണ്ട്. ഹഫ്പോസ്റ്റ് ഇന്ത്യ എന്ന ഒരു ഓൺലൈൻ വാർത്താ പോർട്ടലിലെ വിശകലന പ്രകാരം, ബിജെപി സർക്കാർ ആദ്യം ലോകബാങ്കിനെ സ്വാധീനിച്ച്, ഇന്ത്യക്ക് മെച്ചപ്പെട്ട റാങ്ക് കിട്ടുന്ന രീതിയിൽ അവരുടെ റാങ്കിങ്ങ് രീതി മാറ്റാൻ ശ്രമിച്ചു. അത് കാര്യമായ വിജയം നേടാഞ്ഞപ്പോൾ, വ്യവസ്ഥാപരവും പ്രക്രിയാപരവുമായ ചില ചില്ലറ മാറ്റങ്ങൾ വരുത്തുന്നതിന് പ്രാമുഖ്യം നൽകി റാങ്കിങ്ങ് സംവിധാനത്തിനെ മെരുക്കാൻ സർക്കാർ ശ്രമിച്ചു.

അതുപോലെ തന്നെ, ഉജ്ജ്വല യോജനക്കു കീഴിൽ ആറു കോടി കുടുംബങ്ങൾക്ക് സൗജന്യ പാചകവാതക കണക്ഷനുകൾ നൽകിയതിനെക്കുറിച്ച് ഇടക്കാല ധനകാര്യമന്ത്രി വീമ്പിളക്കിയപ്പോൾ, അവ യഥാർത്ഥത്തിൽ സൗജന്യമല്ല എന്ന വസ്തുത അദ്ദേഹം മറച്ചുവെച്ചു. അടുപ്പിനും അനുബന്ധ ഉപകരണങ്ങൾക്കും സിലിണ്ടറിനും കുടുംബങ്ങൾ പണം മുടക്കണം. പാചകവാതകവില മാനംമുട്ടെ ഉയരുമ്പോൾ ഈ കുടുംബങ്ങളെല്ലാം പഴയ പാചകരീതികളിലേക്ക് മടങ്ങിപ്പോവുകയാണ്. പാർലമെന്റിനുള്ളിൽ പോലും മന്ത്രിമാർ പറയുന്ന കള്ളങ്ങൾ, വസ്തുതകൾ മറച്ചുവെക്കൽ, വളച്ചൊടിക്കൽ എന്നിവയുടെ വ്യക്തമായ തെളിവുകളാണ് ഇവയെല്ലാം. കോൺഗ്രസ് അധികാരത്തിലിരുന്നപ്പോഴും, സമാനമായി ജനങ്ങളെ വഞ്ചിക്കുന്ന നയങ്ങളും നടപടികളും തന്നെയാണ് അവരും കൈക്കൊണ്ടത്. മറ്റ് പ്രാദേശിക ബൂർഷ്വാ കക്ഷികളുടെ കാര്യത്തിലും ഇതു തന്നെയാണ് അവസ്ഥ. കാരണം, ദേശീയതലത്തിലാകട്ടെ പ്രാദേശികതലത്തിലാകട്ടെ, ഈ കക്ഷികളൊക്കെയും ഭരണമുതലാളിവർഗത്തിന്റെ സേവകരാണ്. അതുകൊണ്ടു തന്നെ, ഒരേപോലെ കള്ളത്തരവും വഞ്ചനയും കാപട്യവും അവർ നടപ്പാക്കും.

**പ്രതിരോധത്തിനായി ജനങ്ങൾ ഉണർന്ന് പൊരുതണം**

ഹീനമായ മുതലാളിത്തവർഗപദ്ധതിയുടെ ഭാഗമായി ഇങ്ങനെ വഞ്ചനാത്മകമായ ഔദാര്യങ്ങളും സൗജന്യങ്ങളും പൊള്ളയായ വാഗ്ദാനങ്ങളും നിറച്ച ബജറ്റുകൾ അവതരിപ്പിക്കുമ്പോൾ, കപടമാർക്സിസ്റ്റുകൾ അടക്കമുള്ള പ്രതിപക്ഷത്തിന്റെ ഭാഗത്തു നിന്നും സഭയ്ക്ക് അകത്തോ പുറത്തോ യാതൊരു പ്രതിഷേധവും ഉണ്ടാകുന്നില്ല. അവരുടെ ചട്ടപ്പടി പ്രതിഷേധങ്ങളൊക്കെ, എന്തെങ്കിലും സൗമ്യമായ പ്രസ്താവന ഇറക്കലോ, പരമാവധി, തെരഞ്ഞെടുപ്പു നേട്ടങ്ങൾക്കായുള്ള കാട്ടിക്കൂട്ടലുകളോ മാത്രമായി ചുരുങ്ങുന്നു. ബിജെപിയും മറ്റ് മുതലാളിത്തകക്ഷികളും വലിച്ചെറിഞ്ഞു തരുന്ന സൗജന്യങ്ങളുടേയും ഔദാര്യങ്ങളുടേയും ആസൂത്രിതപ്രചരണത്തിൽ വീണു പോകരുതെന്നാണ്, ജനങ്ങളോട് ഞങ്ങൾക്കുള്ള അഭ്യർത്ഥന. കേന്ദ്രത്തിന്റെയാകട്ടെ, സംസ്ഥാന സർക്കാരുകളുടെയാകട്ടെ, ബജറ്റിനെക്കുറിച്ചുള്ള അബദ്ധധാരണകളും ജനങ്ങൾ വെച്ചുപുലർത്തരുത്. കാരണം ഇന്നിത് വെറും പ്രഹസനമായി മാറിയിരിക്കുന്നു. വ്യാജവാഗ്ദാനങ്ങളുടെ കുത്തൊഴുക്കിലൂടെ സർക്കാർ എങ്ങനെയാണ് തങ്ങളെ കബളിപ്പിക്കുന്നതെന്ന് തിരിച്ചറിയാനുള്ള രാഷ്ട്രീയ അവബോധം ജനങ്ങൾ നേടിയെടുക്കേണ്ടതുണ്ട്. വോട്ടുവ്യാപാരികളുടേയും മരണവ്യാപാരികളുടേയും കളികളിൽ അവർ വീണുപോകാതിരിക്കട്ടെ. ഒരിക്കൽക്കൂടി അവർ മനസ്സിലാക്കേണ്ട ഒരു സത്യമുണ്ട്. സചേതനമായ ഒരു ഐക്യ ജനാധിപത്യ ബഹുജനമുന്നേറ്റത്തിൽ മാത്രമേ, തങ്ങളുടെ ജീവൻ രക്ഷിക്കാനായി ജനങ്ങൾക്ക് ആശ്രയിക്കാൻ സാധിക്കൂ. അതിലൂടെ മാത്രമേ, മനുഷ്യത്വരഹിതമായ മർദ്ദകമുതലാളിത്തവും അതിന്റെ ശിങ്കിടികളും തങ്ങൾക്കുമേൽ അടിച്ചേൽപ്പിക്കുന്ന കരാളമായ സാമ്പത്തിക-രാഷ്ട്രീയ കടന്നാക്രമണത്തെ ചെറുത്തു തോൽപ്പിക്കാൻ സാധിക്കൂ. അതുകൊണ്ട്, തങ്ങളുടെ ന്യായമായ ആവശ്യങ്ങൾ നേടിയെടുക്കുന്നതിനായി, പരസ്പരമുള്ള ഭിന്നതകൾ മാറ്റിവെച്ച്, ശരിയായ വിപ്ലവനേതൃത്വത്തിനു കീഴിലുള്ള സംഘടിതപ്പോരാട്ടത്തിന്റെ പാതയിൽ ജനങ്ങൾ അണിചേരേണ്ടതുണ്ട്. ■

# പൊന്തൻപുഴ സമരത്തിന് ഐക്യദാർഢ്യം: റാന്നി ഫോറസ്റ്റ് ഓഫീസ് മാർച്ച്




എസ്‌യുസിഐ(സി)യുടെ ആഭിമുഖ്യത്തിൽ നടന്ന ഐക്യദാർഢ്യ പ്രകടനം

**ഫോ**റസ്റ്റ്-റവന്യൂ സർവ്വേ അട്ടിമറിക്കരുതെന്ന് ആവശ്യപ്പെട്ട് റാന്നി ഡിഎഫ്ഒ ഓഫീസിന് മുന്നിൽ രണ്ടാഴ്ചയായി രാപകൽ സമരം നടത്തുന്ന പൊന്തൻപുഴ വലിയകാവ് ഗ്രാമവാസികളുടെ സമരകേന്ദ്രത്തിലേക്ക് ഫെബ്രുവരി 25ന് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പത്തനംതിട്ട ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഐക്യദാർഢ്യ മാർച്ച് നടത്തി. ഇട്ടിയപാറയിൽനിന്ന് ആരംഭിച്ച പ്രകടനം സംസ്ഥാന കമ്മിറ്റിയംഗം സഖാവ് മിനി കെ.ഫിലിപ്പ് ഉദ്ഘാടനം ചെയ്തു. വനഭൂമി സംരക്ഷിക്കുക, കൈവശക്കാർക്ക് നിരുപാധികം പട്ടയം നൽകുക എന്നീ ന്യായമായ ആവശ്യങ്ങൾ ഉന്നയിച്ച് ശരിയായ നേതൃത്വത്തിൻ കീഴിൽ പത്ത് മാസമായി നടക്കുന്ന പൊന്തൻപുഴ സമരത്തെ അധികാരികൾക്ക് അവഗണിക്കാനാവില്ലെന്ന് അവർ പറഞ്ഞു. സമരം ചെയ്യുന്നവരെ ബ്രിട്ടീഷുകാരുടെ കാലത്ത് കോൺഗ്രസ് എന്നും കോൺഗ്രസ് ഭരിക്കുമ്പോൾ കമ്മ്യൂണിസ്റ്റ് എന്നും കമ്മ്യൂണിസ്റ്റുകാർ ഭരിക്കുമ്പോൾ മാവോയിസ്റ്റ് എന്നും വിളിച്ചാണ് ആക്ഷേപിക്കുന്നതെന്നും സഖാവ് മിനി കെ.ഫിലിപ്പ് പറഞ്ഞു.

പത്തനംതിട്ട ജില്ലാ സെക്രട്ടറി സഖാവ് എസ്.രാജീവൻ അധ്യക്ഷത വഹിച്ചു. ജയിംസ് കണ്ണിമല, ടി.എം.സത്യൻ, സന്തോഷ് പെരുമ്പെട്ടി, സഖാക്കൾ എസ്.രാധാമണി, ബിനു ബേബി, എം.കെ.ഷഹസാദ്, ആറന്മുള മിച്ചഭൂമി സമരസമിതി നേതാവ് ജിഷ തുടങ്ങിയവർ പ്രസംഗിച്ചു. സഖാക്കൾ വി.പി. കൊച്ചുമോൻ, കെ.ജി.അനിൽകുമാർ, സനില ജോർജ് എന്നിവർ ഐക്യദാർഢ്യമാർച്ചിന് നേതൃത്വം നൽകി. ■

# വെനസ്വല പ്രസിഡന്റ് നിക്കോളാസ് മദുറോ സാമൂഹ്യമാധ്യമങ്ങൾവഴി അമേരിക്കൻ ജനതയോട് നടത്തിയ അഭ്യർത്ഥന

**ച**രിത്രത്തിന്റെ ഒരു ദശാസന്ധിയിലാണ് നാം. നമ്മുടെ ഭാവി നിർണയിക്കാൻ പോകുന്ന ദിനങ്ങൾ. നമ്മുക്ക് യുദ്ധമോ, സമാധാനമോ തെരഞ്ഞെടുക്കാം. വാഷിംഗ്ടൺ ശ്രമിക്കുന്നത് വിയറ്റ്നാമിലെപ്പോലെതന്നെ വിദ്വേഷം വിതയ്ക്കാനാണ്. വെനസ്വലയിലേക്ക് അധിനിവേശം നടത്താനും അനാവശ്യ ഇടപെടൽ നടത്താനും അവർ ശ്രമിക്കുന്നു-എല്ലാം ജനാധിപത്യത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും പേരുപറഞ്ഞുകൊണ്ടുതന്നെ. ഇത് വലിയ വഞ്ചനയാണ്. ഇറാക്കിൽ കൂട്ട സംഹാരായുധങ്ങളുണ്ടെന്ന് പറഞ്ഞപോലൊരു തട്ടിപ്പാണിത്.

ഇതൊക്കെ വ്യാജമാണെങ്കിലും നമ്മുടെ മേഖലയിലാകെ അത് നാടകീയമായ പ്രത്യാഘാതങ്ങളുണ്ടാക്കും... ഞങ്ങളുടെ പ്രത്യയശാസ്ത്രവും സാമൂഹികസാഹചര്യവുമൊന്നും നിങ്ങൾക്ക് സ്വീകാര്യമല്ലായിരിക്കാം. പക്ഷേ ഞങ്ങൾ ലക്ഷക്കണക്കിനാളുകൾ ഇവിടെ ജീവിക്കുന്നു. സാഹചര്യം അങ്ങേയറ്റം ഗുരുതരമാണെന്നും വൈറ്റ് ഹൗസിലിരുന്ന് ചിലയാളുകൾ വെനസ്വലയിൽ അതിക്രമിച്ചുകയറാൻ പദ്ധതിയിടുന്നതിന്റെ പ്രത്യാഘാതം പ്രവചനാതീതമായിരിക്കുമെന്നും അമേരിക്കൻ ജനതയെ ബോധ്യപ്പെടുത്താൻ വേണ്ടിയാണ് ഞാനിത് പറയുന്നത്. ഞങ്ങളുടെ രാജ്യത്തു മാത്രമല്ല അമേരിക്കൻ മേഖലയിലാകെ അത് നാശം വിതയ്ക്കും. പ്രശ്നം രമ്യമായി പരിഹരിക്കുന്നതിനുള്ള ചർച്ചകൾക്ക് ഞങ്ങൾ സന്നദ്ധരായിരുന്നു. ഉറുഗ്വായും മെക്സിക്കോയും അതിനെ പിന്തുണച്ചിരുന്നു. എന്നാൽ ആത്മാർത്ഥമായ ആ പരിശ്രമങ്ങളൊക്കെ നിരാകരിക്കുന്ന നിലപാടാണ് അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് സ്വീകരിച്ചത്.

കൂടിയാലോചനയുടെ മാർഗ്ഗമാണ് ശരിയെന്ന് ഞങ്ങൾക്കറിയാം. അതിനോട് വിമുഖത കാണിക്കുകയെന്നാൽ ബലപ്രയോഗത്തിന്റെ പാത തെരഞ്ഞെടുക്കുക എന്നാണർത്ഥം... വെനസ്വലയിലും ബൊളീവിയയിലുമൊക്കെ നിലനിൽക്കുന്ന ഭരണരൂപങ്ങളോട് പുലർത്തുന്ന രാഷ്ട്രീയമായ അസഹിഷ്ണുതയും, ഞങ്ങളുടെ എണ്ണയും ധാതുക്കളും മറ്റ് സമ്പത്തുമൊക്കെ കൈയടക്കാനുള്ള മോഹവും അമേരിക്കയുടെ നേതൃത്വത്തിലുള്ള ഒരു അന്തർദേശീയ സഖ്യത്തിന് ജന്മം നൽകിയിട്ടുണ്ട്. ഇല്ലാത്ത മാനുഷികപ്രതിസന്ധിയുടെ പേരുപറഞ്ഞ് വെനസ്വലയ്ക്കുമേൽ സൈനിക കടന്നാക്രമണം നടത്തുന്നതുപോലുള്ള സമനില തെറ്റിയ നീക്കങ്ങളാണ് അവർ നടത്തുന്നത്... കുറ്റകരമാംവിധം അടിച്ചേൽപ്പിച്ച ഒരു സാമ്പത്തിക-വാണിജ്യ ഉപരോധം സൃഷ്ടിച്ച സാമൂഹ്യമായ മുറിവുകൾ വെനസ്വലൻ ജനതയെ കുറച്ചൊന്നുമല്ല വേദനിപ്പിച്ചത്. ഞങ്ങളുടെ പണവും മറ്റുരാജ്യങ്ങളിലുള്ള സമ്പത്തുമൊക്കെ ഭ്രാന്തമായി കൈയടക്കിയതിലൂടെ ഇത് അങ്ങേയറ്റം അധികരിച്ചിരിക്കുന്നു...

ഐക്യരാഷ്ട്രസഭ മുന്നോട്ടുവച്ച മാനദണ്ഡങ്ങളെല്ലാം കൂസലെന്യേ ധിക്കരിച്ചുകൊണ്ടാണ് നാനാപ്രകാരത്തിലുള്ള ഈ അതിക്രമങ്ങളെല്ലാം നടത്തുന്നതെന്ന കാര്യം അമേരിക്കക്കാർ മനസ്സിലാക്കണം... വെനസ്വലൻ ജനതയുടെ പാവനമായ പരമാധികാരവും സ്വയം നിർണയാവകാശവുമൊന്നും മാനിക്കാത്ത വാഷിംഗ്ടണിലെ രാഷ്ട്രീയനേതൃത്വം സ്വന്തം രാജ്യത്തെ ജനങ്ങളെ ഈ അസംബന്ധ യുദ്ധത്തിൽ കുരുതികൊടുക്കുകയും ചെയ്യുന്നു... നിങ്ങളെപ്പോലെതന്നെ ഞങ്ങളും ദേശസ്നേഹികളാണ്. ജീവൻ കൊടുത്തും ഞങ്ങൾ നാടിനെ സംരക്ഷിക്കും... സ്വന്തം നേതാക്കൻമാരുടെ ഇരകളായിത്തീർന്നിരിക്കുന്ന നിങ്ങളുടെ മനസ്സാക്ഷിയോടുള്ള ഞങ്ങളുടെ അഭ്യർത്ഥന സമാധാനത്തിനായുള്ള ഞങ്ങളുടെ ആഹ്വാനം ചെവികൊള്ളണമെന്നതാണ്. യുദ്ധത്തിനും യുദ്ധവെറിക്കുമെതിരെ നമുക്ക് ഒറ്റക്കെട്ടായി നിലകൊള്ളാം. ■

## സഖാവ് എ.കെ.സുകുമാരന് ലാൽസലാം

**എസ്**‌യുസിഐ(സി) തൃപ്പൂണിത്തുറ ലോക്കൽ കമ്മിറ്റി മേഖലയിലെ കമ്പിവേലിക്കകം സെല്ലിലെ അംഗം സഖാവ് എ.കെ.സുകുമാരൻ(55) ഫെബ്രുവരി 24ന് കളമശ്ശേരി മെഡിക്കൽ കോളേജ് ആശുപത്രിയിൽവെച്ച് ഹൃദയസ്തംഭനത്തെ തുടർന്ന് അന്തരിച്ചു. ചെറുപ്പകാലം മുതൽ പാർട്ടി പ്രവർത്തനങ്ങളിൽ പങ്കെടുത്തുവന്ന സഖാവ് മികച്ച ഗായകനും ചിത്രകാരനുമായിരുന്നു. പാർട്ടിക്കുവേണ്ടി സഖാവ് തയ്യാറാക്കിയ പോസ്റ്ററുകളും ചുവരെഴുത്തുകളും ജനശ്രദ്ധ പിടിച്ചുപറ്റിയവയായിരുന്നു.

**സഖാവ് എ.കെ.സുകുമാരന് ലാൽസലാം**

# കർഷക ആത്മഹത്യ: കൊലക്കുറ്റത്തിന് കേസെടുക്കുക കർഷക പ്രതിരോധ സമിതി

**ജ**പ്തി നോട്ടീസ് അയച്ച് കർഷകരെ ആത്മഹത്യയിലേക്ക് തള്ളിവിട്ട ഉദ്യോഗസ്ഥർക്കെതിരെ കൊലക്കുറ്റത്തിന് കേസ് രജിസ്റ്റർ ചെയ്യണമെന്ന് സർക്കാരിനോട് കേരള സംസ്ഥാന കർഷക പ്രതിരോധ സമിതി ആവശ്യപ്പെട്ടു. ഇടുക്കിയിലും ഇതര ജില്ലകളിലും വർദ്ധിച്ചു വരുന്ന കർഷക ആത്മഹത്യയുടെ പശ്ചാത്തലത്തിൽ മാർച്ച് 2ന് എറണാകുളത്ത് അയ്യപ്പൻകാവ് സെന്ററിൽ നടന്ന സമിതി യോഗമാണ് ഈ ആവശ്യം മുന്നോട്ടുവച്ചത്. ഭരണ-പ്രതിപക്ഷ മുന്നണികളുടെ പ്രഖ്യാപനങ്ങൾക്കിടയിലും നമ്മുടെ നാട്ടിൽ കർഷക ആത്മഹത്യകൾ തുടർക്കഥകളാകുകയാണ്. മാറി മാറി വന്ന സർക്കാരുകളുടെ കോർപ്പറേറ്റ് അനുകൂല നയങ്ങളാണ്, കർഷകർക്ക് ഈ ദുർവിധി സമ്മാനിച്ചത്. നമ്മുടെ രാജ്യത്തെ ജനസംഖ്യയിൽ 70 ശതമാനത്തിൽ അധികം വരുന്ന കർഷകരുടെ ഉൾപ്പെടെ അധ്വാനംകൊണ്ട് പടുത്തുയർത്തപ്പെട്ട പൊതുമേഖല ബാങ്കുകളിലെ പണം മുഴുവൻ കോർപ്പറേറ്റുകൾക്ക് വായ്പ നൽകിയിട്ട് തിരിച്ചുപിടിക്കാതെ എഴുതി തള്ളുന്നു. പാവപ്പെട്ട കർഷകരുടെ ചെറിയ വായ്പകൾക്ക് കൊള്ളപ്പലിശ ഈടാക്കുന്നു. തിരിച്ചടക്കാൻ കഴിയാത്തവരെ ഭീഷണിപ്പെടുത്തി ആത്മഹത്യയിലേക്കുതള്ളി വിടുന്ന പ്രവണത ഏറിവരുകയാണെന്ന് യോഗം കുറ്റപ്പെടുത്തി.

സംസ്ഥാന പ്രസിഡന്റ് ജോർജ് മാത്യൂ കൊടുമൺ അധ്യക്ഷത വഹിച്ച യോഗത്തിൽ സെക്രട്ടറി എൻ.വിനോദ് കുമാർ, പി.സി.ജോളി, സണ്ണി ചെറിയാൻ, വി.കെ.സദാനന്ദൻ, മാത്യു തോമസ്, എസ്.രാജീവൻ, ബി.ഇമാമുദ്ദീൻ, പി.എം. ദിനേശൻ, ഫ്രാൻസിസ് കളത്തുങ്കൽ എന്നിവർ സംസാരിച്ചു. സർക്കാരിന്റെ കുറ്റകരമായ അനാസ്ഥയിൽ പ്രതിഷേധിച്ച് സംസ്ഥാന തലത്തിൽ സമരം ശക്തിപ്പെടുത്തുവാനും മാർച്ച് 8ന് തൊടുപുഴയിൽ കർഷക സംഗമം നടത്തുവാനും യോഗം തീരുമാനിച്ചു. ■



കർഷകരുടെ കടങ്ങൾ എഴുതിത്തള്ളുക, കർഷക ആത്മഹത്യ തടയുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് കർഷകപ്രതിരോധ സമിതിയുടെ ആഭിമുഖ്യത്തിൽ ചെറുതോണി യൂണിയൻ ബാങ്കിന് മുന്നിൽ നടത്തിയ പ്രതിഷേധ സംഗമം സംസ്ഥാന വൈസ് പ്രസിഡന്റ് സണ്ണി ചെറിയാൻ ഉദ്ഘാടനം ചെയ്യുന്നു.



വിദ്യാഭ്യാസവായ്പ സമ്പൂർണ്ണമായും സർക്കാർ ഏറ്റെടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഇന്ത്യൻ നഴ്സസ് പേരന്റ്സ് അസോസിയേഷന്റെയും ജപ്തി വിരുദ്ധ സമിതിയുടെയും സംയുക്ത ആഭിമുഖ്യത്തിൽ നടത്തിയ രാജ്ഭവൻ മാർച്ച്, ഐഎൻപിഎ സംസ്ഥാന പ്രസിഡന്റ് ഡോ.ഡി.സുരേന്ദ്രനാഥ് ഉദ്ഘാടനം ചെയ്യുന്നു. വൈസ് പ്രസിഡന്റ് നന്ദനൻ വലിയപറമ്പിൽ അധ്യക്ഷത വഹിച്ചു. സെക്രട്ടറി എസ്.മിനി പ്രസംഗിച്ചു.

# ഇന്നത്തെ ചൈന: സാമ്രാജ്യത്വ മേധാവിത്വത്തിന്റെ ലക്ഷണമൊത്ത ഉദാഹരണം

മഹാനായ തൊഴിലാളിവർഗ്ഗ നേതാവ് മാവോ സെ തുംഗിന്റെ നേതൃത്വത്തിൽ 1949ൽ സ്ഥാപിതമായ പീപ്പിൾസ് റിപ്പബ്ലിക് ഓഫ് ചൈനയിൽ നടന്ന പ്രതിവിപ്ലവം കഴിഞ്ഞ നൂറ്റാണ്ടിന്റെ അവസാനത്തോടെ അതിനെ ഒരു മുതലാളിത്ത രാജ്യമാക്കിത്തീർത്തു. അന്നുമുതൽ, മറ്റ് സാമ്രാജ്യത്വ രാജ്യങ്ങളെപ്പോലെ, ലോകത്തെ ദുർബ്ബല രാജ്യങ്ങളുടെമേൽ തങ്ങളുടെ സ്വാധീനശക്തി വ്യാപിപ്പിക്കാനുള്ള തീവ്ര പ്രവർത്തനങ്ങളും ചൈന ആരംഭിച്ചു. ചൈനയുടെ സാമ്രാജ്യത്വ ആധിപത്യ സ്വഭാവം സംശയാതീതമായി തെളിയിക്കുന്ന പ്രവർത്തനങ്ങളുടെ ചില ഉദാഹരണങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത്.

അതിഭീമമായ ചൈനീസ് വായ്പ തിരിച്ചടക്കുന്നതുമായി ബന്ധപ്പെട്ട് മൊമ്പാസ തുറമുഖവുമായി ബന്ധമുള്ള തന്ത്രപ്രധാനമായ സ്ഥലങ്ങൾ കെനിയയ്ക്ക് നഷ്ടപ്പെടാനുള്ള അപകട സാധ്യതയെക്കുറിച്ച് 'ആഫ്രിക്കൻ സ്റ്റാൻഡ്' പത്രം 2018 നവംബറിൽ റിപ്പോർട്ട് ചെയ്യുകയുണ്ടായി. അഞ്ച് വർഷത്തെ അധിക സമയത്തിന് ശേഷം ഏതാനും മാസങ്ങൾക്കുള്ളിൽ വായ്പ തിരിച്ചടവ് ആരംഭിക്കണമെന്നിരിക്കെ, ചൈന അതുമായി ബന്ധപ്പെട്ടുള്ള നടപടികൾ ആരംഭിക്കാൻ പോവുകയാണ്. ചൈനീസ് വായ്പ ഉപയാഗിച്ച് നിർമ്മിച്ചതും ചൈന പ്രവർത്തിപ്പിക്കുന്നതുമായ, കെനിയയിലെ സ്റ്റാൻഡേർഡ് ഗേജ് റെയിൽവേ വളരെയധികം നഷ്ടത്തിലോടുന്ന ഒരു സംരംഭമാണെന്ന് ഇവിടെ പറയേണ്ടിയിരിക്കുന്നു. തുറമുഖത്തുനിന്നുമുള്ള തീവണ്ടികൾ വഴി കൊണ്ടുപോകുന്ന ചരക്കുകൾ സ്വീകരിക്കുകയും കയറ്റി അയയ്ക്കുകയും ചെയ്യുന്ന നെയ്റോബിയിലെ ഇൻലാൻഡ് കണ്ടയ്നർ ഡിപ്പോയും അപകടത്തിലാണ്.

കെനിയൻ ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ട് അനുസരിച്ച്, കെനിയയ്ക്ക് വായ്പ നൽകിയ 'എക്സിം ബാങ്ക് ഓഫ് ചൈന'ക്ക് അനുകൂലമായ ഏകപക്ഷീയമായ വായ്പാവ്യവസ്ഥകളാണ് ഈ ആശങ്കയ്ക്ക് കാരണം. ഈ വായ്പ സംബന്ധിച്ച സമ്മതപത്രപ്രകാരം വായ്പയുമായി ബന്ധപ്പെട്ട തർക്കങ്ങൾ പരിഹിരിക്കാനുള്ള മധ്യസ്ഥ തീരുമാനം എടുക്കുന്നത് ചൈനയിലായിരിക്കും. ചൈന നിർമ്മിച്ച റെയിൽവേയ്ക്ക് ആവശ്യത്തിന് ചരക്ക് കെനിയ പോർട്ട് അതോറിറ്റി നൽകണമെന്നും വ്യവസ്ഥയുണ്ട്. അതിൽ പരാജയപ്പെട്ടാൽ വായ്പാ വ്യവസ്ഥകളിലെ നിർണ്ണായകമായ ഒരു ഉപാധിക്കെതിരെയുള്ള നടപടിയായി കണക്കാക്കപ്പെടും. കെനിയ പോർട്ട് അതോറിറ്റി, കടം വാങ്ങുന്നവരെന്ന നിലയിൽ വായ്പാ കരാറിൽ ഒപ്പുവച്ചിരിക്കുന്നത്, തങ്ങളുടെ ആസ്തികൾ ചൈനയുടെ പിടിയിലകപ്പെടാനുള്ള സാധ്യതകൾ തുറന്നുവച്ചുകൊണ്ടാണെന്നത് താഴെ കൊടുത്തിരിക്കുന്ന വായ്പാ വ്യവസ്ഥയിൽനിന്ന് മനസ്സിലാകും. "കെനിയ പോർട്ട് അതോറിറ്റിയുടെ ആസ്തിയിന്മേൽ വായ്പ നൽകിയവരുടെ നടപടിക്രമങ്ങൾക്ക് രാജ്യത്തിന്റെ പരമാധികാരത്തിന്റെ അടിസ്ഥാനത്തിലുള്ള സംരക്ഷണം ഉണ്ടാകില്ല. എന്തെന്നാൽ വായ്പാ കരാറിൽ ഒപ്പുവച്ചതോടെ ഗവൺമെന്റ് കെനിയൻ തുറമുഖ ആസ്തികളുടെ സംരക്ഷണാവകാശം ഉപേക്ഷിച്ചിരിക്കുകയാണ്".

സ്റ്റാൻഡേർഡ് ഗേജ് റെയിൽവേ ആവശ്യത്തിന് വരുമാനമുണ്ടാക്കി വായ്പ തിരിച്ചടച്ചില്ലെങ്കിൽ, ഏകപക്ഷീയമായ വ്യവസ്ഥകളുള്ള വായ്പാ കരാർ കാരണം, കെനിയ പോർട്ട് അതോറിറ്റിയുടെ മൊമ്പാസ തുറമുഖമുൾപ്പെടെയുള്ള ആസ്തി ചൈന പിടിച്ചെടുക്കാനുള്ള സാധ്യതയുണ്ടെന്ന് കഴിഞ്ഞമാസം പൂർത്തീകരിച്ച ഒരു ഓഡിറ്റ് സൂചിപ്പിക്കുന്നു. കെനിയ റെയിൽവേ കോർപ്പറേഷൻ അതിന്റെ നിയമപരമായ ബാദ്ധ്യതകളിൽ വീഴ്ചവരുത്തുകയും എസ്ക്രോ അക്കൗണ്ട് സെക്യൂരിറ്റിയിലുള്ള തങ്ങളുടെ അധികാരം പ്രയോഗിക്കാൻ 'എക്സിം ബാങ്ക് ഓഫ് ചൈന' തീരുമാനിക്കുകയും ചെയ്താൽ, ബാങ്ക്, കെനിയ പോർട്ട് അതോറിറ്റിയുടെ അധികാരിയായി മാറും. പ്രാഥമികമായി വ്യവഹാരത്തിലേർപ്പെടുന്ന രണ്ട് കക്ഷികൾക്കുവേണ്ടി മൂന്നാമത്തെ കക്ഷി പണം സ്വീകരിക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്ന കരാർ വ്യവസ്ഥയെ ആണ് എസ്ക്രോ അക്കൗണ്ട് എന്ന് പറയുന്നത്. ഇത് പ്രകാരം പണം വിതരണം ചെയ്യുന്നത് വ്യവഹാരത്തിലേർപ്പെടുന്ന കക്ഷികൾ തമ്മിൽ അംഗീകരിക്കുന്ന നിബന്ധനകൾക്കനുസരിച്ചായിരിക്കും. വായ്പാ വ്യവസ്ഥ അനുസരിച്ച് സ്റ്റാൻഡേർഡ് ഗേജ് റെയിൽവേയിൽനിന്നും ലഭിക്കുന്ന പണം, കെനിയ റെയിൽവേ കോർപ്പറേഷനും 'എക്സിം ബാങ്ക് ഓഫ് ചൈന'യ്ക്കും വേണ്ടി അജ്ഞാതനായ മൂന്നാമൻ നിയന്ത്രിക്കുന്ന എസ്ക്രോ അക്കൗണ്ടിൽ നിക്ഷേപിക്കണം.

അത്തരത്തിലുള്ള ഏറ്റെടുക്കൽ നടന്നാൽ ആയിരക്കണക്കിന് കെനിയൻ തുറമുഖത്തൊഴിലാളികൾ, പണം കടംകൊടുത്ത ചൈനയിലെ സ്ഥാപനത്തിന് കീഴിൽ ജോലിചെയ്യാൻ നിർബന്ധിതരായിത്തീരും. തുറമുഖം പിടിച്ചെടുക്കുന്നതോടെ അതിന്റെ മാനേജ്മെന്റും ഉടൻമാറും എന്നതുകൊണ്ടാണ് അങ്ങിനെ സംഭവിക്കുന്നത്. ചൈനക്കാർ അവരുടെ താൽപ്പര്യം സംരക്ഷിക്കാൻ സ്വാഭാവികമായും ശ്രമിക്കുമ്പോൾ അത് കെനിയൻ തൊഴിലാളികൾക്കെതിരാവാനുള്ള എല്ലാ സാദ്ധ്യതയുമുണ്ട്. ഇതിനുപുറമെ, സ്റ്റാൻഡേർഡ് ഗേജ് റെയിൽവേയുടെ രണ്ട് സെക്ഷനുകൾ നിർമ്മിക്കാനായി 500 ബില്ല്യൺ ഷില്ലിംഗ് നിക്ഷേപം നടത്താനായി തുറമുഖത്തിൽ നിന്നുള്ള വരുമാനമെല്ലാം നേരിട്ട് ചൈനയിലേയ്ക്ക് അയയ്ക്കുകയും ചെയ്യും.

കെനിയൻ സംഭവം ഒറ്റപ്പെട്ടതല്ല. 2017 ഡിസംബറിൽ, ബില്ല്യൺ കണക്കിന് വായ്പ തിരിച്ചടയ്ക്കാൻ കഴിയാത്തതിനാൽ ശ്രീലങ്കൻ ഗവൺമെന്റിന് തങ്ങളുടെ ഹമ്പാൻടോട്ട തുറമുഖം ചൈനയ്ക്ക് 99 വർഷത്തേയ്ക്ക് പാട്ടത്തിന് നൽകേണ്ടിവന്നു. ഇതിലൂടെ തങ്ങളുടെ പ്രതിയോഗിയായ ഇന്ത്യയുടെ തീരത്തുനിന്നും നൂറുകണക്കിന് മൈലുകൾ മാത്രം അകലെയുള്ള ഭൂപ്രദേശത്തിന്റെ നിയന്ത്രണം ചൈനയ്ക്ക് ലഭിച്ചിരിക്കുകയാണ്. നിർണ്ണായകമായ വ്യാപാര-സൈനിക ജലപാതയിലെ തന്ത്രപ്രധാനമായ പ്രദേശമാണിത്. ഇതിനുപുറമെ, 2018 സെപ്തംബറിൽ, വായ്പ തിരിച്ചടവ് മുടങ്ങിയതിനാൽ സാംബിയയ്ക്ക് കെന്നെത്ത് കൗണ്ട ഇന്റർനാഷണൽ എയർപോർട്ട് ചൈനയ്ക്ക് കൈമാറേണ്ടിവന്നു.

ചൈന എങ്ങിനെയാണ് ഇപ്പോൾ വായ്പകളും സാമ്പത്തിക സഹായങ്ങളും ഉപയോഗിച്ച് ദുർബല രാജ്യങ്ങളെ തങ്ങളുടെ അധീനതയിലാക്കുന്നത് എന്നതിന്റെ ഉദാഹരണങ്ങളാണ് ഇവയെല്ലാം. തങ്ങളുടെ അഭിലാഷങ്ങളുടെ പൂർത്തീകരണത്തിനായി ഈ രാജ്യങ്ങളെ ഭീഷണിപ്പെടുത്താൻപോലും ചൈന മടികാണിക്കുന്നില്ല. ■

# ആറൻമുളയിൽ കുടിയിരുത്തപ്പെട്ട കുടുംബങ്ങൾ അനിശ്ചിതകാല സമരത്തിൽ



ജയിംസ് കണ്ണിമല സമരപന്തൽ ഉദ്ഘാടനം ചെയ്യുന്നു

ആറന്മുളയിൽ വിമാനത്താവള പദ്ധതിയുടെ പേരിൽ നികത്തിയ സ്ഥലത്ത് കുടിൽകെട്ടി താമസിച്ചിരുന്നവർ മിച്ചഭൂമി സമരം ആരംഭിച്ചു. വിമാനത്താവള വിരുദ്ധ സമരത്തിന് ശക്തി പകരാനായി, സമരത്തിനു ശേഷം സ്ഥലം ലഭിക്കുമെന്ന സിപിഐഎമ്മിന്റെ പ്രലോഭനത്തിനു വഴങ്ങി ഇരുന്നൂറോളം കുടുംബങ്ങളാണ് ഇവിടെ കുടിൽകെട്ടി താമസിച്ചത്. എന്നാൽ വിമാനത്താവളത്തിനെതിരായ കോടതിവിധിയോടെ സമരം അവസാനിപ്പിച്ച പ്രമുഖ രാഷ്ട്രീയ കക്ഷികൾ കുടിൽകെട്ടി താമസിപ്പിച്ച സാധാരണക്കാരെ ഓർത്തില്ല. നികത്തിയ സ്ഥലത്ത് കൃഷിയും കൂലിപ്പണിയും ചെയ്ത് 8 വർഷത്തിലേറെയായി കഴിയുകയായിരുന്നു നിരവധി കുടുംബങ്ങൾ. ഓഗസ്റ്റ് മാസത്തിൽ ഉണ്ടായ പ്രളയത്തിൽ ഇവരുടെ കുടിലുകളും കൃഷിയും നഷ്ടപ്പെട്ടു. സാങ്കേതിക കാരണങ്ങൾ പറഞ്ഞ് സർക്കാർ ഇവർക്ക് ആനുകൂല്യങ്ങൾ നിഷേധിക്കുകയാണ്. തുടർന്നാണ് എസ്‌യുസിഐ(സി) ജില്ലാ സെക്രട്ടറി സഖാവ് എസ്.രാജീവന്റെ നിർദ്ദേശപ്രകാരം നിലവിലുള്ള 38 കുടുംബങ്ങൾ 'ആറന്മുള മിച്ചഭൂമി സമരസമിതി' എന്ന സംഘടന രൂപീകരിച്ച് സമരം ആരംഭിച്ചത്.

വാസയോഗ്യവും കൃഷിയോഗ്യവുമായ ഭൂമി അനുവദിക്കുക, അടിയന്തരമായി പ്രളയ ദുരിതാശ്വാസം നൽകുക എന്നീ ഡിമാന്റുകളാണ് സമരസമിതി മുന്നോട്ട് വയ്ക്കുന്നത്. പൊന്തൻപുഴ വന സംരക്ഷണ പട്ടയ സമരസമിതി കൺവീനർ ജയിംസ് കണ്ണിമല സമരപന്തൽ ഉദ്ഘാടനം ചെയ്തു. ആറന്മുള മിച്ചഭൂമി സമരസമിതി പ്രസിഡന്റ് രാമചന്ദ്രൻ അദ്ധ്യക്ഷത വഹിച്ചു. പൊന്തൻപുഴ സമരസമിതി സെക്രട്ടറി സന്തോഷ് പെരുമ്പെട്ടി, ചെങ്ങറ സമരസമിതി പ്രതിനിധി ബേബി ചെരുപ്പിട്ടകാവ്, പ്രൊഫ.ബിജി എബ്രഹാം, പശ്ചിമഘട്ട സംരക്ഷണ സമിതി നേതാക്കളായ സത്യൻ മാഷ്, പി.കെ.വിജയൻ, ബിജു.വി.ജേക്കബ്, എസ്‌യുസിഐ (സി) ജില്ലാ സെക്രട്ടറി എസ്.രാജീവൻ, കെ.ജി.അനിൽകുമാർ, എസ്.രാധാമണി, ബിനു ബേബി, സമരസമിതി സെക്രട്ടറി സി.ടിബിജു, അനീഷ്, രാജമ്മ തുടങ്ങിയവർ പ്രസംഗിച്ചു.



**മൂലമ്പിള്ളി പുനരധിവാസ പാക്കേജ് യാഥാർത്ഥ്യമാക്കാത്തതിനെതിരെ, കുടിയിറക്കലിന്റെ 11-ാം വാർഷികത്തോട് അനുബന്ധിച്ച് കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ എറണാകുളം മേനക ജംഗ്ഷനിൽ നടന്ന പ്രതിഷേധ കൂട്ടായ്മ ഹാഷിം ചേന്ദമ്പിള്ളി ഉദ്ഘാടനം ചെയ്യുന്നു. കോ-ഓർഡിനേഷൻ കമ്മിറ്റി ജനറൽ കൺവീനർ ഫ്രാൻസിസ് കളത്തുങ്കൽ അദ്ധ്യക്ഷത വഹിച്ചു.**




**എൻഎച് 17 ആക്ഷൻ കൗൺസിൽ തൃശൂർ ഉത്തരമേഖല സംഘടിപ്പിച്ച പ്രതിഷേധ ജാഥ സംസ്ഥാന ചെയർമാൻ ഇ.വി.മുഹമ്മദലി ഉദ്ഘാടനം ചെയ്യുന്നു. ആക്ഷൻ കൺസിൽ ജില്ലാ കൺവീനർ സി.കെ.ശിവദാസൻ ജാഥാ ക്യാപ്റ്റൻ വി.സിദ്ധിഖിന് പതാക കൈമാറി. യോഗത്തിൽ പ്രവാസി ആക്ഷൻ കൗൺസിൽ പ്രസിഡന്റ് കെ.കെ.ഹംസക്കുട്ടി അദ്ധ്യക്ഷത വഹിച്ചു.**

## വിലക്കയറ്റവും തൊഴിലില്ലായ്മയും സൃഷ്ടിക്കുന്ന മോദി സർക്കാരിന്റെ സാമ്പത്തിക നയങ്ങൾക്കും അഴിമതിക്കുമെതിരെ

# ജില്ലാ കേന്ദ്രങ്ങളിൽ പ്രതിഷേധ മാർച്ച്




തിരുവനന്തപുരം ജിപിഒയ്ക്ക് മുന്നിൽ നടന്ന പ്രതിഷേധ ധർണ്ണ സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം സഖാവ് ആർ.കുമാർ ഉദ്ഘാടനം ചെയ്യുന്നു

**വി**ലക്കയറ്റവും തൊഴിലില്ലായ്മയും സൃഷ്ടിക്കുന്ന മോദി സർക്കാരിന്റെ സാമ്പത്തിക നയങ്ങൾക്കും അഴിമതിക്കുമെതിരെ, എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന കമ്മിറ്റിയുടെ ആഹ്വാനപ്രകാരം ഫെബ്രുവരി 22ന്, ജില്ലാ കേന്ദ്രങ്ങളിലെ കേന്ദ്ര സർക്കാർ ഓഫീസുകളിലേക്ക് പാർട്ടി പ്രവർത്തകർ മാർച്ച് നടത്തി.

**തിരുവനന്തപുരം**

ഫെബ്രുവരി 22ന് തിരുവനന്തപുരം ജിപിഒക്ക് മുന്നിൽ നടന്ന ധർണ സംസ്ഥാന സെക്രട്ടേറിയറ്റംഗവും ജില്ലാ സെക്രട്ടറിയുമായ സഖാവ് ആർ.കുമാർ ഉദ്ഘാടനം ചെയ്തു. ജില്ലാ സെക്രട്ടേറിയറ്റംഗങ്ങളായ സഖാവ് ആർ.ബിജു, സഖാവ് എം.ഷാജർ ഖാൻ, ജില്ലാക്കമ്മിറ്റിയംഗം സഖാവ് എസ്.മിനി എന്നിവർ പ്രസംഗിച്ചു. ധർണക്ക് ശേഷം നടന്ന പ്രകടനം സെക്രട്ടേറിയറ്റിന് മുന്നിൽ സമാപിച്ചു.

**കൊല്ലം**

എസ്‌യുസിഐ(സി) ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ചിന്നക്കട ബിഎസ്എൻഎൽ ഓഫീസിലേക്ക് മാർച്ചും ധർണ്ണയും നടത്തി. ജില്ലാ കമ്മിറ്റിയംഗം സഖാവ് എസ്.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം എസ്‌യുസിഐ(സി) ജില്ലാ സെക്രട്ടറി സഖാവ് ഷൈല കെ.ജോൺ ഉദ്ഘാടനം ചെയ്തു.

ജില്ലാകമ്മിറ്റി അംഗം സഖാവ് ജി.ധ്രുവകുമാർ, എഐഡിവൈഒ ജില്ലാ കൺവീനർ സഖാവ് പി.പി.പ്രശാന്ത്കുമാർ, എഐഎംഎസ്എസ് ജില്ലാ സെക്രട്ടറി സഖാവ് ട്വിങ്കിൾ പ്രഭാകരൻ, എഐയുടിയുസി ജില്ലാ സെക്രട്ടറി സഖാവ് ബി.വിനോദ്, സഖാവ് കെ.ബദറുദീൻ തുടങ്ങിയവർ പ്രസംഗിച്ചു. ബോട്ടുജെട്ടിയിൽനിന്നും ആരംഭിച്ച പ്രകടനത്തിന് സഖാക്കൾ കെ.ശശാങ്കൻ, ബി.രാമചന്ദ്രൻ, എസ്.രാഘവൻ, കെ.മഹേഷ്, സുധിലാൽ, എൻ.വിജയകൃഷ്ണൻ, ആർ.രാഹുൽ തുടങ്ങിയവർ നേതൃത്വം നൽകി.

**പത്തനംതിട്ട**

എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടി ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ പത്തനംതിട്ട ഹെഡ് പോസ്റ്റ് ഓഫീസിന് മുന്നിൽ ധർണ്ണ സംഘടിപ്പിച്ചു. ജില്ലാ സെക്രട്ടറി സഖാവ് എസ്.രാജീവൻ പരിപാടി ഉദ്ഘാടനം ചെയ്തു. ജില്ലാകമ്മിറ്റിയംഗം സഖാവ് ബിനുബേബി അദ്ധ്യക്ഷത വഹിച്ചു. സഖാക്കൾ കെ.ജി.അനിൽകുമാർ, എസ്.രാധാമണി, ലക്ഷ്മി ആർ.ശേഖർ, എം.എൻ.സുകുമാരൻ, സനില ജോർജ്ജ്, അനിത ഷിനു, ശരണ്യ രാജ് എന്നിവർ പ്രസംഗിച്ചു.

(ശേഷം 15–ാം പേജിൽ)




കൊല്ലം ഹെഡ് പോസ്റ്റ് ഓഫീസ് മാർച്ച്




## ആശ വർക്കർമാരുടെ സെക്രട്ടേറിയറ്റ് മാർച്ച്

**നാ**ലുമാസത്തെ വേതനകുടിശ്ശിക അടിയന്തരമായി നൽകുക, വേതനം അതാത് മാസം തന്നെ കൃത്യമായി നൽകുക തുടങ്ങിയ ഡിമാന്റുകളുന്നയിച്ചുകൊണ്ട് ആശ വർക്കർമാർ, കേരള ആശ ഹെൽത്ത് വർക്കേഴ്സ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ സെക്രട്ടേറിയറ്റ് മാർച്ച് നടത്തി. സംസ്ഥാന സെക്രട്ടറി എസ്.മിനി ഉദ്ഘാടനം ചെയ്തു. സംസ്ഥാന പ്രസിഡന്റ് വി.കെ.സദാനന്ദന്റെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ ശ്രീമതി ഷൈല കെ.ജോൺ, എസ്.സുനിതകുമാരി, ട്വിങ്കിൾ പ്രഭാകരൻ, സുബി സുരേഷ്, എസ്.ബീന, ഉഷ ഉഴമലയ്ക്കൽ, എസ്.ബി.രാജി, ജി.ജയശ്രീ, ആർ.ഷീജ, ഐ.എസ്.അജിത, ഷീജ ഉഴമലയ്ക്കൽ, കെ.ഓമന, കെ.പ്രേമലത, വി.ജയ, ബി.ശോഭന, ശോഭന വിളപ്പിൽ, ജയറാണി മുക്കോല, ജാൻസിറാണി, ഗീത പാരിപ്പള്ളി, ബീന പുജപ്പുര, ദിലീന പത്തനാപുരം തുടങ്ങിയവർ പ്രസംഗിച്ചു. ■

## ഡോ. ഖാദർ കമ്മീഷൻ: പൊതുവിദ്യാഭ്യാസ വികേന്ദ്രീകരണം പൂർത്തിയാക്കാനുള്ള പദ്ധതി

**പൊ**തുവിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്താനുള്ള റിപ്പോർട്ട് എന്ന മട്ടിൽ ഡോ.എം.എ. ഖാദർ കമ്മീഷൻ സമർപ്പിച്ച നിർദ്ദേശങ്ങൾ, യഥാർത്ഥത്തിൽ ഘടനാപരമായ പൊളിച്ചെഴുത്തുകൾ പൂർത്തിയാക്കാനായി ലോകബാങ്കുമായി കേരള സർക്കാർ ഒപ്പുവെച്ച കരാറിന്റെ നടപ്പിലാക്കലാണെന്ന് സേവ് എജ്യൂക്കേഷൻ കമ്മിറ്റി സംസ്ഥാന സെക്രട്ടറി എം.ഷാജർഖാൻ പ്രസ്താവനയിൽ പറഞ്ഞു.

ഡിപിഇപിയിൽ തുടങ്ങിയ പരിഷ്കാരങ്ങൾ സെക്കണ്ടറി തലത്തിൽ നടപ്പാക്കാനായി ലോകബാങ്ക് ആവിഷ്കരിച്ച ആർഎംഎസ്എ(രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ) പദ്ധതിയ്ക്കിണങ്ങുന്ന വിധത്തിലാണ് എല്ലാ നിർദ്ദേശങ്ങളും വന്നിട്ടുള്ളത്. പ്ലസ് ടു ഘട്ടമായ ഹയർസെക്കണ്ടറിയെ ഹൈസ്കൂളിൽ ലയിപ്പിച്ച് 8,9,10,11,12 ക്ലാസ്സുകളെ ഏകീകരിച്ച് സെക്കണ്ടറി വിദ്യാഭ്യാസത്തിന്റെ ഭാഗമാക്കണമെന്ന നിർദ്ദേശം സെക്കണ്ടറി പരിഷ്കാരങ്ങൾക്കുള്ള ഫണ്ട് ഉപയോഗിക്കാനും കരിക്കുലവും സിലബസ്സും ഹയർസെക്കണ്ടറിയിൽ പുതിയ പാഠ്യപദ്ധതിയ്ക്കിണങ്ങുന്ന വിധത്തിൽ പൂർണ്ണമായി നടപ്പാക്കാനുമാണ്. നിലവിൽ ഹൈസ്കൂൾ വരെയുള്ള ഡിപിഇപി സമ്പ്രദായങ്ങളിൽനിന്ന് നേരിയ വ്യത്യാസം പുലർത്തുന്നത് പ്ലസ് ടു ഘട്ടത്തിൽ മാത്രമാണ്. പ്ലസ് ടു, ഹൈസ്കൂളിന്റെ ഭാഗമാകുന്നതോടെ സ്കൂൾ വിദ്യാഭ്യാസത്തെ തകർത്ത പാഠ്യപദ്ധതിയും ബോധനരീതികളും പൂർണ്ണരൂപത്തിൽ ഹയർസെക്കണ്ടറിയിലേയ്ക്ക് വ്യാപിക്കും.

അതിനോടൊപ്പം തന്നെ, ഘടനാപരമായ പരിഷ്കാരങ്ങളുടെ ഭാഗമായി പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്, ഹയർസെക്കണ്ടറി ഡയറക്ടറേറ്റ്, ഡിഇഒ, ഡിപിഐ, എഇഒ തുടങ്ങിയ എല്ലാ ഭരണസംവിധാനങ്ങളെയും ഇല്ലാതാക്കണമെന്ന പഴയ ഡിപിഇപിയുടെ ഭാഗമായി വന്ന ഭരണപരിഷ്കാരങ്ങൾ വ്യക്തമായി ഖാദർ കമ്മീഷൻ മുന്നോട്ടുവെച്ചിരിക്കുന്നു. പകരം, വികേന്ദ്രീകൃതമായി ജില്ലാതലത്തിൽ വരുന്ന ജോയിന്റ് ഡയറക്ടർ ഓഫ് സ്കൂൾ എജ്യൂക്കേഷനും ബ്ലോക്ക്, നഗരസഭ, മുനിസിപ്പാലിറ്റി, ഗ്രാമപഞ്ചായത്ത് തലങ്ങളിലെ നടത്തിപ്പ് സമിതികളുമാണ് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത്.

അതായത്, ഇനി മുതൽ പൊതുവിദ്യാഭ്യാസ നടത്തിപ്പിന്റെ സർവ്വ ചുമതലകളും പഞ്ചായത്തു തലത്തിലായിരിക്കുമെന്നർത്ഥം. സർവ്വ ശിക്ഷാ അഭിയാന്റെ ഭാഗമായി സർക്കാരുമായുണ്ടാക്കിയ കരാർ (World Bank Report No 27703, in March 23, 2004) വ്യവസ്ഥകളിൽപ്പറയുന്ന കാര്യങ്ങൾ എത്രയും വേഗം നടപ്പാക്കണമെന്നാണ് സർക്കാർ ആഗ്രഹിക്കുന്നത്.മുഖ്യമന്ത്രി പിണറായി വിജയൻ നിയമസഭയിൽ ഈ പരിഷ്കാരങ്ങൾ നടത്തുമെന്ന് പ്രഖ്യാപിക്കുകയും ചെയ്തിരിക്കുന്നു.

ലോകബാങ്ക്, ഡിപിഇപിയുടെയും എസ്എസ്എയുടെയും നടത്തിപ്പുമായി ബന്ധപ്പെട്ട് പ്രസിദ്ധപ്പെടുത്തിയ പുസ്തകത്തിൽ (Improving primary education in devloping countries, page 111) ആവശ്യപ്പെട്ടത് ഇങ്ങനെ: അദ്ധ്യാപകരുടെ ശമ്പള ഷെഡ്യൂളുകൾ സിവിൽ സർവ്വീസിലെ ഏകാത്മക സ്കെയിലിൽനിന്നും വേർപ്പെടുത്തണം. അത് സാധിക്കാത്ത രാജ്യങ്ങൾ, താങ്ങാവുന്ന ചെലവിൽ കുറഞ്ഞ വിദ്യാഭ്യാസ യോഗ്യതയുള്ള അദ്ധ്യാപകരെ നിയമിക്കണം. അങ്ങനെ പഞ്ചായത്ത് തലത്തിൽ അദ്ധ്യാപക നിയമനം ഉൾപ്പെടെയുള്ള ചുമതലകൾ നടത്തിയെടുക്കുവാനായി ലോകബാങ്കിന്റെ അനുശാസനങ്ങൾ ശിരസ്സാവഹിക്കുന്ന ഇടതുമുന്നണി പൊതുവിദ്യാഭ്യാസത്തിന് ശവക്കുഴിതോണ്ടുകയാണെന്ന് ഷാജർഖാൻ പറഞ്ഞു. ■

**STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT NEWSPAPER UNITY**

FORM IV (See Rule 8)

Place of Publication : Trivandrum
Periodicity of the Publication : Monthly
Printer's Name : V.Venugopal
Nationality : Indian
Address : TC12/1242, Trivandrum Pin 695 035
Printer's Name, Nationality, Address : ,,
Editor's Name, Nationality, Address : ,,
Name and address of individuals who own the Newspaper or shareholder holding more than one percent of the total capital : KERALA STATE COMMITTEE, SOCIALIST UNITY CENTRE OF INDIA(COMMUNIST)
I, V.Venugopal, hereby declare that the articulars given above are true to the best of my knowledge and belief

Sd/- V.Venugopal
Signature of Publisher

01. 03. 2019

# ജനാധിപത്യ സമരത്തിന്റെ സന്ദേശവുമായി ജില്ലാ കേന്ദ്രങ്ങളിൽ പ്രതിഷേധ മാർച്ച്

**ആലപ്പുഴ**

ആലപ്പുഴ ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഇരുമ്പുപാലം പോസ്റ്റോഫീസിലേക്ക് മാർച്ച് നടത്തി. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ആലപ്പുഴ ജില്ലാ സെക്രട്ടറി സഖാവ് എസ്.സീതിലാൽ മാർച്ച് ഉദ്ഘാടനം ചെയ്തു. സംസ്ഥാന കമ്മിറ്റിയംഗം സഖാവ് വർഗ്ഗീസ് എം.ജേക്കബ് അദ്ധ്യക്ഷത വഹിച്ചു. ജില്ലാ സെക്രട്ടേറിയറ്റംഗം സഖാവ് ആർ.പാർത്ഥസാരഥി വർമ്മ, ജില്ലാ കമ്മിറ്റിയംഗങ്ങളായ സഖാക്കൾ ടി.മുരളി, കെ.ആർ.ശശി(എഐയുടിയുസി), അഡ്വ.എം.എ.ബിന്ദു(എഐഎംഎസ്എസ്), കെ.ബിമൽജി(എഐഡിവൈഒ), അലീന എസ്(എഐഡിഎസ്ഒ) എന്നിവർ പ്രസംഗിച്ചു. കെഎസ്ആർടിസി ബസ്സ്റ്റാന്റിന് സമീപത്തുനിന്നാരംഭിച്ച പ്രകടനത്തിന് ജില്ലാ കമ്മിറ്റിയംഗങ്ങളായ സഖാക്കൾ കെ.ശിവൻകുട്ടി, എൻ.കെ.ശശികുമാർ, കെ.പി.മനോഹരൻ, പി.ആർ.സതീശൻ, ടി.കോശി, കെ.ആർ.ഓമനക്കുട്ടൻ, എൻ.ഉദയകുമാർ, എൻ.ആർ. അജയകുമാർ, പി.കെ.ശശി എന്നിവർ നേതൃത്വം നൽകി.




എറണാകുളം ടെലഫോൺ എക്സ്ചേഞ്ച് മാർച്ച് സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം സഖാവ് ടി.കെ.സുധീർകുമാർ ഉദ്ഘാടനം ചെയ്യുന്നു

**കോട്ടയം**

കോട്ടയം ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നടന്ന ഹെഡ് പോസ്റ്റ് ഓഫീസ് മാർച്ച് സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം സഖാവ് ജയ്സൺ ജോസഫ് ഉദ്ഘാടനം ചെയ്തു. സംസ്ഥാന കമ്മിറ്റി അംഗം സഖാവ് പി.എൻ.തങ്കച്ചൻ അദ്ധ്യക്ഷത വഹിച്ചു. സഖാക്കൾ മിനി കെ.ഫിലിപ്പ്, എൻ.കെ.ബിജു, അരവിന്ദ് വേണുഗോപാൽ, ആർ.ജതിൻ എന്നിവർ പ്രസംഗിച്ചു.

**ഇടുക്കി**

കട്ടപ്പന ഹെഡ് പോസ്റ്റ് ഓഫീസ് മാർച്ച് ഇടുക്കി ജില്ലാ സെക്രട്ടറി സഖാവ് എൻ.വിനോദ് കുമാർ ഉദ്ഘാടനം ചെയ്തു. കട്ടപ്പന ലോക്കൽ കമ്മിറ്റി സെക്രട്ടറി സഖാവ് എം.ബി. രാജശേഖരൻ അദ്ധ്യക്ഷത വഹിച്ചു. സഖാക്കൾ എം.എൻ. കെ.രാജേന്ദ്രൻ എന്നിവർ നേതൃത്വം നൽകി.

**തൃശ്ശൂർ**

സ്പീഡ് പോസ്റ്റ് ഓഫിസിലേക്ക് നടന്ന മാർച്ച് ജില്ലാ സെക്രട്ടറി ഡോ കൂർ പി.എസ്.ബാബു ഉദ്ഘാടനം ചെയ്തു. തൃശൂർ ടൗൺ ലോക്കൽ കമ്മറ്റി സെക്രട്ടറി എം.പ്രദീപൻ അദ്ധ്യക്ഷത വഹിച്ചു. ജില്ലാ കമ്മറ്റി അംഗങ്ങളായ സഖാക്കൾ എ.എം.സുരേഷ്, അഡ്വ.സുജ ആന്റണി തുടങ്ങിയവർ മാർച്ചിനെ അഭിസംബോധന ചെയ്തു. സഖാക്കൾ ശ്രീകുമാർ, ബെന്നി, ഒ.കെ.വത്സലൻ, സി.വി.പ്രേമരാജ്, സി.ആർ.ഉണ്ണികൃഷ്ണൻ, പി.എ.ജോഷ്വാ, സി.എസ്.കൃഷ്ണകുമാർ, പി.കെ.ഷിബു തുടങ്ങിയവർ നേതൃത്വം നൽകി.




ആലപ്പുഴ ടൗണിൽ നടന്ന പോസ്റ്റ് ഓഫീസ് മാർച്ച്

**എറണാകുളം**

എസ്‌യുസിഐ(സി) പാർട്ടി ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ എറണാകുളം ടെലഫോൺ എക്സ്ചേഞ്ചിലേയ്ക്ക് നടത്തിയ മാർച്ച് ജില്ലാ സെക്രട്ടറി സഖാവ് ടി.കെ.സുധീർകുമാർ ഉദ്ഘാടനം ചെയ്തു. ജില്ലാ സെക്രട്ടേറിയറ്റംഗം സഖാവ് പി.എം.ദിനേശൻ അദ്ധ്യക്ഷത വഹിച്ചു. ജില്ലാ കമ്മിറ്റിയംഗങ്ങളായ സഖാക്കൾ പി.പി.അഗസ്റ്റിൻ, എം.കെ.ഉഷ എന്നിവരും പ്രസംഗിച്ചു. മാർച്ചിന് ജില്ലാ കമ്മിറ്റി അംഗങ്ങളായ സഖാക്കൾ ഫ്രാൻസിസ് കളത്തുങ്കൽ, സി.കെ.ശിവദാസൻ, കെ.കെ.ശോഭ, ജോർജ് ജോസഫ്, കെ.സി.ജയൻ, കെ.ഒ.സുധീർ, കെ.ഒ.ഷാൻ, സി.എൻ.മുകുന്ദൻ, സി.കെ.തമ്പി, കെ.പി.സാൽവിൻ, സി.ബി.അശോകൻ, സി. അനിൽ, ടെസി ജോസഫ്, സി.എ. ഫെലിക്സ്, പി.റ്റി.വർഗീസ്, മാത്യു തോമസ് എന്നിവർ പ്രസംഗിച്ചു.




കണ്ണൂർ റെയിൽവേ സ്റ്റേഷന് മുന്നിൽ നടന്ന പ്രതിഷേധ ധർണ്ണ ഡോ.ഡി.സുരേന്ദ്രനാഥ് ഉദ്ഘാടനം ചെയ്യുന്നു




പത്തനംതിട്ട പോസ്റ്റ് ഓഫീസ് ധർണ്ണ ജില്ലാ സെക്രട്ടറി സഖാവ് എസ്.രാജീവൻ ഉദ്ഘാടനം ചെയ്യുന്നു

**പാലക്കാട്**

ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച ഹെഡ്പോസ്റ്റ് ഓഫീസ് മാർച്ച് ജില്ലാ സെക്രട്ടറി സഖാവ് കെ.അബ്ദുൾ അസീസ് ഉദ്ഘാടനം ചെയ്തു. ജില്ലാ കമ്മിറ്റി അംഗം സഖാവ് കെ.എം.ബീവി അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ സഖാക്കൾ കെ.പ്രദീപ്, കെരാമനാഥൻ എന്നിവർ പ്രസംഗിച്ചു.

**മലപ്പുറം**

ജില്ലാ ഓർഗനൈസിംഗ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ മലപ്പുറം ടൗണിൽ നടന്ന പ്രതിഷേധ ധർണ്ണ, അഖിലേന്ത്യാ മഹിളാ സാംസ്കാരിക സംഘടന സംസ്ഥാന സെക്രട്ടറി സഖാവ് കെ.എം.ബീവി ഉദ്ഘാടനം ചെയ്തു. എസ്‌യുസിഐ(സി) സംസ്ഥാന കമ്മിറ്റിയംഗം സഖാവ് അബ്ദുൾ അസീസ് മുഖ്യ പ്രഭാഷണം നടത്തി. സഖാക്കൾ എ.അബ്ദുനാസർ, പി.കെ.പ്രഭാഷ് എന്നിവർ പ്രസംഗിച്ചു.




കോട്ടയം ഹെഡ് പോസ്റ്റ് ഓഫീസ് മാർച്ച് സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം സഖാവ് ജയ്സൺ ജോസഫ് ഉദ്ഘാടനം ചെയ്യുന്നു




പാലക്കാട് ഹെഡ് പോസ്റ്റ് ഓഫീസ് മാർച്ച് ജില്ലാ സെക്രട്ടറി സഖാവ് അബ്ദുൾ അസീസ് ഉദ്ഘാടനം ചെയ്യുന്നു

**കോഴിക്കോട്**

എസ്‌യുസിഐ(സി) കോഴിക്കോട് ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ ഫെബ്രുവരി 22ന് മുതലക്കുളം മൈതാനിയിൽനിന്ന് ഹെഡ് പോസ്റ്റ് ഓഫീസിലേക്ക് പ്രതിഷേധമാർച്ചും ബഹുജന ധർണ്ണയും നടന്നു. ജില്ലാ സെക്രട്ടറി സഖാവ് എ.ശേഖർ ഉദ്ഘാടനം ചെയ്തു. സഖാവ് പി.എം.ശ്രീകുമാർ അദ്ധ്യക്ഷത വഹിച്ചു. ജില്ലാ കമ്മിറ്റി അംഗങ്ങളായ സഖാക്കൾ പി.കെ.തോമസ്, എം.കെ.രാജൻ, കെ.റഹീം, കെ.ഹരിദാസ്, ജ്യോതി പ്രകാശ്, ശ്രീനാഥ്, പോൾ ടി. സാമുവൽ തുടങ്ങിയവർ പ്രസംഗിച്ചു.

**വയനാട്**

സംസ്ഥാന വ്യാപകമായ നടന്ന സമരത്തിൻെറ ഭാഗമായി സുൽത്താൻ ബത്തേരി ഗാന്ധി ജംഗ്ഷനിൽ പ്രതിഷേധ ധർണ നടന്നു. എസ്‌യുസിഐ(സി) ജില്ലാ സെക്രട്ടറി സഖാവ് വി.കെ.സദാനന്ദൻ ഉദ്ഘാടനം ചെയ്തു. സഖാവ് പി.കെ.ഭഗത് അദ്ധ്യക്ഷത വഹിച്ചു. സഖാക്കൾ ടി.ജെ.ഡിക്സൺ, കെ.മധുസൂദനൻ, ദേവസ്യ പുറ്റനാൽ എന്നിവർ പ്രസംഗിച്ചു.

**കണ്ണൂർ**

കണ്ണൂർ റെയിൽവേ സ്റ്റേഷന് മുന്നിൽ നടത്തിയ പ്രതിഷേധ ധർണ ഡോ.ഡി.സുരേന്ദ്രനാഥ് ഉദ്ഘാടനം ചെയ്തു. പാർട്ടി ജില്ലാ സെക്രട്ടറി സഖാവ് കെ.കെ.സുരേന്ദ്രൻ അധ്യക്ഷത വഹിച്ചു. ജില്ലാ കമ്മിറ്റിയംഗങ്ങളായ സഖാക്കൾ അനൂപ് ജോൺ, അഡ്വ.പി.സി.വിവേക്, കണ്ണൂർ ടൗൺ ലോക്കൽ കമ്മിറ്റിയംഗങ്ങളായ സഖാക്കൾ ആർ.അപർണ, എം.കെ.ജയരാജൻ എന്നിവർ പ്രസംഗിച്ചു. ■




കട്ടപ്പന ഹെഡ് പോസ്റ്റ് ഓഫീസ് മാർച്ച് ഇടുക്കി ജില്ലാ സെക്രട്ടറി സഖാവ് എൻ.വിനോദ്കുമാർ ഉദ്ഘാടനം ചെയ്യുന്നു

Date of publishing 01/03/2019
REGISTERED. R.N. 24773/1992
P.R.No. KL/TV(N)/452/2018-20

UNITY MALAYALAM MONTHLY

March 2019
Vol.45 No.11
Price : Rs 10.00



## മഹാനായ കാൾ മാർക്സ് നീണാൾ വാഴട്ടെ

"സമൂഹത്തിലെ ഭൗതിക ഉൽപാദനശക്തികൾ അതിന്റെ വികാസത്തിന്റെ ഒരു നിശ്ചിത ഘട്ടത്തിൽ നിലവിലുള്ള ഉൽപാദന ബന്ധങ്ങളുമായി, വ്യവഹാര ഭാഷയിൽ പറഞ്ഞാൽ, നാളിതുവരെ പ്രവർത്തനക്ഷമമായിരുന്ന സ്വത്തുടമാ ബന്ധങ്ങളുമായി, സംഘർഷത്തിലാകുന്നു. ഉൽപാദന ശക്തികളുടെ വളർച്ചയുടെ സ്ഥാനത്ത് ഈ ബന്ധങ്ങൾ അതിന് ബന്ധനങ്ങളായി മാറുന്നു. അതോടെ സാമൂഹ്യവിപ്ലവത്തിന്റെ യുഗം ആരംഭിക്കുകയായി."

**(അർത്ഥശാസ്ത്ര വിമർശനത്തിന് ഒരു സംഭാവന)**



## മഹാനായ സ്റ്റാലിൻ നീണാൾ വാഴട്ടെ

"സോഷ്യൽ ഡെമോക്രാറ്റിക് പാർട്ടിയുടെ പാർലമെന്ററി സംവിധാനത്തിന്റെ ഒരു അനുബന്ധമായോ, ട്രേഡ് യൂണിയനുകളുടെ സ്വാഭാവികമായ ഒരു അനുബന്ധമായോ തൊഴിലാളിവർഗ്ഗ പാർട്ടി സ്വയം കരുതരുത്... നേരേമറിച്ച്, തൊഴിലാളിവർഗത്തിന്റെ ഏറ്റവും ഉയർന്ന രൂപത്തിലുള്ള വർഗ സംഘടനയായി വേണം കരുതാൻ. മറ്റെല്ലാ തൊഴിലാളിവർഗ സംഘടനകളെയും, അതായത് ട്രേഡ് യൂണിയനുകൾ മുതൽ പാർട്ടിയുടെ പാർലമെന്ററി ഗ്രൂപ്പുവരെയുള്ള സംഘടനകളെ നയിക്കുക എന്നതാണതിന്റെ ധർമ്മം."

**(ജർമ്മൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഭാവി സാദ്ധ്യതകളും ബോൾഷെവിക് വൽക്കരണവും)**



യുവാക്കളുടെ പാർലമെന്റ് മാർച്ചിനെ പ്രകാശ് രാജ് അഭിസംബോധന ചെയ്യുന്നു. എസ്‌യുസിഐ(സി) കേന്ദ്രകമ്മിറ്റിയംഗം സഖാവ് അരുൺ കുമാർ സിംഗ്, എഐഡിവൈഒ ജനറൽ സെക്രട്ടറി സഖാവ് പ്രതിഭാനായക്, പ്രസിഡന്റ് സഖാവ് രാമാഞ്ജനപ്പ, വൈസ് പ്രസിഡന്റ് സഖാവ് സുബൈർ റബ്ബാനി എന്നിവർ വേദിയിൽ

## മോദി സർക്കാരിന്റെ തൊഴിൽ വാഗ്ദാന ലംഘനത്തിനെതിരെ

# എഐഡിവൈഒയുടെ ആഭിമുഖ്യത്തിൽ യുവാക്കളുടെ പാർലമെന്റ് മാർച്ച്

**തൊ**ഴിൽ ആവശ്യപ്പെട്ടുകൊണ്ട് ആയിരക്കണക്കിന് യുവാക്കൾ ഫെബ്രുവരി 27ന് പാർലമെന്റിലേക്ക് മാർച്ച് ചെയ്തു. ജന്തർ മന്തറിൽ പോലീസ് മാർച്ച് തടഞ്ഞു. അവിടെ നടന്ന വമ്പിച്ച പ്രതിഷേധയോഗത്തിൽ പ്രസിദ്ധ സിനിമാതാരവും ആക്ടിവിസ്റ്റുമായ പ്രകാശ് രാജ്, ഡൽഹി യൂണിവേഴ്സിറ്റിയിലെ പ്രൊഫ.അപൂർവാനന്ദ്, എഐഡിവൈഒ ജനറൽ സെക്രട്ടറി സഖാവ് പ്രതിഭാനായക്, പ്രസിഡന്റ് സഖാവ് രാമാഞ്ജനപ്പ, വൈസ് പ്രസിഡന്റ് സഖാവ് സുബൈർ റബ്ബാനി, എസ്‌യുസിഐ(സി) കേന്ദ്രകമ്മിറ്റിയംഗം സഖാവ് അരുൺ കുമാർ സിംഗ് എന്നിവർ പ്രസംഗിച്ചു.

നോട്ടു നിരോധനം പോലുള്ള തെറ്റായ നയങ്ങൾ മൂലം നമ്മുടെ രാജ്യത്ത് ലക്ഷക്കണക്കിന് തൊഴിലുകൾ നഷ്ടമായെന്ന് പ്രകാശ് രാജ് പറഞ്ഞു. പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ യാതൊരു പദ്ധതിയുമില്ല. തൊഴിൽ രഹിതരുടെ എണ്ണം 40 കോടി കഴിഞ്ഞു. 2021 ഓടെ ഇത് ജനസംഖ്യയുടെ 64 ശതമാനമാകുമെന്നാണ് കരുതുന്നത്. ഗവൺമെന്റിന്റെ മുതലാളിത്താനുകൂല നയങ്ങളാണ് എല്ലാ കെടുതികൾക്കും കാരണം. പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമിക്കാത്ത അധികാരികൾ യുവാക്കളെ വഴിതെറ്റിച്ച് പ്രശ്നങ്ങളിൽ നിന്ന് ശ്രദ്ധതിരിക്കാനാണ് ശ്രമിക്കുന്നതെന്നും അദ്ദേഹം ആരോപിച്ചു.

ദിവസേന രണ്ടായിരത്തോളം കർഷകർ തൊഴിൽ രഹിതരായി മാറുന്നുവെന്ന് സഖാവ് രാമഞ്ജനപ്പ ചൂണ്ടിക്കാണിച്ചു. അനേകംപേർ ആത്മഹത്യ ചെയ്യുന്നു. ക്ഷേമ പദ്ധതികൾക്കുവേണ്ടി ചെലവഴിക്കുന്ന തുക തുടർച്ചയായി വെട്ടിക്കുറയ്ക്കുകയാണ്.

യുവാക്കളുടെ മുന്നിൽ രണ്ടു മാർഗ്ഗങ്ങളേയുള്ളു. ഒന്നുകിൽ എല്ലാം സഹിച്ച് അപമാനിതരായി കഴിഞ്ഞുകൂടാം. അല്ലെങ്കിൽ സാമൂഹ്യ മാറ്റത്തിനായുള്ള പോരാട്ടത്തിൽ അണിചേരാം. ഈ പോരാട്ടം വളർത്തിയെടുക്കാൻ നിരന്തര പരിശ്രമം നടത്തുകയാണ് എഐഡിവൈഒ എന്നും, പശുവിന്റെയും വർഗീയതയുടെയും മറ്റും പേരിൽ യുവാക്കളെ ഭിന്നിപ്പിക്കാനുള്ള ശ്രമങ്ങളെ ഫലപ്രദമായി ചെറുത്തുതോൽപ്പിക്കേണ്ടതുണ്ടെന്നും അദ്ദേഹം ആഹ്വാനം ചെയ്തു.

തൊഴിൽ നൽകാനല്ല, യുദ്ധം ചെയ്യാനാണ് ഭരണാധികാരികൾക്ക് താത്പര്യമെന്നും ഇതിന്റെ പിന്നിലുള്ള ഹീനലക്ഷ്യങ്ങൾ യുവാക്കൾ തിരിച്ചറിയണമെന്നും പ്രൊഫ. അപൂർവാനന്ദ് ഓർമിപ്പിച്ചു. സർക്കാർ സർവ്വീസിലുള്ള ഒഴിവുകൾ യുദ്ധകാലാടിസ്ഥാനത്തിൽ നികത്തുക, തൊഴിലിനുള്ള അവകാശം മൗലികാവകാശമാക്കുക, കരാർ തൊഴിലിനുപകരം സ്ഥിരം തൊഴിൽ ഏർപ്പെടുത്തുക, തൊഴിൽ ലഭിക്കുന്നതുവരെ മതിയായ തൊഴിലില്ലായ്മ വേതനം നൽകുക തുടങ്ങിയ ഡിമാന്റുകളടങ്ങിയ നിവേദനത്തിൽ രാജ്യവ്യാപകമായ ഒപ്പുശേഖരണം നടത്തി അധികാരികൾക്ക് സമർപ്പിച്ചതായി സഖാവ് പ്രതിഭാനായക് പറഞ്ഞു. ■

## വിദ്യാർത്ഥികളുടെ പാർലമെന്റ് മാർച്ച്

**വി**ദ്യാഭ്യാസത്തിന്റെ കേന്ദ്രീകരണത്തിനും വർഗ്ഗീയവൽക്കരണത്തിനും കച്ചവടവൽക്കരണത്തിനുമെതിരെ, എഐഡിഎസ്ഒ, എസ്എഫ്ഐ, എഐഎസ്എഫ്, എഐഎസ്ബി, പിഎസ്‌യു എന്നീ അഞ്ച് ഇടത് വിദ്യാർത്ഥി സംഘടനകളുടെ ആഹ്വാനപ്രകാരം ആയിരക്കണക്കിന് വിദ്യാർത്ഥികൾ, 2019 ഫെബ്രുവരി 18ന് പാർലമെന്റിലേക്ക് മാർച്ച് നടത്തി. രാംലീല മൈതാനിയിൽ നിന്ന് തുടങ്ങിയ മാർച്ച്, പാർലമെന്റ് സ്ട്രീറ്റിൽ സമാപിച്ചു. കനയ്യ കുമാർ ഉൾപ്പടെ അഞ്ചു വിദ്യാർത്ഥി സംഘടനകളുടെയും നേതാക്കൾ വേദിയിൽ സന്നിഹിതരായിരുന്നു. ജനറൽ സെക്രട്ടറി സഖാവ് അശോക് മിശ്ര, അഖിലേന്ത്യാ വൈസ് പ്രസിഡന്റ് സഖാവ് മുകേഷ് സെംവാൾ, ഡൽഹി സംസ്ഥാന സെക്രട്ടറി സഖാവ് ശ്രേയാ സിംഗ് എന്നിവർ എഐഡിഎസ്ഒയെ പ്രതിനിധീകരിച്ച് യോഗത്തിൽ സംസാരിച്ചു. ■



ഇടത് വിദ്യാർത്ഥി സംഘടനകളുടെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 18ന് നടന്ന പാർലമെന്റ് മാർച്ച്

## പാർലമെന്റിലേക്ക് ജനകീയ മാർച്ച്

**വി**ദ്യാഭ്യാസ പ്രക്ഷോഭണത്തിനായുള്ള സംയുക്ത വേദിയുടെ(ജോയിന്റ് ഫോറം ഫോർ മൂവ്മെന്റ് ഓൺ എഡ്യുക്കേഷൻ) ആഭിമുഖ്യത്തിൽ, 2019 ഫെബ്രുവരി 19ന് പാർലമെന്റിലേക്ക് ജനകീയ മാർച്ച് നടത്തി.

മാണ്ഡി ഹൗസിൽ നിന്നും പാർലമെന്റ് സ്ട്രീറ്റിലേക്ക് നടത്തിയ മാർച്ചിൽ, ആയിരക്കണക്കിന് വിദ്യാർത്ഥികളും അദ്ധ്യാപകരും ജീവനക്കാരും വിദ്യാഭ്യാസ പ്രവർത്തകരും പങ്കെടുത്തു. വിദ്യാഭ്യാസത്തിന്റെ കേന്ദ്രീകരണത്തിനും വർഗ്ഗീയവൽക്കരണത്തിനും കച്ചവടവൽക്കരണത്തിനും എതിരെയായിരുന്നു മാർച്ച്.

എസ്‌യുസിഐ(സി) ഡൽഹി സംസ്ഥാന സെക്രട്ടറി സഖാവ് പ്രാൺ ശർമ്മ, ആൾ ഇന്ത്യ സേവ് എഡ്യുക്കേഷൻ കമ്മിറ്റി ഡൽഹി ചാപ്ടർ പ്രസിഡന്റ് പ്രൊഫ. നരേന്ദ്ര ശർമ്മ, എഐഡിഎസ്ഒ ജനറൽ സെക്രട്ടറി സഖാവ് അശോക് മിശ്ര എന്നിവർ മറ്റുള്ളവരോടൊപ്പം യോഗത്തിൽ പ്രസംഗിച്ചു. ■




Edited, Printed & Published by V.Venugopal, SUCI(C) Office, T.C. 12/1242, Law College Jn, Kunnukuzhy, Trivandrum - 695 035. *Ph:* 0471-2307151;
*E-mail:* unitymagazine@gmail.com; *Website:* **www.kerala.sucicommunist.org** on behalf of Kerala State Committee, SUCI(C). Printed at Cochin Printech Pvt Ltd, Kochi.